# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂൺ 2022 | വാല്യം 49 ലക്കം 3 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 10.00 രൂപ


# കടക്കെണിയിലകപ്പെട്ട കേരളം




**കേരളസർക്കാരിന്റെ സാമ്പത്തികസ്ഥിതി അതീവഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണെന്ന് 2020 - 2021ലെ സിഎജി റിപ്പോർട്ട് ചൂണ്ടിക്കാട്ടുകയുണ്ടായി. പൊതുകടം വർഷംതോറും ഞെട്ടലുളവാക്കും വിധം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 2014 - 15 സാമ്പത്തികവർഷത്തിലെ പൊതുകടം 1,41,947 കോടിയായിരുന്നത് 2020 - 2021ൽ 3,02,620 കോടിയായി വർദ്ധിച്ചു. ഒരു വർഷം പിന്നിട്ട് ഇപ്പോൾ അത് ഏതാണ്ട് 3.2 ലക്ഷം കോടിയായിരിക്കുന്നു. അതായത് വെറും ആറ് വർഷത്തിനുള്ളിൽ കേരളത്തിന്റെ പൊതുകടം 144 ശതമാനമായി ഉയർന്നിരിക്കുന്നു.**

2020-2021ൽ സംസ്ഥാനത്തിന്റെ പൊതുകടം ആകെ ആഭ്യന്തരഉൽപ്പാദനത്തിന്റെ 40 ശതമാനമായി ഉയർന്നതായി സിഎജി വ്യകതമാക്കി. ഇത് അനുവദനീയമായ അനുപാതത്തിൽ നിന്നും 33 ശതമാനം അധികമാണ്. വാങ്ങിച്ചുകൂട്ടുന്ന ഭീമമായ ഈ വായ്പാതുക ഉൽപ്പാദനക്ഷമമല്ലാത്ത രംഗങ്ങളിലേക്ക് ഒഴുകുന്നുവെന്നതിനാൽ ആഭ്യന്തരഉൽപ്പാദനമാകട്ടെ വർദ്ധിക്കുന്നുമില്ല. കടം വാങ്ങിയേ പലിശപോലും അടയ്ക്കാൻ കഴിയൂ എന്ന ദുസ്ഥിതിയിൽ വീണ്ടും വായ്പ വാങ്ങിക്കൂട്ടും. ഇവയെല്ലാം ചേർന്ന് ജിഡിപി-വായ്പാ അനുപാതം വീണ്ടും വർദ്ധിപ്പിക്കും. 2020 ൽ ജിഡിപി-വായ്പാ അനുപാതം 100 ശതമാനം കടന്നപ്പോൾ, തകർച്ച പൂർണ്ണമായ ശ്രീലങ്കയുടെ ഭയപ്പെടുത്തുന്ന ഉദാഹരണം കേരളത്തെ കാത്തിരിക്കുന്ന വലിയ വിപത്തിന്റെ സൂചനയാണ്. സംസ്ഥാനം അപരിഹാര്യമായ സാമ്പത്തിക പ്രതിസന്ധിയിലേക്കു നീങ്ങുകയാണെന്നതിന്റെ സൂചനകളാണ് കഴിഞ്ഞ മൂന്നുനാലു മാസമായി കണ്ടുകൊണ്ടിരിക്കുന്നത്.

2022 മേയ് മാസത്തിൽ സംസ്ഥാനം കഠിനമായ ഒരു പ്രതിസന്ധിയെ നേരിട്ടതായി സർക്കാരിന് സമ്മതിക്കേണ്ടിവന്നു. സംസ്ഥാനം ആവശ്യപ്പെട്ട തുക കടമെടുക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകാതിരുന്നതാണ് കേരളത്തെപ്രതിസന്ധിയിലാക്കിയത്. 4000 കോടി രൂപ കടമെടുക്കാൻ സംസ്ഥാനം അനുമതി ചോദിച്ചപ്പോൾ നേരത്തെയുള്ള കടത്തിന്റെ കണക്കുകൾവെച്ച് കേന്ദ്രം കടമെടുപ്പിനെ ചോദ്യം ചെയ്തു. സംസ്ഥാനമെടുത്ത വായ്പകളുടെ കണക്കുകളിൽ പൊരുത്തക്കേടുണ്ടെന്നായിരുന്നു കേന്ദ്രത്തിന്റെ കണ്ടെത്തൽ. കിഫ്ബി ഉൾപ്പടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾവഴി എടുത്തിട്ടുള്ള കടവും സംസ്ഥാനസർക്കാരിന്റെ മൊത്തം കടത്തിന്റെ ഭാഗമായിത്തന്നെ കാണണമെന്നാണ് കേന്ദ്രം പറഞ്ഞത്. ഇത് അംഗീകരിക്കാനാകില്ല എന്നാണ് സംസ്ഥാന നിലപാട്. നിലവിൽത്തന്നെ 25 ലക്ഷം രൂപയ്ക്കു മേലുള്ള ബില്ലുകൾ മാറാൻ ട്രഷറി നിയന്ത്രണമുള്ള സംസ്ഥാനത്ത് കടമെടുക്കാൻ അനുവാദം ലഭിക്കാതെ വന്നപ്പോൾ ജീവനക്കാർക്ക് ശമ്പളം കൊടുക്കാനാകാത്ത തരത്തിൽ പ്രതിസന്ധി രൂക്ഷമാകും എന്ന സ്ഥിതിയിലെത്തി. അന്ന് 4000 കോടി രൂപ

(ശേഷം 2-ാം പേജിൽ)

## സിൽവർ ലൈൻ പദ്ധതിക്കെതിരെ 'അഭയാർത്ഥി പലായനം'



കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി കോഴിക്കോട് ജില്ലാക്കമ്മിറ്റിയുടെ നേതൃത്വത്തിൽ മെയ് 26ന് കളക്ട്രേറ്റിലേയ്ക്ക് നടത്തിയ 'അഭയാർത്ഥി പലായന'ത്തെ പ്രശസ്ത എഴുത്തുകാരൻ കൽപ്പറ്റ നാരായണൻ അഭിസംബോധന ചെയ്യുന്നു. (വാർത്ത 14-ാം പേജിൽ)

# വർദ്ധിച്ചുവരുന്ന വർഗീയ സംഘർഷങ്ങൾക്ക് പിന്നിൽ ആർഎസ്എസ് - ബിജെപി കുതന്ത്രങ്ങൾ



**വർഗീയ സംഘർഷങ്ങൾ വർദ്ധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാം ആർഎസ്എസ് - ബിജെപി തെരഞ്ഞെടുപ്പ് കരുനീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു എന്ന്. മനഃപ്പൂർവ്വം പ്രകോപനം സൃഷ്ടിക്കുക, മത ന്യൂനപക്ഷങ്ങൾക്കെതിരായ വിദ്വേഷ പ്രചാരണത്തിന് ആക്കം വർദ്ധിപ്പിക്കുക, ഹിന്ദുത്വ വികാരം ജ്വലിപ്പിക്കുക, ന്യൂനപക്ഷ വിഭാഗങ്ങൾ ഹിന്ദുമതത്തെ അപകീർത്തിപ്പെടുത്തുന്നു എന്ന് ചിത്രീകരിക്കാൻ പുതിയ സാദ്ധ്യതകൾ കണ്ടെത്തുക തുടങ്ങിയ മാർഗങ്ങളൊക്കെ ഇതിനായി അവർ അവലംബിക്കുന്നു.**

നൂറ്റാണ്ടുകളായി സൗഹാർദ്ദത്തോടെ കഴിയുന്ന ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കുമിടയിൽ ഭിന്നിപ്പും അവിശ്വാസവും തെറ്റിദ്ധാരണകളും വളർത്തുന്നത് വോട്ടുനേടുന്നതിനാണ്. ഹിന്ദുത്വം എന്ന പേരിൽ ഹിന്ദു വർഗീയ ഭ്രാന്താണ് ഇവർ പടർത്തുന്നത്. ജനങ്ങൾ ദുരിതങ്ങൾക്കുനടുവിലാണ്. തെരഞ്ഞെടുപ്പിൽ ഈ നീറുന്ന പ്രശ്നങ്ങൾ ഒഴിവാക്കി കൃത്രിമ പ്രശ്നങ്ങൾ ചർച്ചയ്ക്കെടുക്കണം. മതപരമായ സ്പർദ്ധ വളർത്തി ജനങ്ങളെ ഭിന്നിപ്പിക്കണം. അതോടൊപ്പം മാദ്ധ്യമങ്ങളെ വരുതിയിലാക്കുകയും ഭരണസംവിധാനത്തെ പക്ഷപാതപരമായി പ്രവർത്തിപ്പിക്കുകയും വാടക ഗുണ്ടകളെ അണിനിരത്തുകയും വേണം. അച്ഛേദിൻ അഥവാ നല്ല നാളുകൾ പോലുള്ള കപടമുദ്രാവാക്യങ്ങളുടെ മറപറ്റി ഹിന്ദുത്വ വായ്ത്താരികൾ അരങ്ങുകൊഴുപ്പിക്കും. മുസ്ലീങ്ങൾക്കെതിരായ വെറുപ്പും വിദ്വേഷവും ഭീതിയും ഹിന്ദുക്കളിൽ വളർത്തിയെടുത്ത് 'ഭിന്നിപ്പിച്ച് ഭരിക്കുക' എന്ന വിനാശപാതയിലൂടെ മുന്നേറുക എന്ന ലക്ഷ്യംവച്ചുള്ളതാണ് ഈ ശബ്ദകോലാഹലങ്ങളെല്ലാം.

### വർഗീയമായി ഭിന്നിപ്പിക്കാനുള്ള പദ്ധതി

വർഗീയ സംഘർഷങ്ങൾ ഒരു ഗൂഢാലോചനയുടെ സൃഷ്ടിയാണ്. പ്രാദേശികമായുണ്ടാകുന്ന പ്രശ്നങ്ങളെപ്പോലും ഊതിപ്പെരുപ്പിച്ച് മുസ്ലീങ്ങളെക്കുറിച്ച്, ചിലപ്പോൾ ക്രിസ്ത്യാനികളെക്കുറിച്ചും, സംശയവും രോഷവും ആളിക്കത്തിക്കുന്നു. ആർഎസ്എസും ബിജെപിയും ചെറുതും വലുതുമായ ഒരുപറ്റം സംഘപരിവാർ സംഘടനകളും ഈ ഹീനപദ്ധതിയിൽ പങ്കാളികളാണ്. ഇതിനായി ചില സ്ഥിരം സമ്പ്രദായങ്ങൾതന്നെയുണ്ട്. ആരാധനാലയങ്ങളുടെയോ ശ്മശാനങ്ങളുടെയോ ഭൂമി സംബന്ധിച്ച തർക്കം, പള്ളിയിലെ ഉച്ചഭാഷിണിയെച്ചൊല്ലിയുള്ള വഴക്ക്, മതപരമായ ഘോഷയാത്രയുടെയുംമറ്റും നേരെയുണ്ടാകുന്ന കല്ലേറ്, ലൗ ജിഹാദ് ആരോപണം, നിർബന്ധിത മതപരിവർത്തനമെന്ന പരാതി, പശുവിനെച്ചൊല്ലിയുള്ള അക്രമങ്ങൾ തുടങ്ങിയവയൊക്കെ സ്ഥിരമായി ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വർഗീയ സ്പർദ്ധ വളർത്താനായി ഏതുവിഷയത്തെയും ഉപയോഗപ്പെടുത്തുകയാണ് സംഘപരിവാർ. ഊഹാപോഹങ്ങളും കെട്ടുകഥകളും ഊതിപ്പെരുപ്പിച്ച നിസ്സാര കാര്യങ്ങളുമൊക്കെ ഹീനമാംവിധം ഉപയോഗപ്പെടുത്തുന്നു. സംഘപരിവാറിന്റെ ഐടി വിദഗ്ധരും അവരോട് വിധേയത്വം പുലർത്തുന്ന മാദ്ധ്യമങ്ങളും ഈ ഹീനപദ്ധതിയിൽ കണ്ണികളാണ്. സോഷ്യൽമീഡിയ ഇവരുടെ കള്ളക്കഥകൾ രാജ്യമെമ്പാടും എത്തിക്കുന്നു. കുടുംബ സദസ്സുകളിലേക്കും കിടപ്പറകളിലേക്കുംവരെ നിറംപിടിപ്പിച്ച കഥകളെത്തുന്നു. ഹിന്ദുത്വ മുദ്രാവാക്യവും ഹിന്ദുരാഷ്ട്ര വാദവുമൊക്കെ ഏറ്റുവിളിക്കാൻ ചെറുപ്പക്കാർപോലും മുന്നോട്ടുവരുന്നു. മുസ്ലീങ്ങളെ വച്ചുപൊറുപ്പിക്കില്ലെന്ന തരത്തിലുള്ള വളരെ വികലമായ ഒരു ചിന്താഗ

(ശേഷം 8-ാം പേജിൽ)


3 സിൽവർലൈൻ പിൻവലിച്ച് സർക്കാർ മാപ്പുപറയണം
4 തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് ഫലം
6 സർക്കാർ ജീവനക്കാരെ കാത്തിരിക്കുന്നതെന്ത്?
11 വിപൽക്കരമായ ദേശീയ വിദ്യാഭ്യാസനയം

# കുറ്റകരവും നിരുത്തരവാദപരവുമായ ധനവിനിയോഗം സാമ്പത്തിക തകർച്ച സൃഷ്ടിച്ചു

(1–ാം പേജിൽ നിന്ന്)

യുടെ വായ്പ ലഭ്യമായതുകൊണ്ടുണ്ടായ ആശ്വാസം തീർത്തും താൽക്കാലികം മാത്രമാണ്. ഇത്രയും ആപൽക്കരമായ സ്ഥിതിയിലേക്ക് സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം തകർന്നതെങ്ങിനെയാണ്? ആരാണ് ഇതിന് ഉത്തരവാദികൾ?

## കേരളം കടക്കെണിയിലകപ്പെട്ടതെങ്ങിനെ?

1960കൾവരെ ഒരു രൂപയുടെ പോലും ബാധ്യതയില്ലാതിരുന്ന കേരളത്തിന്റെ ഖജനാവ് കടക്കെണിയിലകപ്പെട്ടതെങ്ങിനെ? ട്രഷറിയുടെ സൂക്ഷിപ്പുകാരായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ഇടതു-വലതു സർക്കാരുകൾ മാത്രമാണ് ഈ സാഹചര്യത്തിന് ഉത്തരവാദികൾ. കുറ്റകരവും നിരുത്തരവാദപരവുമായ ധനവിനിയോഗത്തിലൂടെ ജനങ്ങളുടെ പണം നാനാമാർഗ്ഗങ്ങളിൽ ഒഴുക്കപ്പെട്ടു. ഭരണതലത്തിലെ അഴിമതിയിലൂടെയും വെട്ടിപ്പുകളിലൂടെയും കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളിലൂടെ സംസ്ഥാനഖജനാവിൽ നിന്ന് കവർന്നെടുത്ത തുക ഇപ്പോഴുണ്ടായിട്ടുള്ള പൊതുകടത്തേക്കാൾ ഒട്ടും കുറവാകാൻ സാധ്യതയില്ല. ആർഭാടങ്ങൾക്കും ആഘോഷങ്ങൾക്കുംവേണ്ടി ഒരു മനഃസ്സാക്ഷിക്കുത്തുമില്ലാതെ ധൂർത്തടിച്ചത് എത്രയോ കോടികൾ. കോവിഡ് മഹാമാരിയുടെ കാലത്ത് രാപകൽ പണിയെടുത്ത ആശമാർക്ക് പരമതുച്ഛമായ ഓണറേറിയം നൽകാത്ത സർക്കാർ, ലോകകേരളസഭയ്ക്കുവേണ്ടി 3കോടി നീക്കിവയ്ക്കുന്നതുപോലുള്ള നൂറുകണക്കിന് ധൂർത്തുകൾ അനസ്യൂതം തുടരുകയാണ്. ഒരു ദീർഘവീക്ഷണവുമില്ലാതെ തുടങ്ങി ആയിരക്കണക്കിന് കോടികൾ ചെലവഴിച്ച് പാതിവഴിയിൽ ഉപേക്ഷിച്ച പദ്ധതികളെത്ര? കല്ലട ഇറിഗേഷൻ പദ്ധതി പോലുള്ളവ.

സർക്കാർ വിലാസം കോർപ്പറേഷനുകളും എണ്ണമറ്റ സ്ഥാപനങ്ങളും രൂപീകരിച്ച് സ്വന്തക്കാരെ ഉയർന്ന ശമ്പളത്തോടെയും എണ്ണമറ്റ സൗഭാഗ്യങ്ങളോടെയും നിയമനം നൽകി പൊടിച്ചുതീർത്തത് എത്രകോടികൾ. പതിനായിരക്കണക്കിന് ഹെക്ടർ സർക്കാർ ഭൂമി രാഷ്ട്രീയമേലാളന്മാരും വൻകിട ധനികരും പങ്കിട്ടെടുത്തു. പാട്ടത്തിനെടുത്ത ആയിരക്കണക്കിന് ഏക്കർ റവന്യൂ -വനഭൂമി തോട്ടം മുതലാളിമാർ ഒരു രൂപ പാട്ടം പോലും നൽകാതെ കൈവശപ്പെടുത്തി. സർക്കാരിന്റെ വിലപ്പെട്ട സ്വത്തുവകകൾ അന്യാധീനപ്പെട്ടു. വിധേയന്മാരും ദാസന്മാരുമായ പോലീസ് പ്രമാണിമാർക്കും ഉദ്യോഗപ്രഭുക്കൾക്കും ഉയർന്ന പദവികളും ലാവണങ്ങളും യഥേഷ്ടം സൃഷ്ടിച്ചുനൽകി കുടിയിരുത്തി. സർക്കാർ ജീവനക്കാരുടെ പെരുപ്പിച്ചുകാണിക്കപ്പെടുന്ന ശമ്പളത്തിന്റെ കണക്കിലെ വലിയൊരു വിഹിതവും ഇത്തരക്കാർക്കു നൽകുന്ന ഭീമമായ ആനുകൂല്യങ്ങളുടെ തുകയാണ്. എങ്കിലും പ്രൈമറി സ്കൂൾ അദ്ധ്യാപകർക്കും സർക്കാർ ആശുപത്രിയിലെ നേഴ്സുമാരും കനത്ത ശമ്പളംവാങ്ങി സർക്കാർ ഖജനാവിനെ മുടിപ്പിക്കുന്നുവെന്നാണ് പ്രചാരണം. സ്വന്തം കക്ഷിയിലെ അനുചരന്മാർക്ക് മന്ത്രിപ്പടയിൽ സ്ഥാനംനൽകി, നാട്ടുകാരന്റെ ചെലവിൽ തീറ്റിപ്പോറ്റുന്നതുവഴി ചെലവഴിക്കുന്നത് എത്രകോടികൾ. സ്വകാര്യആവശ്യങ്ങൾക്കായി സർക്കാർവാഹനങ്ങൾ ഓടിത്തീർക്കുന്ന ഇന്ധനത്തിനും മെയ്ന്റനൻസിനുമായി മുടിച്ചുതീർക്കുന്ന കോടികൾ എത്ര? ജനങ്ങളുടെ നികുതിപ്പണം കൈകാര്യം ചെയ്യുമ്പോൾ കർശനമായി പാലിക്കപ്പെടേണ്ട സാമൂഹ്യപ്രതിബദ്ധതയും ജാഗ്രതയും അവധാനതയും തരിമ്പും പ്രദർശിപ്പിക്കാതെ, ഈ സംസ്ഥാനം പിറവികൊണ്ടതിനുശേഷം ഇന്നോളം യഥേഷ്ടം നടത്തിയിട്ടുള്ള സാമ്പത്തികവിനിയോഗവും അഴിമതിയുമാണ് കേരളം ഇപ്രകാരം കടക്കെണിയലകപ്പെടാനുള്ള പ്രമുഖ കാരണം.

അതോടൊപ്പം കഴിഞ്ഞ മൂന്നിലേറെ പതിറ്റാണ്ടായി തുടരുന്ന വായ്പാധിഷ്ഠിത വികസനം എന്ന നയവും ഈ തകർച്ച സൃഷ്ടിച്ചതിൽ മറ്റൊരു പ്രമുഖമായ കാരണമായി പ്രവർത്തിച്ചു. വൻകിടമുതലാളിമാരുടെയും സാമ്പത്തികഗ്രൂപ്പുകളുടെയും താൽപ്പര്യാർത്ഥം ഭീമമായ തോതിൽ വായ്പവാങ്ങി നടപ്പാക്കുന്ന വികസനമെന്ന പേരിലുള്ള മൂലധനനിക്ഷേപങ്ങൾ സംസ്ഥാന ഖജനാവിന്റെ മേൽ സൃഷ്ടിച്ചിട്ടുള്ള ആഘാതം വളരെ വലുതാണ്. രാഷ്ട്രീയ – ഉദ്യോഗസ്ഥ ലോബിയിംഗിലൂടെ എങ്ങിനെയും വായ്പ അടിച്ചേൽപ്പിക്കുക എന്നത് ധനമൂലധന ശക്തികളുടെ പ്രവർത്തനതന്ത്രമായി മാറിയിരിക്കുന്നു. വികസനം ഉൽപ്പാദനപരമാണോ അല്ലയോ എന്നത് വായ്പ നൽകുന്നവർക്കും വാങ്ങുന്നവർക്കും പരിഗണനാവിഷയമേമല്ല. വായ്പയുടെ വ്യവസ്ഥയിൽ ഉൾപ്പെടുത്തി തങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിഭവങ്ങൾക്കും സാങ്കേതിക പരിജ്ഞാനത്തിനും വിപണിയും ഉറപ്പാക്കുന്നു. മുതലാളിമാരുടെ ദാസന്മാരായി പ്രവർത്തിക്കാൻപ്രതിജ്ഞയെടുത്തിട്ടുള്ള ഭരണനേതൃത്വത്തങ്ങൾ, വായ്പ തുറന്നുനൽകുന്ന അഴിമതിയുടെയുടെയും കിക്ക്ബാക്കുകളുടെയും കമ്മീഷന്റെയും പ്രായോജകരാകാമെന്നുള്ള സാധ്യതകൂടി കാണുന്നതോടെ വായ്പാധിഷ്ഠിത വികസനത്തിന്റെ അടിയുറച്ച വക്താക്കളായി മാറുന്നു. ലോകമെമ്പാടുമുള്ള മുതലാളിത്തരാഷ്ട്രങ്ങളിലെരാഷ്ട്രീയ നേതൃത്വം സങ്കൽപ്പിക്കാനാവാത്തവിധം അഴിമതിയിൽ ആണ്ടുമുങ്ങിയത് ഫിനാൻസ് മൂലധനത്തിന്റെ മാസ്മരികമായ ഈ പ്രവർത്തനത്തിന്റെ ഫലമായാണ്.

**ബജറ്റിന് പുറത്ത് കടമെടുക്കുകയും ചെലവഴിക്കുകയും ചെയ്യുന്ന പുതിയ സമ്പ്രദായത്തിന് പിണറായി സർക്കാർ തുടക്കമിട്ടു. ഭരണനിർവ്വഹണരംഗത്ത് ആഗോളവ്യാപകമായി മുതലാളിത്തരാജ്യങ്ങൾ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾക്കുമുമ്പ് തുടക്കം കുറിച്ച സാമ്പത്തികവിനിയോഗ സമ്പ്രദായമാണ് ഒന്നാം പിണറായി മന്ത്രിസഭ ഭരണമേറ്റെടുത്ത നാൾ മുതൽ കേരളത്തിൽ തുടർന്നുവരുന്നത്.**

ശ്രീലങ്കയും ഗ്രീസും അതിന്റെ കൃത്യമായ പ്രതീകങ്ങളാണ്. നമ്മുടെ രാജ്യവും ഇവടുത്തെ സംസ്ഥാന ഗവൺമെന്റുകളും വിനാശത്തിന്റെ അതേ പാതയിൽ തന്നെയാണ് സഞ്ചരിക്കുന്നത്.

കേരളത്തിൽ ഇപ്പോൾ അധികാരത്തിലുള്ള പിണറായി വിജയൻ സർക്കാർ വായ്പാധിഷ്ഠിത വികസനത്തിന്റെ തീവ്രപാതയിലാണ് ചരിക്കുന്നത്. കടംകയറി മുടിഞ്ഞ് കുത്തുപാളയെടുത്താലും വികസനം നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നത് ചങ്ങാത്തമുതലാളിത്തത്തിന്റെ അടിയുറച്ച പ്രയോക്താവായതിനാലാണ്. അദ്ദേഹത്തിന്റെ കേവലം അഞ്ച് വർഷത്തെ ഭരണത്തിനുള്ളിൽ സംസ്ഥാനത്തിന്റെ വായ്പാഭാരം രണ്ടുമടങ്ങായത് മുതലാളിത്ത വികസനത്തിന്റെ ഈ ഭ്രാന്ത് മൂലമാണ്. തകർച്ചയുടെ നെല്ലിപ്പലക കാണുമ്പോഴും സിൽവർലൈൻ പദ്ധതിക്കുവേണ്ടി വീണ്ടും സഹസ്രകോടികൾ വായ്പ എടുക്കാൻ തീവ്രമായി ശ്രമിക്കുന്നതും ഇക്കാരണത്താലാണ്. ഇന്ന് കേരളം അഭിമുഖീകരിക്കുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുടെ ഒന്നാം പ്രതി പിണറായി വിജയൻ സർക്കാരാണ്.

## ബജറ്റിനു പുറത്തു കടമെടുക്കുകയും ചെലവഴിക്കുകയും ചെയ്യുന്ന പുതിയ സമ്പ്രദായത്തിന് പിണറായി സർക്കാർ തുടക്കമിട്ടു

ഭരണനിർവ്വഹണരംഗത്ത് ആഗോളവ്യാപകമായി മുതലാളിത്തരാജ്യങ്ങൾ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾക്കുമുമ്പ് തുടക്കം കുറിച്ച സാമ്പത്തികവിനിയോഗ സമ്പ്രദായമാണ് ഒന്നാം പിണറായി മന്ത്രിസഭ ഭരണമേറ്റെടുത്ത നാൾ മുതൽ കേരളത്തിൽ തുടരുന്നത്. ഇന്നോളം നിലനിന്നിരുന്ന സാമ്പത്തിക വിനിയോഗ രീതികളിൽ നിന്നുള്ള ഗൗരവതരമായ ഒരു മാറ്റമായിരുന്നു അത്. അതിന് ചുക്കാൻപിടിച്ചതാകട്ടെ അന്നത്തെ ധനമന്ത്രി തോമസ് ഐസക്ക് ആയിരുന്നു. സമാഹരിക്കാൻ കഴിയുന്ന വരുമാനവും അതു ചെലവഴിച്ച് നടപ്പാക്കേണ്ടുന്ന പദ്ധതികളും നിയസഭയിലവതരിപ്പിക്കുന്ന ബജറ്റിലൂടെ പ്രഖ്യാപിക്കുക എന്ന സാമ്പ്രദായിക രീതിയിൽ വ്യതിയാനം വരാൻ തുടങ്ങി. കർശനമായ ഓഡിറ്റ് നടക്കുന്ന ബജറ്റ് ചെലവുകൾക്കു ബദലായി ബജറ്റിനുപുറത്ത് കടമെടുക്കുകയും ചെലവഴിക്കുകയും സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളും കൺസൽട്ടൻസികളും വഴി പദ്ധതി നിർവ്വഹണവും നടത്തുന്ന രീതി വ്യാപകമായി വന്നു. കിഎഫ്ബി ഇത്തരത്തിലുള്ള സാമ്പത്തിക വിനിമയരീതിയുടെ പ്രധാന ഉപകരണവുമായി മാറി. പൊതുമാർക്കറ്റിൽനിന്ന് ഉയർന്ന പലിശയ്ക്ക് കടമെടുത്തും ലണ്ടൻ സ്റ്റോക് എക്സ്ചേഞ്ചിൽവരെലിസ്റ്റുചെയ്ത് ഉയർന്ന പലിശ നിരക്കുള്ള ബോണ്ടുകളിലൂടെയും കണ്ടെത്തുന്ന പണം ചെലവഴിക്കുന്നതാകട്ടെ പ്രധാനമായും വൻകിട നിർമ്മാണക്കമ്പനികൾക്ക് ലാഭമുണ്ടാക്കിക്കൊടുക്കുന്ന വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ്. കൺസൾട്ടൻസി ഏജൻസികൾ വഴി നടത്തുന്ന ഈ ചെലവുകൾ സിഎജിയുടെ ഓഡിറ്റിനുപോലും വിധേയമാക്കാൻ സർക്കാർ സമ്മതിക്കുന്നില്ല. സാമ്പത്തിക രംഗത്തിന് ഉത്തേജനം പകരുന്ന വിധത്തിൽ,തൊഴിൽസൃഷ്ടിക്കുകയോ വരുമാനമുറപ്പാക്കുകയോ ചെയ്യുന്ന മേഖലകളിലല്ല ഈ കടമെടുത്ത പണം ചെലവഴിച്ചതെന്ന് കഴിഞ്ഞ കാലങ്ങളിൽ നാം കണ്ടതാണ്. അപ്പോൾ സ്വഭാവികമായും ഉയർന്നുവരുന്ന പലിശ തിരിച്ചടക്കാൻതന്നെ കടമെടുക്കേണ്ട സ്ഥിതി സംജാതമാകുന്നു. മാത്രമല്ല ശമ്പളമുൾപ്പെടെയുള്ള നിത്യനിദാനച്ചെലവുകൾ നടന്നു പോകണമെങ്കിലും കടമെടുക്കേണ്ട ദുഃസ്ഥിതി വന്നു ചേരുന്നു.

## പൊതുകടം കുറച്ചുകാണിച്ചുകൊണ്ട് വീണ്ടും വായ്പ എടുക്കാൻ കിഎഫ്ബിയെ ബജറ്റിനു പുറത്ത് നിലനിർത്തിയിരിക്കുന്നു

രണ്ടാം പിണറായി സർക്കാരിനു വേണ്ടി ധനമന്ത്രി കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ച ഈ വർഷത്തെ സംസ്ഥാന ബജറ്റ് നമുക്കൊന്നു പരിശോധിക്കാം. കടം തിരിച്ചടവ് ഒഴികെ, സംസ്ഥാനത്തിന്റെ ആകെ ചെലവ് 1,73,588 കോടി രൂപയാണ് ബജറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കടമൊഴികെയുള്ള വരവ് 1,34,471 കോടിയും. പൊതുകടം, സംസ്ഥാന ജിഡിപിയുടെ 4.17% അതായത്, 39,117 കോടിയും റവന്യൂ കടം, 22,968 കോടിയുമായി കണക്കാക്കിയിരിക്കുന്നു. എന്നാൽ കണക്കുകളിൽ പൊരുത്തക്കേടുണ്ടെന്നാണ് കേന്ദ്രസർക്കാരും സാമ്പത്തിക വിദഗ്ദരും സിഎജിയുമൊക്കെ ചൂണ്ടിക്കാട്ടുന്നത്. അതിന്റെ കാരണം ലളിതമാണ്. പദ്ധതികൾ പുതിയതായി പ്രഖ്യാപിക്കുന്നതെല്ലാം കിഫ്ബി വഴിയാണ്. അതായത്, സംസ്ഥാനത്തെ മൂലധന ച്ചെലവെല്ലാം കിഫ്ബി വഴി മാത്രമാകുന്നു. അതെല്ലാം ബജറ്റിനു പുറത്താണ്. കിഫ്ബിയാകട്ടെ സംസ്ഥാന നിയമസഭയോടോ ഓഡിറ്റിംഗ് സംവിധാനത്തോടോ വിധേയമല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്ഥാപനമാണെന്നാണ് സർക്കാർ നിലപാട്. പക്ഷേ, യഥാർത്ഥത്തിൽ കിഫ്ബി സ്വന്തമായി യാതൊരു വരുമാനവുമില്ലാത്ത സ്ഥാപനമാണ്. സംസ്ഥാനത്തെ റോഡ് നികുതിയടക്കമുള്ള നികുതികളിൽ നിന്നുള്ള വരുമാനമാണ് കിഫ്ബിക്കായി നീക്കിവെച്ചിരിക്കുന്നത്. അതായത് ഒരു വശത്ത് കിഫ്ബി സർക്കാരിന്റെ വരുമാനത്തിന്റെ ഒരു ഭാഗം ബജറ്റിനു വെളിയിൽ സ്വന്തമാക്കുന്നു. മറുവശത്ത്, കിഫ്ബി ഉണ്ടാക്കുന്ന സഹസ്ര കോടികളുടെ ബധ്യത സംസ്ഥാനത്തിന്റെ തലയിൽ ആണുതാനും. എന്നാൽ കിഫ്ബി വഴി എടുക്കുന്ന കടമോ ബാധ്യതകളോ ബജറ്റിൽ ഉണ്ടാകുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാരിന്റെ ആകെ കടത്തിന്റെ കൂടെ കിഫ്ബി ബാധ്യത കൂടി കാണിക്കണം എന്നാണ് കേന്ദ്ര നിർദ്ദേശം. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുകയാണെങ്കിൽ പൊതുകടത്തിന്റെ തുക വീണ്ടും വർദ്ധിക്കുമെന്നതിനാൽ കൂടുതൽ കടമെടുക്കാനുള്ള സംസ്ഥാനത്തിന്റെ പരിധിയെ അത് ബാധിക്കുന്നു. ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാവുന്ന കാര്യം കൂടുതൽ, കൂടുതൽ കടമെടുക്കുന്നതിനുംകൂടി വേണ്ടിയാണ് കിഫ്ബിയെ ബജറ്റിനും ഓഡിറ്റിംഗിനും പുറത്തു നിർത്തിയിരിക്കുന്നത്. സംസ്ഥാനം ക്രമേണ നടന്നടുക്കുന്ന സാഹചര്യത്തിന്റെ അപകടാവസ്ഥ മനസ്സിലാക്കാൻ ഈയൊരു ഉദാഹരണം മാത്രം മതി.

## സർക്കാർ ഖജനാവ് പൊതുവിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യത്തിനും ജനക്ഷേമത്തിനുമായിരിക്കണം

ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതാണ് സാമ്പത്തികപ്രതിസന്ധിയുടെ കാരണമെന്ന നിലയിൽ ഒരു മാധ്യമ പ്രചാരവേല സംസ്ഥാനത്ത് നടക്കുന്നുണ്ട്. തീർത്തും അനാവശ്യവും സൃഷ്ടിപരമല്ലാത്തതുമായ ചില ഭരണസംവിധാനങ്ങളൊഴികെ, സർക്കാരിന്റെ ബൃഹദ് സംവിധാ

(ശേഷം 3–ാം പേജിൽ)

# കെ റെയിൽ സിൽവർലൈൻ പദ്ധതി പിൻവലിച്ച് സംസ്ഥാന സർക്കാർ ജനങ്ങളോട് മാപ്പുപറയണം

**കെ** റെയിൽ സിൽവർലൈൻ പദ്ധതി പിൻവലിച്ച് ഉത്തരവിറക്കുക എന്നതാണ് സംസ്ഥാന സർക്കാർ ഉടൻ ചെയ്യേണ്ടത്. പദ്ധതിയുമായി മുന്നോട്ടുപോകുവാൻ ധാർമ്മികമായ യാതൊരു അവകാശവും സർക്കാരിനില്ല. തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് ഫലം സിൽവർലൈൻ പദ്ധതിക്കെതിരെക്കൂടെയുള്ള ജനവിധിയാണ്. സിൽവർലൈൻ ഉൾപ്പെടെയുള്ള വികസനപദ്ധതികളെ മുൻനിർത്തിയാണ് മുഖ്യമന്ത്രിയടക്കം വോട്ടുപിടിച്ചത്. വാട്ടർ മെട്രോ, മെട്രോ റെയിൽ, കെ റെയിൽ തുടങ്ങി തൃക്കാക്കരയ്ക്ക് വരാനിരിക്കുന്ന കണ്ണഞ്ചിപ്പിക്കുന്ന വികസനം മുഖ്യമന്ത്രിയും ഇതര മന്ത്രിമാരും എണ്ണിയെണ്ണിപ്പറഞ്ഞു. സിൽവർലൈൻ സർക്കാരിന്റെ അഭിമാനപ്രശ്നമായിരുന്ന തെരഞ്ഞെടുപ്പിലുടനീളം. എന്നാൽ ജനങ്ങൾ സമ്പൂർണമായും അത് നിരാകരിച്ചു എന്ന് വ്യക്തമാക്കുന്നതാണ് തെരഞ്ഞെടുപ്പ് ഫലം. സിൽവർലൈൻ പദ്ധതിയുടെ രാഷ്ട്രീയപരാജയം വ്യക്തമാക്കുന്നതാണ് തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് ഫലം.

സിൽവർലൈൻ പദ്ധതിക്കെതിരെ ഹൈക്കോടതിയുടെ മുമ്പാകെയുള്ള വിവിധ കേസുകൾ പരിഗണിക്കവേ, കേന്ദ്രസർക്കാർ നിലപാട് അറിയിക്കണം എന്ന് കേരള ഹൈക്കോടതി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ സോളിസിറ്റർ ജനറൽ ഹൈക്കോടതിയിൽ സമർപ്പിച്ച അഡീഷണൽ സത്യവാങ്മൂലത്തിൽ, സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല എന്ന് വ്യക്തമാക്കുന്നു. സാമൂഹ്യാഘാത പഠനത്തിനോ കല്ലിടുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല എന്നമാത്രമല്ല, സാമ്പത്തിക അനുമതിയും നൽകിയിട്ടില്ല എന്ന് വ്യക്തമാക്കിയിരിക്കുന്നു. സാമ്പത്തിക അനുമതി വളരെ പ്രധാനമാണ്. കാരണം 1000 കോടിക്കുമേലുള്ള പദ്ധതിക്ക് റയിൽവേ ബോർഡിന്റെ അനുമതി മാത്രം പോരാ, കേന്ദ്രക്യാബിനറ്റിന്റെ അനുമതിയും വേണം. ഡിപ്പാർട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സിന്റെ സർക്കുലറിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. തത്വത്തിൽ അനുമതി, ഇൻ പ്രിൻസിപ്പിൾ അപ്രൂവൽ അഥവാ ഐപിഎ നൽകിയത് ഡിപിആർ തയ്യാറാക്കാനുള്ള പ്രാരംഭ നടപടികൾക്ക് ആയിരുന്നുവെന്നും സത്യവാങ്മൂലത്തിൽ പറയുന്നു.




കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ തൃക്കാക്കരയിൽ നടന്ന കളക്ട്രേറ്റ് മാർച്ചിന്റെ മുൻനിര

പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ഇല്ലെന്നും നിർദ്ദിഷ്ട പദ്ധതി പരിസ്ഥിതിയെ നശിപ്പിക്കുമെന്നും മന്ത്രി പീയൂഷ് ഗോയലും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. മുഖ്യമന്ത്രി നേരിട്ട് നുണപ്രചാരണത്തിന് നേതൃത്വം നൽകിക്കൊണ്ട് ജനങ്ങളെയും മാധ്യമങ്ങളെയും തെറ്റിദ്ധരിപ്പിക്കുക എന്നതാണ് മാസങ്ങളായി കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത് എന്നത് ഞെട്ടിപ്പിക്കുന്ന കാര്യമാണ്. ഈ നീക്കങ്ങൾ വളരെ ആസൂത്രിതമായിരുന്നു എന്നുവേണം കരുതാൻ. കാരണം അനുമതി ലഭിച്ചിട്ടില്ല എന്നത് മുഖ്യമന്ത്രിക്കും ബന്ധപ്പെട്ടവർക്കും അറിയാതിരിക്കില്ലല്ലോ.

ഈ ഇൻ പ്രിൻസിപ്പിൾ അപ്രൂവൽ എന്ന ചീട്ട് ഉയർത്തിക്കാണിച്ചാണ് പിണറായി സർക്കാർ മാപ്പർഹിക്കാത്ത അതിക്രമങ്ങൾ മാസങ്ങളോളം ജനങ്ങൾക്കുനേരെ നടത്തിയത്. കല്ലിട്ടതും സാമൂഹ്യ ആഘാത പഠനം നടത്തിയതും അനുമതിയില്ലാതെയാണ്. സ്ത്രീകളെയും കുട്ടികളെയും വൃദ്ധ

(ശേഷം 10-ാം പേജിൽ)

## കടക്കെണിയിലകപ്പെട്ട കേരളം

(2-ാം പേജിൽ നിന്ന്)

നം പ്രവർത്തിക്കുന്നത് വിപുലമായ സാമൂഹ്യആവശ്യകതയെ മുൻനിർത്തിയാണെന്ന വസ്തുത, ഈ പ്രചാരവേലക്കാർ തമസ്കരിക്കുന്നു. പൊതുവിദ്യാഭ്യാരംഗംത്തും ജനാരോഗ്യമേഖലയിലും മറ്റ് ജനക്ഷേമ മേഖലകളിലും മുടക്കുന്ന തുക, ഏറ്റവും സൃഷ്ടിപരമായിട്ടുള്ള നിക്ഷേപമാണ്. ഒരു വികസിത സമൂഹത്തിന്റെ അടിസ്ഥാനാവശ്യകതയായി ഗണിക്കേണ്ടുന്ന രംഗങ്ങളാണിവ. അധ്യാപകർക്ക് ശമ്പളം നൽകുന്നതിന്റെ പ്രഥമലക്ഷ്യം അയാളെ സാമ്പത്തികമായി നിലനിർത്തുക എന്നതല്ല, മറിച്ച് വളരെ ഉയർന്ന സാമൂഹ്യാവശ്യകത നിറവേറ്റുക എന്നതാണ്. വിദ്യാഭ്യാസം നൽകേണ്ടുന്ന സാമൂഹ്യ ഉത്തരവാദിത്തം ഒരാധുനിക ജനായത്ത സർക്കാരിന്റെ പ്രഥമ പരിഗണനയായി വന്നപ്പോഴാണ് അധ്യാപകർ സൃഷ്ടിക്കപ്പെട്ടത്. വിദ്യാഭ്യാസ- ആരോഗ്യ രംഗങ്ങളിൽ നിന്ന് സർക്കാരുകൾ പിൻവാങ്ങുന്നതുവഴി ഉണ്ടാകുന്ന ദുരന്തങ്ങൾക്ക് ഇന്ന് സമൂഹം സാക്ഷ്യം വഹിക്കുകയാണ്. ഈ രംഗങ്ങളിൽ സർക്കാർ മുതൽമുടക്ക് വർദ്ധിപ്പിക്കുക എന്നതായിരിക്കണം ശരിയായ ഡിമാന്റ്.

സർക്കാർ ചെലവിന്റെ നല്ലൊരു ഭാഗവും മുൻകാല കടങ്ങളുടെ തിരിച്ചടവിനും പലിശയ്ക്കുമാണ് യഥാർത്ഥത്തിൽ വിനിയോഗിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ 83054 കോടിയുടെ വായ്പ ആവശ്യമാണെന്ന് കണക്കാക്കുമ്പോൾ, ചെലവിൽ 55198 കോടിയും വായ്പാ തിരിച്ചടവിനാണ് കണക്കാക്കുന്നതെന്നു കാണാം. ചെലവിന്റെ 20% പെൻഷൻ നൽകാനായി വിനിയോഗിക്കുന്നത് അംഗീകരിക്കുമ്പോൾ തന്നെ, 19.4% പലിശയടവിനാണ് വേണ്ടി വരുന്നത് എന്ന യാഥാർത്ഥ്യം കൂടി കാണണം. ഈ വർഷം പലിശ ചെലവ് 17% കണ്ട് ഉയരുമ്പോൾ ശമ്പളച്ചെലവ് മുൻ വർഷത്തെ അപേക്ഷിച്ച് 5% കുറയുമെന്നാണ് കണക്കാക്കുന്നത്. ഇതാണ് വസ്തുത. എഡിബിയിൽനിന്നും ലോകബാങ്കിൽ നിന്നുമൊക്കെ എടുത്ത വായ്പകൾക്കൊപ്പം ഒപ്പിട്ടു നൽകിയ കരാറുകളിൽ ആവശ്യപ്പെട്ടതും ഇതുതന്നെ ആയിരുന്നു. ഘടനാപരമായ പരിഷ്കാരങ്ങളിലൂടെ പൊതുമേഖലയും ജീവനക്കാരെയും വെട്ടിക്കുറച്ച്, ചെലവു കുറയ്ക്കുക, അങ്ങനെ മിച്ചം പിടിക്കുന്ന തുകകൾകൊണ്ട് അവരുടെ വായ്പകളും പലിശയും തിരിച്ചടയ്ക്കുക. ഈ നിയോ ലിബറൽ കുറിപ്പടിയാണ് കഴിഞ്ഞ രണ്ട് ദശകങ്ങളായി കേരളത്തിൽ നടക്കുന്നത്. ഇത് ഏറ്റവും കാര്യക്ഷമമായി നടപ്പാക്കുന്നത് പ്രഖ്യാപിത വലതുപക്ഷമായ യു ഡി എഫിന്റെ സർക്കാരുകളായിരുന്നില്ല. ഇടതുപക്ഷം എന്ന ലേബലിൽ ഭരിച്ച എൽഡിഎഫ് സർക്കാരുകളായിരുന്നു. ഇതിന്റെ പരിണതിയാണ് സംസ്ഥാനത്തിന്റെ ആകെ ജിഡിപിയുടെ 39.87% കടബാധ്യതയായി മാറിയ നിലവിലെ അവസ്ഥ. കടം വാങ്ങി കടം വീട്ടുകയാണ് സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക മാനേജ്മെന്റ്. ഇത് കടക്കെണിയാണെന്ന് മനസ്സിലാക്കാൻ സാമാന്യബുദ്ധി മതി. പക്ഷേ എന്നിട്ടും വീണ്ടും ആവേശത്തോടെ വായ്പകൾക്കു പിന്നാലെ പായുകയാണ് സർക്കാർ.

### അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ കുറിപ്പടികൾ സംസ്ഥാനത്തെ അപകടത്തിലേക്ക് നയിക്കുന്നു

തുടർച്ചയായ പ്രളയവും കോവിഡുമൊക്കെയാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തകർത്തതെന്ന് സർക്കാർ നടത്തുന്ന പ്രചാരണം അടിസ്ഥാനരഹിതമാണ്. കഴിഞ്ഞ രണ്ടു ദശകങ്ങൾക്കിടയിൽ എത്രയോതവണ സംസ്ഥാനം ഓവർഡ്രാഫ്റ്റിലേക്കും ട്രഷറി സ്തംഭനത്തിലേക്കും നീങ്ങിയിരിക്കുന്നു. അതായത് ആഴത്തിലുള്ള പ്രശ്നങ്ങൾ കാലങ്ങളായി കേരളത്തിന്റെ സമ്പദ്ഘടന നേരിടുന്നുണ്ട്. എന്നാൽ പ്രശ്നപരിഹാരത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനു പകരം അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ വായ്പകൾ കൈ നീട്ടി വാങ്ങി അവരുടെ തീട്ടൂരങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുക എന്നതാണ് നാളിതുവരെ എല്ലാ സർക്കാരുകളും ചെയ്തു പോരുന്നത്. ജീവനക്കാരുടെ എണ്ണം വെട്ടിക്കുറച്ചും കരാർ നിയമനം വ്യാപകമാക്കിയും സർക്കാരുകളെ സ്ലിമ്മാക്കുക എന്നാക്കുക എന്നതാണ് സാമ്രാജ്യത്വ ധനകാര്യ സ്ഥാപനങ്ങളുടെ വളരെ സുപ്രധാനമായ ശുപാർശ. ഈ വിധത്തിലുള്ള ഭരണപരിഷ്കാരങ്ങളുടെ പൈലറ്റ് പദ്ധതികൾ നടപ്പാക്കാനും ഇതേ ഏജൻസികൾ വൻ വായ്പകളും നൽകുന്നു. കടഭാരത്തിന്റെ അളവ് കൂട്ടുന്ന വായ്പകളിൽ ഇവയുമുണ്ട്.

ഭരണച്ചെലവുകളും പാഴ്ച്ചെലവുകളും വെട്ടിക്കുറയ്ക്കുക എന്ന നിർദ്ദേശം എത്രയോ കമ്മീഷനുകൾ ശക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അവയൊന്നും നടപ്പാക്കാൻ മുതിർന്നിട്ടില്ല. കാരണം ദുർച്ചെലവിന്റെ പ്രയോക്താക്കൾ രാഷ്ട്രീയ നേതൃത്വം തന്നെയാണ് എന്നതാണ്. ചരക്കുസേവനനികുതി വന്നതോടെ കേരളത്തിന്റെ തനത് വരുമാന മാർഗങ്ങൾ ഇടിഞ്ഞു എന്നാണ് ഇപ്പോൾ സർക്കാർ വിലപിക്കുന്നത്. എന്നാൽ ജിഎസ്ടിയെ തുടക്കത്തിൽ ഏറ്റവും പിന്തുണച്ചതും ജിഎസ്ടിയിലൂടെ ഏറ്റവും പ്രയോജനം കേരളത്തിനാണെന്ന് വാദിച്ചതും സിപിഐ(എം) നേതാവും മുൻധനകാര്യ മന്ത്രിയുമായ തോമസ് ഐസക്കായിരുന്നു എന്നത് ആരും മറന്നുകാണില്ല. ഇപ്പോഴും നയപരമായി ജിഎസ്ടിയെ ഇവർ തള്ളിപ്പറയുന്നില്ല.

മറ്റൊരു കാര്യം കേരള സർക്കാരിന്റെ നികുതി പിരിച്ചെടുക്കൽ ശേഷി ഓരോ വർഷവും കുറയുന്നതായുള്ള വസ്തുതയാണ്. അതായത്, ഓരോ മേഖലയിൽ നിന്നും ലഭിക്കേണ്ടുന്ന നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ നിലനിൽക്കുന്ന പരാധീനത, നികുതി വെട്ടിപ്പുകാരായ വൻകിടക്കാരെ സഹായിക്കുന്നതിൽ നിന്നുണ്ടാകുന്നതാണ്. ഇത് പരിഹരിക്കുന്നതിനു പകരം പിരിക്കാൻ എളുപ്പമായ പെട്രോളിയം, റോഡ് നികുതി തുടങ്ങിയവ വീണ്ടും വീണ്ടും വർദ്ധിപ്പിക്കുന്നു.

### കടം വാങ്ങിയുള്ള ഭരണനിർവ്വഹണത്തെയും വികസനത്തെയും ചെറുത്തുപരാജയപ്പെടുത്തുക

കടക്കെണിയിലകപ്പെട്ട് രക്ഷാമാർഗ്ഗങ്ങളെല്ലാം അടഞ്ഞ നിരവധി മുതലാളിത്ത രാജ്യങ്ങൾ തകർന്നടിയുന്നത് നാം ഇന്ന് കാണുന്നു. കടം കയറി മുടിഞ്ഞുകൊണ്ടിരിക്കുന്ന വേളയിലാണ് ശ്രീലങ്ക, ഭീമമായ വായ്പ വാങ്ങി കൊളംബോയിൽ തങ്ങളുടെ രണ്ടാമത്തെ വിമാനത്താവളം പണിയാൻ തീരുമാനിച്ചത്. നിരവധി വ്യക്തികളും സംഘടനകളും ഒറ്റക്കെട്ടായി വിമർശനം അഴിച്ചുവിട്ടു. ചെവിക്കൊള്ളാൻ സർക്കാർ തയ്യാറായില്ല. ലോകത്തിനുമുമ്പിൽ ഭിക്ഷാപാത്രവുമായി യാചിക്കേണ്ടുന്ന സ്ഥിതിയില്ക്ക് ആ രാജ്യത്തെ ചവിട്ടിത്താഴ്ത്തിയത് മുതലാളിത്തത്തിന്റെ ഈ വികസനഭ്രാന്താണ്.

ഇതേ പാതയിലാണ് നമ്മുടെ രാജ്യവും സംസ്ഥാന സർക്കാരുകളും സഞ്ചരിക്കുന്നത്. ലക്കും ലഗാനുമില്ലാതെ വായ്പ വാങ്ങിയുള്ള വികസനം നമ്മുടെ രാജ്യത്തെയും ക്രമേണ തകർച്ചയിലേക്കാണ് നയിക്കുന്നത്. അതിനാൽ കടം വാങ്ങിയുള്ള ഭരണനിർവ്വഹണത്തെയും വികസനത്തെയും ചെറുത്തുപരാജയപ്പെടുത്താനായി ജനങ്ങൾ ഒറ്റക്കെട്ടായി അണിനിരക്കേണ്ടിയിരിക്കുന്നു. ■

## തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് ഫലം

# സിൽവർലൈൻ ഉൾപ്പടെയുള്ള ജനവിരുദ്ധ നയങ്ങൾക്കെതിരെയുള്ള ജനവികാരത്തിന്റെ പ്രതിഫലനം

**പ്രതിപക്ഷഎംഎൽഎയായിരുന്ന പി.ടി.തോമസിന്റെ നിര്യാണത്തെത്തുടർന്ന് ഒഴിവുവന്ന നിയമസഭാ സീറ്റിലേയ്ക്ക് തൃക്കാക്കര മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പ് കേരളത്തിന്റെ ഭരണത്തെ മാറ്റിമറിക്കാൻ കഴിയുന്ന ഒന്നായിരുന്നില്ല. എന്നാൽ ഭരണമുന്നണിയെ സംബന്ധിച്ചിടത്തോളം തങ്ങളുടെ നയങ്ങളും പദ്ധതികളും പൂർവ്വാധികം വീറോടെ തുടരാൻ അവയ്ക്ക് വലിയ ജനസമ്മിതി ഉണ്ടെന്ന് സ്ഥാപിക്കേണ്ടതുണ്ടായിരുന്നു. അതിനായി എന്തുമാർഗ്ഗമവലംബിച്ചും വിജയം നേടുക എന്നത് അവരുടെ ഒരു രാഷ്ട്രീയ ആവശ്യകതയായിരുന്നു. ഇടതുമുന്നണി അവരുടെ സ്വപ്നപദ്ധതിയെന്ന് വിശേഷിപ്പിക്കുന്ന കെ റെയിൽ സിൽവർലൈൻ പദ്ധതിക്കെതിരെ ഉയർന്നുവന്നിട്ടുള്ള ശക്തമായ പ്രക്ഷോഭത്തെ മറികടക്കാനുള്ള ഒരു മാർഗ്ഗമായും തൃക്കാക്കര വിജയത്തെ ലക്ഷ്യം വച്ചു. അങ്ങിനെ തൃക്കാക്കര മൽസരത്തെ ഒരു ഉപതെരഞ്ഞെടുപ്പിന്റെ അപ്പുറത്തേക്കുള്ള മാനത്തിലേക്ക് എൽഡിഎഫ് മാറ്റി. ദേശീയ രാഷ്ട്രീയത്തിലടക്കം ദയനീയമായ തിരിച്ചടികൾ നേരിടുന്ന കോൺഗ്രസ്സിനും തെരഞ്ഞെടുപ്പ് വിജയം പ്രാണവായുപോലെ അനിവാര്യമായിമാറിയതോടെ തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് ഒരു ഹൈ വോൾട്ടേജ് മൽസരമായി പരിണമിച്ചു.**

സർവ്വസംവിധാനങ്ങളോടെയും ഒരു തെരഞ്ഞെടുപ്പ് മെഷീനറി സജ്ജീകരിച്ചുകൊണ്ട് എൽഡിഎഫ് നടത്തിയ പ്രവർത്തനം മുകളിൽ സൂചിപ്പിച്ച രാഷ്ട്രീയലക്ഷ്യം നേടുന്നതിനുവേണ്ടിയായിരുന്നു. കേരള മുഖ്യമന്ത്രിയും 20 മന്ത്രിമാരും ഉൾപ്പെടുന്ന സർക്കാർ സംവിധാനമാകെ തൃക്കാക്കരയിൽ ക്യാമ്പ് ചെയ്തു. ഭരണപക്ഷത്തെ ഏതാണ്ട് 60 എംഎൽഎമാരും പ്രമുഖനേതാക്കളും മറ്റ് ജില്ലകളിൽ നിന്നുള്ള കേഡർമാരും തൃക്കാക്കരയിൽ ആഴ്ചകളോളം ഓരോ വീടും അരിച്ചുപെറുക്കി അവരുടെ 'വികസനരാഷ്ട്രീയത്തിന്റെ മഹത്വം' ജനങ്ങളെ ബോധ്യപ്പെടുത്താൻ പ്രയത്നിച്ചു. തൃക്കാക്കരയിലെ മത്സരം സംസ്ഥാനഭരണവും ജനങ്ങളും തമ്മിലുള്ള രാഷ്ട്രീയ പോരാട്ടമായി മാറി. ഒരു തെരഞ്ഞെടുപ്പ് വിജയം പാകപ്പെടുത്താൻ വേണ്ടുന്ന എല്ലാ മാർഗ്ഗങ്ങളും ഇടതുമുന്നണി ആവിഷ്കരിച്ചു. അവസരവാദരാഷ്ട്രീയ ചുവടുവയ്പുകളും വർഗ്ഗീയ-സാമുദായിക പ്രലോഭനങ്ങളും കളംനിറഞ്ഞാടി. പണക്കൊഴുപ്പിലൂന്നിയ ഹൈടെക് പ്രചാരണവേലയിൽ ഇടതുമുന്നണി ഏവരുടെയും മുന്നിലായിരുന്നു. പരമ്പരാഗത പ്രചാരണ രീതികളോടൊപ്പം, ഒരു കണക്കുമില്ലാതെ പണം ചെലവഴിക്കാൻ കഴിയുന്ന സോഷ്യൽ മീഡിയ പ്രചാരണം അളന്നെടുക്കാൻ കഴിയാത്തവിധമായിരുന്നു. അവിശ്വസനീയവും അസാധാരണവുമായ ഈ പ്രചാരണപ്രളയത്തിനുശേഷവും എൽഡിഎഫ് പരാജയപ്പെട്ടു. പണം കുത്തിയൊഴുക്കുന്നതിലും വർഗ്ഗീയ - സാമുദായിക വികാരം മുതലെടുക്കുന്നതിലും മുന്നണികൾ എല്ലാം പരസ്പരം മൽസരിച്ചെങ്കിലും ഇക്കര്യത്തിൽ ഇടതുമുന്നണി മറ്റുള്ളവരെ നിഷ്പ്രഭമാക്കുകയാണ് ഉണ്ടായത്. കോൺഗ്രസ്സിന് മുൻതൂക്കമുള്ള മണ്ഡലമെന്നതും പി.ടി.തോമസ് എന്ന ഘടകവും മാറ്റിനിർത്തിയാൽ, ഒരു തെരഞ്ഞെടുപ്പ് വിജയത്തിനുവേണ്ടഘടകങ്ങൾപലതും ഇടതുമുന്നണിക്ക് അനുകൂലമായിരുന്നു. എന്നിട്ടും എൽഡിഎഫ് ദയനീയമായി പരാജയപ്പെട്ടു. എന്തുകൊണ്ട്?

### ഇടതുപക്ഷരാഷട്രീയം ബലികഴിക്കുന്ന എൽഡിഎഫ്

എൽഡിഎഫിന്റെ അടിമുടി ജനവിരുദ്ധമായ ഭരണത്തിനെതിരെയും ഉപതെരഞ്ഞെടുപ്പിൽ ജയമുറപ്പാക്കുന്നതിനായി ഇടതുരാഷ്ട്രീയത്തിന്റെ സകലമാനമൂല്യങ്ങളും ബലികഴിച്ചുകൊണ്ട് നടത്തിയ മനംപിരട്ടലുളവാക്കുന്ന വലതുരാഷ്ട്രീയ നടപടികൾക്കെതിരെയും സാധാരണ ജനങ്ങളിലും സത്യസന്ധരായ ഇടതുവിശ്വാസികളിലുമുൾപ്പടെ സൃഷ്ടിക്കപ്പെട്ട ശക്തമായ പ്രതിഷേധത്തിന്റെ വികാരം തെരഞ്ഞെടുപ്പ് ഫലം നിർണ്ണയിച്ചതിലെ ഏറ്റവും പ്രധാനഘടകമാണ്.

അതിരൂക്ഷമായ വിലക്കയറ്റത്തിലകപ്പെട്ട് ജനങ്ങൾ അക്ഷരാർത്ഥത്തിൽ ഞെരിയുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതി ഉയരുന്ന വിലയിൽ നിന്നും ജനങ്ങൾക്ക് ആശ്വാസം നൽകാൻ സംസ്ഥാനത്തിന്റെ ഇന്ധനനികുതി കുറയ്ക്കണമെന്ന ആവശ്യത്തെ പുഛത്തോടെ തള്ളിക്കളഞ്ഞു. ബസ് ചാർജ്ജ് വർദ്ധിപ്പിച്ചു. എല്ലാത്തരം നികുതികളും സർക്കാർ സേവനങ്ങൾക്കുള്ള ചാർജ്ജുകളും 30 ശതമാനം മുതൽ 300 ശതമാനംവരെ വർദ്ധിപ്പിച്ചു. ദേശീയപാതകളെല്ലാം ചുങ്കപ്പാതക ളായി. . കെഎസ്ആർറ്റിസി സമ്പൂർണ്ണ തകർക്കലിനെ അഭിമുഖീകരിക്കുകയാണ്. നിരന്തരമായി തൊഴിലാളികൾക്ക് ശമ്പളവും പെൻഷനും മുടങ്ങുന്നു. തൊഴിലാളികൾക്ക് ശമ്പളം നൽകുക സർക്കാരിന്റെ ഉത്തരവാദിത്തമല്ല എന്ന പ്രഖ്യാപനം നടത്തി ഗതാഗതമന്ത്രി 'ഇടതു'സർക്കാരിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്. മൂവായിരത്തിലേറെ ബസ്സുകൾ ഗ്യാരേജുകളിൽ കിടന്ന് തുരുമ്പെടുത്ത് നശിക്കുമ്പോൾ രണ്ടായിരത്തിഅഞ്ഞൂറിലേറെ ഷെഡ്യൂളുകൾ വെട്ടിക്കുറച്ചു. ജനങ്ങളുടെ യാത്രാദുരിതങ്ങൾ അതിന്റെ പാരമ്യത്തിലെത്തിയിരിക്കുന്നു. കെഎസ്ആർറ്റിസി ലാഭകരമായി നടത്തിയിരുന്ന ദീർഘദൂര സർവ്വീസുകളെല്ലാം കെസ്വിഫ്റ്റ് എന്ന കമ്പനി രൂപീകരിച്ച് അതിനുകീഴിലേക്ക് മാറ്റിയിരിക്കുന്നു. ഒരൊറ്റ സ്ഥിരനിയമനംപോലും നടത്താതെ അടിമുടി കരാർ തൊഴിലാളികളെ നിയോഗിച്ചുകൊണ്ട് മോദിയുടെ ഫിക്സഡ് ടേം എംപ്ലോയ്മെന്റ് ആദ്യമായി നടപ്പാക്കുന്ന സ്ഥാപനമായി കെ സ്വിഫ്റ്റ് മാറിയിരിക്കുന്നു. പങ്കാളിത്ത പെൻഷൻ പിൻവലിക്കുമെന്ന ഒന്നാം പിണറായി സർക്കാരിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനം രണ്ടാം സർക്കാരിന്റെ കാലത്തുപോലും നടപ്പാക്കിയിട്ടില്ല. മദ്യം കുത്തിയൊഴുക്കുന്നു. മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഭയപ്പെടുത്തുന്ന വ്യാപനം സ്കൂൾ കുട്ടികളെവരെ തുലയ്ക്കുന്നു. സ്ത്രീകൾക്കും സാധാരണ പൗരന്മാർക്കും നേരെയുള്ള പോലീസ് അതിക്രമങ്ങൾ ഒരു വശത്ത് പെരുകുമ്പോൾ മറുവശത്ത് ഗുണ്ടകളും ക്രിമിനലുകളും പകൽവെളിച്ചത്തിലും സൈ്വരവിഹാരം നടത്തുന്നു. കൊലപ്പെടുത്തിയ പ്രതിയോഗിയുടെ മൃതദേഹം ചുമന്ന് പോലീസ് സ്റ്റേഷനിലെത്തിക്കുന്ന ഗുണ്ടാനേതാവിന്റെ കൊലവിളി സംസ്ഥാനത്തെ ജനങ്ങളെ ഭയചകിതരാക്കുന്നു. ഭരണരംഗം മുതൽ സഹകരണമേഖല വരെ നടമാടുന്ന ഞെട്ടിപ്പിക്കുന്ന അഴിമതികൾ ഒരു വാർത്തയല്ലാതായി മാറിക്കഴിഞ്ഞു. കിഫ്ബി നിർമ്മിച്ച റോഡുകളും പാലങ്ങളും സ്കൂൾ കെട്ടിടങ്ങളും പണിതീരുമ്പോൾതന്നെ തകരുന്നത് അതിനുപിന്നിലുള്ള അഴിമതിയുടെ ആഴം വ്യക്തമാക്കുന്നു. പ്രളയഫണ്ടിൽ വരെ വെട്ടിപ്പുകൾ നടന്നു. ഇപ്രകാരം അടിമുടി ജനദ്രോഹകരമായി മാറിയിരിക്കുന്ന പിണറായി സർക്കാരിനെതിരെയുള്ള ജനവികാരം ഈ തെരഞ്ഞെടുപ്പ് ഫലം സൃഷ്ടിച്ചതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

സംസ്ഥാനം കടക്കെണിയിലേയ്ക്ക് വീണുകഴിഞ്ഞു. ഓരോമാസവും നിരന്തരം കടമെടുത്താണ് സർക്കാരിന്റെ നിത്യനിദാനചെലവുകൾ നടത്തുന്നത്. ആകെ പൊതുകടമായ 3.2 ലക്ഷം കോടി രൂപ സംസ്ഥാനത്തിന്റെ ജിഡിപിയുടെ 37.18 ശതമാനമാണ്. ഇൻഡ്യയിൽ ഏറ്റവും അധികം കടബാധ്യതയുള്ള 4 സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിക്കഴിഞ്ഞു. ഇപ്പോൾ സർക്കാർ അവതരിപ്പിക്കുന്ന കടബാധ്യതയുടെ കണക്കുകൾ അടിമുടി പൊരുത്തക്കേടുകളും വ്യാജപ്രസ്താവനകളും നിറഞ്ഞതാണ്. കിഫ്ബി വഴി എടുത്തുകൊണ്ടിരിക്കുന്ന വൻതുകയുടെ കടം ബജറ്റിനുപുറത്താണ്. എന്നാൽ അതിന്റെ ഭാരമാകട്ടെ സംസ്ഥാനഖജനാവിന്റെ മേലും. കിഎഫ്ബിയുടെ ബാധ്യത കൂടി ഉൾപ്പെടുത്തിയാൽ പൊതുകടത്തിന്റെ ചിത്രം ഞെട്ടിപ്പിക്കുന്നതാകും. കേരളത്തിന്റെ തകരുന്ന സാമ്പത്തികരംഗത്തിന്റെ ഭാരം മുഴുവൻ നികുതികളുടെയും ഫീസുകളുടെയും ചാർജ്ജുകളുടെയും രൂപത്തിൽ ജനങ്ങളുടെ തലയിൽ പതിക്കുകയാണ്. സർക്കാർ നേട്ടങ്ങളുടെ പ്രചാരണഘോഷങ്ങൾ ഉപതെരഞ്ഞെടുപ്പിൽ പൊടിപൊടിക്കുമ്പോൾ തന്നെയാണ് ആ മാസത്തെ ശമ്പളവും പെൻഷനും മുടങ്ങുമെന്ന സ്ഥിതിയിൽ ഖജനാവ് എത്തിച്ചേർന്നത്. കിഫ്ബി വഴി കിട്ടുന്ന പണം വിനിയോഗിക്കുന്നത് ഒട്ടും ഉൽപാദനക്ഷമമായ രംഗങ്ങളിലല്ലെന്നത് കേരളത്തിന്റെ ഭാവി എന്തായിരിക്കുമെന്ന വ്യക്തമാക്കുന്നുണ്ട്. ഇന്ന് കേരളത്തിന്റെ ആളോഹരി കടം 90,000 രൂപ കടന്നിരിക്കുന്നു. സിൽവർലൈൻ പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോയാൽ ഈ ആളോഹരി ബാധ്യത രണ്ടോ മൂന്നോ ലക്ഷം രൂപയായി വർദ്ധിക്കുമെന്നതാണ് യാഥാർത്ഥ്യം. ഈ നടപടികളാണ് തുടരുന്നതെങ്കിൽ ശ്രീലങ്കയുടെ അവസ്ഥയാവും കേരളത്തിന്റേതുമെന്ന് ചിന്തിക്കുന്ന ഏവരും മുന്നറിയിപ്പുനൽകി കഴിഞ്ഞു.

### വർഗ്ഗീയ-സാമുദായിക നീക്കങ്ങൾ നിറഞ്ഞാടിയ തെരഞ്ഞെടുപ്പ് രംഗം

ഇടതുമുന്നണി അവതരിപ്പിച്ച സ്ഥാനാർത്ഥിതന്നെ ഒരു പ്രത്യേക മതവിഭാഗത്തിന്റെ വോട്ട് ലക്ഷ്യം വച്ചുകൊണ്ടുള്ളതാണെന്ന് പകൽപോലെ വ്യക്തമായിരുന്നു. ജില്ലാ നേതൃത്വം ആദ്യം നിശ്ചയിച്ച സ്ഥാനാർത്ഥിയെ വെട്ടി മാറ്റി, ഒരു വൈദികന്റെ സാന്നിദ്ധ്യത്തിൽ, പള്ളിസ്ഥാപനത്തിന്റെ അങ്കണത്തിൽ പുതിയ സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചത് സാമുദായികമായ ധ്രുവീകരണത്തിന്റെ ചില കണക്കുകൂട്ടലോടെയായിരുന്നുവെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? മുത്തുപോലത്തെ സ്ഥാനാർത്ഥി എന്നു ഇ.പി.ജയരാജൻ വിശേഷിപ്പിച്ച ഈ സ്ഥാനാർത്ഥിയുടെ യോഗ്യതയെന്താണ്? ഇടതുരാഷ്ട്രീയത്തിന്റെ കർമ്മമണ്ഡലത്തിലോ, ജനകീയ പ്രക്ഷോഭ വേദികളിലോ, മതേതരമൂല്യങ്ങൾക്കായുള്ള പ്രവർത്തനരംഗത്തോ ഈ സ്ഥാനാർത്ഥിയെ ആരും കണ്ടിട്ടില്ല. ഓരോ മതവിഭാഗത്തിനും മുൻതൂക്കമുള്ള മേഖലകളിൽ അതത് മതവിഭാഗത്തിൽനിന്നുള്ള നേതാക്കളെ പ്രചാരണത്തിനായി നിയോഗിച്ചുകൊണ്ട് നടത്തിയ ആപൽക്കരമായ തെരഞ്ഞെടുപ്പ് തന്ത്രം ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ മതേതരഘടനയ്ക്ക് ഏൽപ്പിക്കുന്ന ആഘാതം വളരെ വലുതാണ്. തിരശീലയ്ക്കു പിറകിലെ നെറികെട്ട രാഷ്ട്രീയക്കൂട്ടുകെട്ടുകളും കള്ളവോട്ടുൾപ്പെടെയുള്ള നീചമാർഗ്ഗങ്ങളും ഇടതുമുന്നണി അവലംബിച്ചു. കോൺഗ്രസ്സിനെ തള്ളിപ്പറഞ്ഞ് സിപിഐ(എം) വേദിയിലെത്തിയ കെ.വി.തോമസ്സ് എന്ന നേതാവിനെ, പതിറ്റാണ്ടുകളായി ഛർദ്ദിച്ചതെല്ലാം വിഴുങ്ങി, നാണംകെട്ട നിലയിൽ എതിരേറ്റ്, വലിയ നേതാവായി എഴുന്നള്ളിച്ച സിപിഐ(എം) നടപടി ആത്മാഭിമാനമുള്ള ഇടതുപക്ഷ വിശ്വാസികൾക്ക് എങ്ങിനെയാണ് ഉൾക്കൊള്ളാൻ കഴിയുക. ഉദരപൂരണത്തിന്റെ അറപ്പുളവാക്കുന്ന പ്രതീകമായ കെ.വി. തോമസ്സ് എന്ത് ഇടതുമൂല്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ലാറ്റിൻ കത്തോലിക്കരുടെ വോട്ട് ലക്ഷ്യമിട്ടുകൊണ്ടുള്ള നാലാംകിട രാഷ്ട്രീയം മാത്രമായിരുന്നു അത്. വർഗ്ഗീയതയ്ക്കെതിരായ ചന്ദ്രഹാസമിളക്കലും മതേതരപുരോഗമന വീമ്പിളക്കലുമെല്ലാം പച്ചയായ ഇരട്ടത്താപ്പാണെന്ന് തിരിച്ചറിയുന്ന ഇടതുപക്ഷ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇവയെല്ലാം അവരുടെ ആത്മാഭിമാനത്തെ പരിഹസിക്കുന്ന നടപടികളായാണ് അനുഭവപ്പെട്ടത്.

അതുകൊണ്ടുതന്നെ സിപിഐ(എം) സ്ഥാനാർത്ഥിയുടെ തൃക്കാക്കരയിലെ തെരഞ്ഞെടുപ്പ് പരാജയം ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ തോൽവിയായി കണക്കാക്കാനാകില്ല. മറിച്ച് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ലേബലിൽ കെട്ടിയെഴുന്നള്ളിക്കുന്ന മനംപിരട്ടലുളവാക്കുന്ന വലതുപക്ഷ രാഷ്ട്രീയത്തിനേറ്റ പ്രഹരമാണ് എൽഡിഎഫിന്റെ പരാജയം. ഇടതുപ്രസ്ഥാനത്തിന്റെ സത്യസന്ധരായ അഭ്യുദയകാംക്ഷികളും ഇടതു-പുരോഗമനചിന്താഗതിക്കാരുമായ വലിയൊരുവിഭാഗം ഈ തെരഞ്ഞെടുപ്പിൽ വോട്ടിംഗിൽ നിന്ന് വിട്ടുനിൽക്കുകയാണ് ചെ

(ശേഷം 5-ാം പേജിൽ)

# കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെയുള്ള ശക്തമായ വികാരവും ഉപതെരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിക്കുന്നു

(4–ാം പേജിൽ നിന്ന്)

യ്തത്. വോട്ട് ചെയ്തവരിൽ സാരമായ ഒരു വിഭാഗമാകട്ടെ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയും സ്ഥാനാർത്ഥിയെയും കൈയൊഴിയുകയും ചെയ്തു. പക്ഷേ, ഈ വസ്തുത അംഗീകരിക്കാൻ മുന്നണിയും അതിനു നേതൃത്വം നൽകുന്ന സിപിഐ(എം) നേതാക്കളും ഇപ്പോഴും തയ്യാറായിട്ടില്ല. സഹതാപതരംഗമാണ് വൻ ഭൂരിപക്ഷത്തിലുള്ള യുഡിഎഫ് സ്ഥാനാർത്ഥിയുടെ വിജയത്തിനുപിന്നിലെന്നും യുഡിഎഫിന് അനുകൂലമായി ബിജെപി വോട്ടുമറിച്ചെന്നുമൊക്കെയുള്ള പതിവ് വിശകലന വിശദീകരണങ്ങളിൽ സിപിഐ(എം) നേതാക്കൾ വീണുരുണ്ടപ്പോൾ അണികളിൽതന്നെ വലിയൊരുപങ്ക് അത് വിശ്വസിക്കാൻ തയ്യാറായിട്ടില്ല. കഴിഞ്ഞ തവണത്തേക്കാൾ 2500 വോട്ട് അധികം നേടി എന്ന കണക്കിൽ തല പൂഴ്ത്താനാണ് അവർ ശ്രമിക്കുന്നത്. എന്നാൽ എൽഡിഎഫിന്റെ ഭരണനയങ്ങൾക്കെതിരെ മൽസരിച്ച മുന്നണി കഴിഞ്ഞ തവണത്തേക്കാൾ 12,931 വോട്ട് അധികം നേടി എന്നത് തൃക്കാക്കര ഫലം അവർക്കെതിരെയുള്ള വിധിയെഴുത്താണെന്ന് വ്യക്തമാക്കുന്നു.

ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാരിന്റെ കൊടിയ ജനദ്രോഹ നയങ്ങൾക്കെതിരെയുള്ള ശക്തമായ വികാരവും ഈ തെരഞ്ഞെടുപ്പിൽ ദൃശ്യമായിട്ടുണ്ട്. വർഗ്ഗീയതയുടെ ആറാട്ടും കേന്ദ്രഭരണത്തിന്റെ പദവിയും ഒരു കണക്കുമില്ലാതെ ഒഴുക്കപ്പെടുന്ന പണവും പുറമെനിന്ന് വന്ന ആർഎസ്എസ് കേഡർമാരും ആസൂത്രിതമായ സോഷ്യൽ മീഡിയ കാമ്പെയ്നും ഒക്കെചേർന്ന് തൃക്കാക്കര മണ്ഡലത്തിൽ നടത്തിയ പ്രചരണപ്രളയത്തിനുശേഷവും ബിജെപിക്ക് കഴിഞ്ഞതവണത്തേക്കാൾ വോട്ട് കുറയുകയാണ് ചെയ്തത്. ബിജെപി അവതരിപ്പിക്കുന്ന വെറുപ്പിന്റെയും ഭ്രാതൃഹത്യയുടെയും രാഷ്ട്രീയം പൊതുവിൽ കേരളത്തിന്റെ മതേതര മനസ്സാക്ഷി അംഗീകരിക്കില്ല എന്നത് ഒരിക്കൽകൂടി വ്യക്തമാവുകയാണ്. രാഷ്ട്രീയ സദാചാര രാഹിത്യത്തിന്റെ ആൾരൂപമായ പി.സി.ജോർജ്ജിനെ കെട്ടിയെഴുന്നള്ളിക്കുകകൂടി ചെയ്തതോടെ ബിജെപി നേരിട്ട തിരിച്ചടിയുടെ ആക്കംകൂടി. ഇപ്രകാരമുള്ള രാഷ്ട്രീയമായ കാരണങ്ങളാൽ ജനങ്ങളുടെ വെറുപ്പിനു പാത്രമാകുന്ന ബിജെപിക്ക് വോട്ടുകുറയുക സ്വാഭാവികം മാത്രം. എന്നാൽ അത് അംഗീകരിക്കാൻ സിപിഐ(എം) തയ്യാറല്ല. ബിജെപിയുടെ വോട്ട് സ്ഥിരമാണെന്നും മറിച്ചുകൊടുക്കുന്നതുകൊണ്ടുമാത്രമാണ് അവർക്ക് വോട്ടു കുറയുന്നത് എന്നുമുള്ള സിദ്ധാന്തം അവതരിപ്പിച്ച് ബിജെപിയെ രാഷ്ട്രീയമായി കുറ്റവിമുക്തമാക്കി രക്ഷപ്പെടുത്തുകയാണ് അവർ ചെയ്യുന്നത്.

വിദ്വേഷത്തിന്റെ രാഷ്ട്രീയം ആളിക്കത്തിക്കുകയും ജനങ്ങളുടെ തലയിൽ എണ്ണിയാലൊടുങ്ങാത്ത സാമ്പത്തികഭാരങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന ബിജെപിക്കെതിരെയുള്ള ജനങ്ങളുടെ വികാരം ഈ ഫലത്തിൽ പ്രതിഫലിക്കുന്നു എന്നല്ലേ വ്യക്തമാക്കേണ്ടത്. വ്യത്യസ്ത മുന്നണികൾക്ക് മാറിമാറി വോട്ടുചെയ്യുന്ന ഗണ്യമായ ഒരു വിഭാഗമുണ്ടെന്ന വസ്തുത മറച്ചുവച്ചുകൊണ്ടാണ് അധികം നേടിയതിന്റെയും വോട്ടുമറിച്ചുകൊടുക്കലിന്റെയും കഥകൾ മെനയുന്നത്. സ്വന്തം പരാജയത്തിന്റെ കാരണങ്ങൾ മറച്ചുവയ്ക്കാനും യുഡിഎഫിന്റെ വിജയത്തിന്റെ കാരണങ്ങൾ മെനഞ്ഞെടുക്കാനുമുള്ള തത്രപ്പാടിൽ ദയനീയമായ രാഷ്ട്രീയ പാപ്പരത്തമാണ് സിപിഐ(എം) പ്രദർശിപ്പിക്കുന്നത്.

## സിൽവർലൈൻ പദ്ധതിക്കെതിരായ ജനകീയസമരം

ജനാധിപത്യ സമരരാഷ്ട്രീയത്തെ ശക്തിപ്പെടുത്തുകയും ന്യായമായ ജനകീയ സമരങ്ങളിൽ നിന്ന് പോലീസിനെ മാറ്റിനിർത്തുകയും ചെയ്യുക എന്നതാണ് ഒരിടതു ഭരണത്തിന്റെ ഏറ്റവും പ്രാഥമികമായ കടമയും അതിന്റെ വ്യതിരിക്തതയും. ഇടതുപക്ഷരാഷ്ട്രീയത്തിന്റെ ഈ അടിസ്ഥാന തത്വം പരിപൂർണ്ണമായും കുഴിച്ചുമൂടുകയാണ് പിണറായി വിജയൻ നയിക്കുന്ന സംസ്ഥാനത്തെ എൽഡിഎഫ് ഭരണം. ജനാധിപത്യം അനുവദിക്കുന്ന ഒരുതരത്തിലുമുള്ള സംഘടിതപ്രവർത്തനവും അനുവദിക്കില്ല എന്ന് നിശ്ചയിച്ച് ഉറപ്പിച്ച ഒരു സംഘമായി പിണറായി സർക്കാരിന്റെ പോലീസ് മാറി. കെ റെയിൽ സിൽവർലൈൻ പദ്ധതിക്കെതിരെ സംസ്ഥാനമെമ്പാടും സമരം ചെയ്ത സ്ത്രീകളെയും വീട്ടമ്മമാരെയും വൃദ്ധരെയും കുഞ്ഞുങ്ങളെയും തെരുവുകളിലൂടെ വലിച്ചിഴച്ചു. കേരളത്തിൽ ഏതാണ്ട് ഇരുനൂറിലധികം പ്രദേശങ്ങളിൽ സമാധാനപരമായി സമരം ചെയ്ത കെ റെയിൽവിരുദ്ധപ്രക്ഷോഭകാരികളെ പോലീസ് നീചമായാണ് നേരിട്ടത്. ഇടതുപക്ഷവിശ്വാസികളിൽ പോലും കടുത്ത അമർഷവും രോഷവും പോലീസ് അതിക്രമങ്ങൾക്കെതിരെ ഉയരുകയുണ്ടായി.

കേരളത്തിലെ ജനങ്ങൾ കഴിഞ്ഞ ഒന്നൊരവർഷമായി സാക്ഷ്യം വഹിക്കുന്ന, സമാനതകളില്ലാത്ത ജനകീയ പ്രക്ഷോഭം സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യങ്ങളോടെ ഉയർന്നുവന്ന ഒന്നായിരുന്നില്ല. ആദ്യഘട്ടത്തിൽ സിൽവർലൈൻ കടന്നുപോകുന്ന മേഖലകളിലെ ജനങ്ങൾ സ്വന്തം മുൻകൈയിൽ രൂപപ്പെടുത്തിയ ഏതാനും ജനകീയ സമരസമിതികളെ സംസ്ഥാനതലത്തിൽ ഏകോപിപ്പിച്ചുകൊണ്ടാണ് കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമതി എന്ന സംസ്ഥാനതല സമരസംഘടന പിറന്നത്. തുടർന്ന് ഈ സമരസംഘടനയുടെ നേതൃത്വത്തിൽ നടന്ന സുഘടിതവും ചിട്ടയായതുമായ പ്രവർത്തനത്തിലൂടെ സംസ്ഥാനമെമ്പാടുമായി മുന്നൂറോളം പ്രാദേശിക യൂണിറ്റുകൾക്ക് ജന്മം നൽകി. പതിനായിരക്കണക്കിന് സാധാരണജനങ്ങൾ ഒരൊറ്റ സമരസംഘടനയുടെ കീഴിൽ ഒരു മനുഷ്യനെപ്പോലെ അണിനിരന്നു. പദ്ധതി സൃഷ്ടിക്കുന്ന വിനാശത്തെ സംബന്ധിച്ചും സമരസംഘാടനത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ചും രാഷ്ട്രീയ വിദ്യാഭ്യാസം നേടി ജനങ്ങൾ അസാധാരണമായ ഒരു സമരശക്തിയായി ഉയർന്നു. യാതൊരു ഔദ്യോഗിക അറിയിപ്പും നൽകാതെ, രാപകൽ ഭേദമില്ലാതെ അടുക്കളയിലും മുറ്റത്തും പറമ്പിലും മഞ്ഞക്കുറ്റിയുമായി സാമൂഹ്യാഘാത പഠനത്തിനെന്ന പേരിൽ വൻ പോലീസ് അകമ്പടിയോടെ ധിക്കാരപൂർവ്വം കയറിചെന്ന കെ റെയിൽ സംഘത്തെ ചെറുത്തുപരാജയപ്പെടുത്തിയത് അസാധാരണമായ ഈ സമരശക്തിയാണ്. സ്വന്തം വീട്ടുമുറ്റത്ത് പ്രതിഷേധിച്ച സാധാരണ സ്ത്രീകളോടും കുട്ടികളോടും വൃദ്ധരോടും സാമൂഹ്യപ്രവർത്തകരോടും പോലീസ് നടത്തിയ പൊറുക്കാനാവാത്ത അതിക്രമങ്ങൾക്ക് ജനങ്ങൾ സാക്ഷികളായി. ആരെതിർത്താലും, എന്തു പ്രതിഷേധമുണ്ടായാലും എന്തിന് സാമൂഹ്യാഘാത പഠന റിപ്പോർട്ട് എതിരായാലും പദ്ധതി നടപ്പാക്കുമെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ ധിക്കാരം നിറഞ്ഞ നിലപാട് കേരളത്തിന്റെ ജനാധിപത്യ മനസ്സാക്ഷിക്ക് താങ്ങാനാവുന്നതിനും അപ്പുറമായിരുന്നു. നാവ് ഏതു രീതിയിൽ വളച്ചും പച്ച നുണകൾ അവതരിപ്പിക്കുന്ന സിപിഐഎം നേതാക്കളുടെ ജൽപ്പനങ്ങൾ സംസ്ഥാനത്തിന്റെ പ്രബുദ്ധതയെ ചോദ്യം ചെയ്യുന്ന നിലയിലായിരുന്നു. കുടിയൊഴിപ്പിക്ക ലിനു ഇരകളാകുന്ന സാധാരണജനങ്ങൾ മാത്രമല്ല, സംസ്ഥാനത്തെ ഏതാണ്ട് മുഴുവൻ ജനങ്ങളും ഏറ്റവും ന്യായമായ ഈ സമരത്തോടൊപ്പം അചഞ്ചലമായി നിലകൊണ്ടു.

രാജ്യസുരക്ഷാപ്രശ്നത്തിന്റെ പേരുപറഞ്ഞ് ഡിപിആർ ഉൾപ്പടെ പദ്ധതിയുമായി ബന്ധപ്പെട്ട സകലവിഷയങ്ങളും സർക്കാർ ജനങ്ങളിൽ നിന്നു മറച്ചുവച്ചു. സമരനേതൃത്വം വിവരാവകാശപ്രകാരം മനസ്സിലാക്കിയ പദ്ധതിയെ സംബന്ധിച്ചുള്ള ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ ജനങ്ങളിൽ പദ്ധതിക്കെതിരെ ഉറച്ച ബോദ്ധ്യം സൃഷ്ടിച്ചു. ജനവികാരത്തിന് യാതൊരു വിലയും സർക്കാർ കൽപ്പിക്കുന്നില്ലെന്നുള്ള സമീപനംകൂടിയായപ്പോൾ കേരളത്തിലെ ജനാധിപത്യ മനസാക്ഷി സർക്കാരിനെതിരെ ശക്തമായി ഉണർന്നു. ഡിപിആർ പുറത്തുവന്നതോടെ പദ്ധതി, നാടിനെ തകർക്കുന്ന വിനാശപദ്ധതിയാണെന്ന വസ്തുത വ്യക്തമായി. പാരിസ്ഥിതികമായും സാമൂഹ്യമായും സാമ്പത്തികമായും ജനങ്ങളുടെ നിലനിൽപ്പിനെയും സുരക്ഷയെയും ബാധിക്കുമെന്ന തിരിച്ചറിവ് സമരത്തെ കൂടുതൽ ശക്തമാക്കി. പരിസ്ഥിതി-സാമൂഹ്യ-സാമ്പത്തിക വിദഗ്ധരുടെ ശക്തമായ എതിർപ്പ്, ബഹു കേരള ഹൈക്കോടതിയുടെ പദ്ധതിക്കെതിരായ ചോദ്യങ്ങൾക്കുമുമ്പിൽ ഉത്തരമില്ലാതെ വിയർക്കേണ്ടിവന്ന കെ റെയിൽ കമ്പനി, സാമൂഹ്യാഘാതപഠനത്തിന്റെ പേരിലുള്ള സർക്കാർ നടപടികൾ, ശാസ്ത്രീയമായ ഒരടിത്തറയുമില്ലാത്ത, തട്ടിക്കൂട്ട് രേഖയായ ഡിപിആർ, രേഖകളിൽ കൃത്രിമം കാണിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇവയെല്ലാം സർക്കാരിനെ തുറന്നുകാട്ടി. മേൽപറഞ്ഞ കാര്യങ്ങളെല്ലാം കേരള സമൂഹത്തിൽ സൃഷ്ടിച്ച ചോദ്യങ്ങളും പ്രതിഷേധവും നിലനിൽക്കേയാണ് തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് കടന്നുവന്നത്. കെ റെയിൽ ഇരകൾ മാത്രമല്ല, തൃക്കാക്കര മണ്ഡലത്തിലെ ഏതാണ്ട് മുഴുവൻ വോട്ടർമാരും സിൽവർലൈൻ പദ്ധതിക്കെതിരെയും പദ്ധതിയുടെ പേരിലുള്ള ധാർഷ്ട്യത്തിനെതിരെയും സർക്കാരിനോട് കണക്കുതീർക്കണമെന്ന് ചിന്തിച്ചു. നീതിയോടൊപ്പമുള്ള ജനങ്ങളുടെ ഈ നിലപാടാണ് ഇടതു സ്ഥാനാർത്ഥിയെ പരാജയത്തിന്റെ പിറകിൽ പ്രവർത്തിച്ച സുപ്രധാനമായ രാഷ്ട്രീയ ഘടകം.

## ഇടതുപക്ഷം സമ്മാനിച്ച കോൺഗ്രസ്സ് വിജയം

സിപിഐ(എം) നയിക്കുന്ന ഇടതുമുന്നണി നടത്തിയ നിർലജ്ജമായ വലതുരാഷ്ട്രീയ പ്രചാരണം കോൺഗ്രസ്സിന്റെ അനായസമായ വിജയത്തിന് വഴിയൊരുക്കുകയാണ് ചെയ്തത്. കോൺഗ്രസ്സ് അനുവർത്തിച്ചിട്ടുള്ള സാമ്പത്തിക – രാഷ്ട്രീയ നയങ്ങളെ തെരഞ്ഞെടുപ്പിന്റെപ്രചാരണരംഗത്തെ കേന്ദ്രബിന്ദുവാക്കിക്കൊണ്ട്, പ്രസ്തുത നയങ്ങൾ സൃഷ്ടിച്ച പതനത്തിലാണ്ട സാമൂഹ്യസാഹചര്യത്തെ അധികരിച്ച് സജീവമായ ചർച്ചകളും അവയ്ക്കെതിരെയുള്ള പ്രക്ഷോഭത്തിന്റെ സന്ദേശവും ഉയർത്തുകയായിരുന്നു യഥാർത്ഥ ഇടതുപക്ഷ ധർമ്മം. അതു ചെയ്തില്ലെന്നു മാത്രമല്ല, ജനാധിപത്യ രാഷ്ട്രീയത്തിന്റെ ഉള്ളടക്കം തെരഞ്ഞെടുപ്പിൽ നിന്ന് ചോർത്തിക്കളഞ്ഞുകൊണ്ട് സിപിഐ(എം), വികസനത്തെ തെരഞ്ഞെടുപ്പിന്റെ കേന്ദ്രവിഷയമാക്കിയപ്പോൾ കോൺഗ്രസ്സ് അത് സമർത്ഥമായി പ്രയോജനപ്പെടുത്തി. സിൽവർലൈൻ വിരുദ്ധ ജനകീയപ്രക്ഷോഭത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട്, യുഡിഎഫ് സമരപക്ഷത്തിന്റെ പ്രതിനിധികളായി മാറി. വ്യവസ്ഥാപിത ഇടതുപക്ഷം കൈയൊഴിഞ്ഞ സമരപതാക കോൺഗ്രസ്സിന്റെ കൈവശമെത്തുന്ന വൈപരീത്യം കേരളത്തിന് കാണേണ്ടിവന്നു. ഒരു കോർപ്പറേറ്റ് പദ്ധതിയുടെ അടിയുറച്ച നടത്തിപ്പുകാരും, അത് നടപ്പാക്കാൻ ജനങ്ങളെ അടിച്ചൊതുക്കുകയും ചെയ്യുന്ന ഒന്നായി സിപിഐ(എം) മാറിയപ്പോൾ, സ്വഭാവികമായും അതിനെ എതിർക്കുന്നവരെ ജനകീയസമരത്തിന്റെ വക്താക്കളായി കാണാൻ ജനങ്ങൾ പ്രേരിതരായി. പ്രതിപക്ഷ സ്ഥാനത്തിന്റെ സൗകര്യം ഫലപ്രദമായി കോൺഗ്രസ്സ് പ്രയോജനപ്പെടുത്തുകയും ചെയ്തു. പരിപൂർണ്ണമായും ഇത്തരമൊരു സാഹചര്യം സൃഷ്ടിച്ചതിന്റെ ഉത്തരവാദികൾ സിപിഐ(എം)ഉം ഇടതുമുന്നണിയുമാണ്. ഇത് കോൺഗ്രസ്സ് രാഷ്ട്രീയത്തിനുള്ള അംഗീകാരം എന്നതിനുമപ്പുറം ഇടതുഭരണത്തിനെതിരായ വിധിയെഴുത്താണ്.

## ജനാധിപത്യസമരമാണ് ഇടത് രാഷ്ട്രീയത്തിന്റെ പ്രാണൻ

ആഴമേറിയ പതനത്തെയാണ് ദേശീയരാഷ്ട്രീയരംഗം ഇന്ന് അഭിമുഖീകരിക്കുന്നത്. ഏതാനും കോർപ്പറേറ്റ് കുടുംബങ്ങൾക്ക് വേണ്ടിയുള്ള ഭരണം ജനങ്ങളെ നിസ്സഹായതയുടെ പടുകുഴിയിലേക്ക് ചവിട്ടിത്താഴ്ത്തിയിരിക്കുന്നു. ജീവിത ദുരിതങ്ങൾ അതിന്റെ പാരമ്യതയിലാണെന്ന് തിരിച്ചറിയുന്ന ഭരണനേതൃത്വം, ജനങ്ങളുടെ ജീവിതവുമായി ഒരു ബന്ധവുമില്ലാത്ത വൈകാരിക വിഷയങ്ങൾ ഉയർത്തി അവരെ തമ്മിലടിപ്പിക്കാൻ ചെന്നായബുദ്ധിയോടെ പ്രവർത്തിക്കുകയാണ്. ജനാധിപത്യസമരത്തിന്റെ നെടുങ്കോട്ട കെട്ടി ബിജെപിയുടെ ഫാസിസ്റ്റ് നയങ്ങളെ ചെറുക്കുക എന്ന അതീവപ്രധാനമായ രാഷ്ട്രീയ കടമ ഒരു നിമിഷത്തേക്കുപോലും വൈകാൻ പാടില്ല. എത്രശ്രമകരമെങ്കിലും അത് നിർവ്വഹിക്കപ്പെടേണ്ട ചരിത്രഘട്ടത്തിൽ എവിടെയാണ് വ്യവസ്ഥാപിത ഇടതുപക്ഷം? സിപിഐ, സിപിഐ(എം) പ്രസ്ഥാനങ്ങൾ പരിപൂർണ്ണമായും ജനാധിപത്യ സമരത്തിന്റെ രാഷ്ട്രീയം കൈവെടിഞ്ഞിരിക്കുന്നു. ദേശീയതലത്തിൽ പ്രക്ഷോഭത്തിന്റെ ഒരു ചെറുതരിയെങ്കിലും കൊളുത്താൻ ഒരു പരിശ്രമവും ഈ പ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. അധികാരത്തിലിരുന്നുകൊണ്ട് കേരളത്തിൽ പിന്തുടരുന്ന നയങ്ങളാകട്ടെ ജനാധിപത്യസമരങ്ങളെ തീർത്തും ദുർബ്ബലപ്പെടുത്തുന്നു.

ഏതെങ്കിലും രാഷ്ട്രീയകക്ഷിയുടെ കൊടിയുമേന്തിയുള്ള, സങ്കുചിതമായ പാർലിമെന്ററി താൽപ്പര്യം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒന്നല്ല ജനാധിപത്യസമരം. എല്ലാത്തരം ഭേദങ്ങൾക്കും അതീതമാ

(ശേഷം 6–ാം പേജിൽ)

# കേരളത്തിലെ സർക്കാർ ജീവനക്കാരെ കാത്തിരിക്കുന്നതെന്ത്?

**രാ**ജ്യമെങ്ങുമെന്നതുപോലെ കേരളത്തിലും സർക്കാർ സർവ്വീസും സർക്കാർ ജീവനക്കാരും മുമ്പെങ്ങുമില്ലാത്തവിധം ഗുരുതരമായ പ്രതിസന്ധികൾ നേരിടുകയാണ്. 1990കളിൽ ആരംഭംകുറിച്ച ആഗോളവൽക്കരണ നടപടികൾ ഉച്ചസ്ഥായിയിലെത്തിയിരിക്കുന്നു. സർക്കാർ വകുപ്പുകളെയെല്ലാം മിഷനുകൾപോലുള്ള ആഗോളവൽക്കരണകാലത്തെ പുതിയ സംവിധാനങ്ങൾ വിഴുങ്ങിക്കഴിഞ്ഞു. ജീവനക്കാരുടെ എണ്ണം വൻതോതിൽ വെട്ടിക്കുറയ്ക്കാൻ സർക്കാർ മത്സരബുദ്ധി കാണിക്കുകയാണ്. കരാർവൽക്കരണവും വ്യാപകമായിരിക്കുന്നു.



**ഒ**രു ലക്ഷത്തിലധികംപേർ പുതിയപെൻഷൻകാരായി,അഥവാ പെൻഷൻ ഇല്ലാത്തവരായി മാറ്റപ്പെട്ടുകഴിഞ്ഞു. പിന്നാലെ വരുന്നവർ ക്രമേണ ആ ഗണത്തിലേക്ക് നയിക്കപ്പെടും. സ്ഥിരസ്വഭാവത്തിൽ ശമ്പളം കിട്ടുമെന്ന് കരുതേണ്ടതില്ല എന്ന സന്ദേശം നൽകിക്കഴിഞ്ഞു. സർക്കാർ ജീവനക്കാർക്കെതിരെ ആക്രമണം ആരംഭിക്കുന്നതിനു മുൻപായി ഏതൊരു മന്ത്രിസഭയും ചെയ്യുന്നതുപോലെ ജീവനക്കാരെ നിത്യേന മുഖ്യമന്ത്രിയടക്കം പുലഭ്യം പറയുന്നു. ആസന്നമായിരിക്കുന്ന അപകടത്തിനെതിരെ ജീവനക്കാരെ അണിനിരത്തി വീറുറ്റ പ്രക്ഷോഭണം സംഘടിപ്പിക്കേണ്ട സന്ദർഭത്തിൽ സുസംഘടിതമെന്ന് പേരുകേട്ട കേരളത്തിലെ സർവ്വീസ് സംഘടനകൾ അസുഖകരമായ നിശബ്ദതയിലാണ്.

ഉമ്മൻ ചാണ്ടി സർക്കാർ 2013ൽ നടപ്പിലാക്കിയ പങ്കാളിത്തപെൻഷൻ പദ്ധതി, ഭരണമാറ്റത്തിനുശേഷം എൽഡിഎഫ് HBA (House building advance) നിർത്തലാക്കിയത്, ലീവ് സറണ്ടർ മരവിപ്പിക്കൽ, ക്ഷാമബത്തയുടെ നിഷേധം, ശമ്പളം പിടിച്ചെടുക്കൽ-വെട്ടിക്കുറയ്ക്കൽ, ജീവനക്കാരുടെ ആരോഗ്യ പരിരക്ഷ കൈയൊഴിയാൻ ലക്ഷ്യമിട്ട MEDISEP, ഒരു ഉപരിവർഗ്ഗ ഉദ്യോഗവൃന്ദത്തെ സർവീസിൽ തിരുകിക്കയറ്റാൻ ലക്ഷ്യമിടുന്ന KAS, ഭരണപരിഷ്കാരത്തിന്റെ മറവിൽ നടക്കുന്ന വ്യാപക കരാർവൽക്കരണം, ഔട്ട്സോഴ്സിങ്, തസ്തിക വെട്ടിക്കുറയ്ക്കൽ, വകുപ്പുകളെ ചെറുതാക്കൽ തുടങ്ങി നിരവധിയായ പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടും അവയെ അഭിസംബോധന ചെയ്യാൻ കെല്പില്ലാത്തവരായി വ്യവസ്ഥാപിത സർവ്വീസ് സംഘടനകൾ മാറിയിരിക്കുന്നു എന്നത് വസ്തുത മാത്രം. ഏതാനും കാറ്റഗറി സംഘടനകളും പങ്കാളിത്തപെൻഷൻകാരും മാത്രമാണ് തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി സമര രംഗത്തുള്ളത്. ഇതു കൂടാതെ, സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന പരിഷ്കാരങ്ങളുടെ രാഷ്ട്രീയത്തെക്കുറിച്ചുള്ള അവ്യക്തതയും ഒരു യോജിച്ച പ്രക്ഷോഭത്തിനിറങ്ങുന്നതിൽനിന്നും ജീവനക്കാരെ തടയുന്നു. വ്യവസ്ഥാപിത സംഘടനകൾ സമരരംഗത്തുനിന്നും പിൻവാങ്ങുമ്പോൾ, അതിനൊത്ത് ജീവനക്കാർക്കെതിരെയുള്ള ആക്രമണം ശക്തിപ്പെടുമ്പോൾ, ജീവനക്കാർ ഈ രാഷ്ട്രീയജ്ഞാനം ആർജ്ജിക്കേണ്ടത് അടിയന്തര ആവശ്യകതയാകുന്നു.

### ആഗോളവൽക്കരണം സിവിൽ സർവ്വീസിനെ മെലിയിക്കുന്നു; ക്ഷേമ പ്രവർത്തനങ്ങൾ കൈയൊഴിയുന്നു

1997ൽ ഇ.കെ.നായനാർ മന്ത്രിസഭ നിയമിച്ച സംസ്ഥാനത്തെ മൂന്നാം ഭരണപരിഷ്ക്കാര കമ്മീഷന്റെ റിപ്പോർട്ട് അടിമുടി ആഗോളവൽക്കരണ അജണ്ടക്ക് അനുസൃതമായിരുന്നു. കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹികക്ഷേമ രംഗങ്ങളിലുണ്ടായ നേട്ടങ്ങൾ സർക്കാരിന് വലിയ ബാധ്യത ഉണ്ടാക്കുന്നതായും അതിനാൽ അടിയന്തര പരിഷ്ക്കാരങ്ങൾ ആവശ്യമാണ് എന്നും പ്രസ്താവിക്കുന്നു. കൂടാതെ സേവന ദാതാവ് എന്നനിലയിൽനിന്നും, സൗകര്യങ്ങൾ ഒരുക്കുക, നിയന്ത്രിക്കുക തുടങ്ങിയ ചുമതലകളിലേക്ക് മാറണം എന്നും അഭിപ്രായപ്പെടുന്നു. സർക്കാർ സർവ്വീസിന്റെ വലുപ്പം കുറക്കുന്നതിനെപ്പറ്റി റിപ്പോർട്ടിൽ പരാമർശിക്കുന്നു. ആരോഗ്യ ഇൻഷ്വറൻസ് എന്ന ആശയവും റിപ്പോർട്ടിൽ പരാമർശിക്കുന്നു. സർക്കാർ ജനക്ഷേമപ്രവർത്തനങ്ങളിൽനിന്നും പിൻമാറി ഉത്തരവാദിത്തം ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്ന അധികാര വികേന്ദ്രീകരണ പദ്ധതികൾ ശക്തിപ്പെടുത്തണം എന്ന കാഴ്ചപ്പാട് മൂന്നാം ഭരണപരിഷ്ക്കാരകമ്മീഷൻ ശക്തമായി ഉന്നയിച്ചു.

തുടർന്നുവന്ന എ.കെ.ആന്റണി ഗവൺമെന്റ് 2002 ജനവരി 16ന്റെ കുറുത്ത ഉത്തരവിലൂടെ മൂന്നാം ഭരണപരിഷ്ക്കാരകമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടങ്ങിവച്ചു. അധികജീവനക്കാരെ കണ്ടെത്തുവാൻ കമ്മിറ്റി, ജീവനക്കാരെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുക, നിയമനങ്ങൾക്ക് നിയന്ത്രണം, ലീവ് സറണ്ടർ-ഭവന വായ്പ-ക്ഷാമബത്ത തുടങ്ങിയ ആനുകൂല്യങ്ങൾ നിഷേധിക്കുക, പങ്കാളിത്ത പെൻഷൻ, സ്കൂളുകൾ ലാഭകരമല്ലെന്ന് ആരോപിച്ച് നിർത്തലാക്കുക തുടങ്ങി ധാരാളം നിർദ്ദേശങ്ങൾ ഈ ഉത്തരവിൽ ഉൾക്കൊള്ളുന്നു. ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നും ഭരണനവീകരണ പരിപാടിക്കും സാമ്പത്തിക പരിഷ്ക്കരണത്തിനും ലോൺ വാങ്ങിയ ആന്റണി ഗവൺമെന്റ് ലോൺ ലഭിക്കുന്നതിനുവേണ്ടി എഡിബി നിർദ്ദേശങ്ങൾ പ്രകാരം സർക്കാർ സർവ്വീസിനെ പുനക്രമീകരിച്ചു. ജീവനക്കാരുടെ ഐതിഹാസികമായ പ്രക്ഷോഭണങ്ങൾ അന്ന് ഉയർന്നെങ്കിലും ക്രമേണ ഈ പരിഷ്ക്കരണങ്ങൾ ഇടതു വലതു ഭേദമെന്യേ തുടർന്നുവന്ന സർക്കാരുകളെല്ലാം ഒന്നൊന്നായി നടപ്പിലാക്കി. ഇന്നത് ഏറ്റവും തീവ്രമായ നിലയിൽ എത്തിയിരിക്കുന്നു.

പുതിയ പല പരിഷ്ക്കരണങ്ങൾ വഴിയും കരാർവത്ക്കരണം, ഔട്ട് സോഴ്സിങ്ങ് തുടങ്ങിയവവഴിയും സർക്കാർ വകുപ്പുകളിൽ വലിയ തൊഴിൽ നഷ്ടം ഉണ്ടായിരിക്കുന്നു. എല്ലാ വകുപ്പുകളിലും ഡ്രൈവർ, ടൈപ്പിസ്റ്റ്, ഓഫിസ് അറ്റൻഡന്റ് എന്നീ തസ്തികകൾ തിരോധാന ഭീഷണിയിലാണ്. മറുവശത്ത് ഔട്ട് സോഴ്സിങ്ങ് സ്ഥാപനങ്ങളെന്ന നിലയിൽ സ്വകാര്യമേഖലയിൽ അക്ഷയ, കോമൺ സർവ്വീസ് സെന്ററുകൾ തുടങ്ങിയവ വ്യാപകമാകുന്നു. സർക്കാർ ഉദ്യോഗസ്ഥർ ചെയ്യേണ്ട ജോലികൾ യാതൊരു തൊഴിലവകാശങ്ങളുമില്ലാതെ ആയിരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ആഗോളവത്ക്കരണ നയങ്ങൾക്കനുസൃതമായി വകുപ്പുകളെ പുന:സംഘടിപ്പിക്കുന്നതിനായി ആഗോള സാമ്പത്തികശക്തികൾ നൽകുന്ന വായ്പകളുടെ വിനിയോഗത്തിന് സമാന്തര സംവിധാനങ്ങൾ എല്ലാ വകുപ്പുകളിലും ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉണ്ടാക്കിയിരിക്കുന്ന നിരവധി മിഷനുകളിലും സൊസൈറ്റികളിലും പൂർണ്ണമായും കരാർ നിയമനങ്ങളാണുള്ളത്. നിലവിലുള്ള ഡിപ്പാർട്ടുമെന്റുകളെ നോക്കുകുത്തികളാക്കി പ്രവർത്തിക്കുന്ന ഈ സമാന്തര സംവിധാനങ്ങൾ ഡിപ്പാർട്ടുമെന്റുകളെ ഇല്ലാതാക്കുന്നതിനൊ ചെറുതാക്കുന്നതിനൊ ഉള്ള ഉപകരണങ്ങളാണ്.

### പങ്കാളിത്ത പെൻഷൻ(NPS), പെൻഷന്റെ അന്തകവിത്ത്

കേന്ദ്രസർക്കാർ ആവിഷ്കരിച്ച പങ്കാളിത്ത പെൻഷൻ സ്കീം 2013ഏപ്രിൽ മുതൽ ഉമ്മൻ ചാണ്ടി സർക്കാർ കേരളത്തിലും പ്രാബല്യത്തിൽകൊണ്ടുവന്നു. 2013 ഏപ്രിൽ 1മുതൽ സർവ്വീസിൽ കയറുന്ന ജീവനക്കാരന് അവസാനം വാങ്ങിയ ശമ്പളത്തിന്റെ പകുതി എന്ന് സാമാന്യമായി നിർവ്വചിക്കപ്പെട്ട പെൻഷൻ അഥവാ സ്റ്റാട്ട്യൂട്ടറി പെൻഷൻ നൽകില്ല. മാറ്റി വക്കപ്പെട്ട വേതനം എന്ന പെൻഷൻ നിഷേധിച്ചു കൊണ്ട് ഓഹരിക്കമ്പോളത്തിന്റെ അനിശ്ചിതത്വത്തിലേക്ക് ജീവനക്കാരെ തള്ളിവിട്ടു. ഗ്രാറ്റുവിറ്റി ലഭിക്കില്ല. പെൻഷനെന്നത് ഭരണഘടനാ ദത്തവും ഒരാളുടെ അദ്ധ്വാന കാലദൈർഘ്യത്തെ ആധാരമാക്കിയ കണക്കുകൾ പ്രകാരം നിർണ്ണയിച്ചു നൽകുന്നതുമായ പ്രതിഫലമാണ്. ആ നിർബന്ധങ്ങൾ ഇല്ലാതാവുകയും ചുമതലകളുടെ സ്ഥാനത്ത് ഭരണകൂടത്തിന്റെ മുതലാളിത്തപരമായ ലാഭ-നഷ്ട താൽപ്പര്യങ്ങൾ, മുൻപന്തിയിലേക്ക് വരികയും ചെയ്തു 80കളുടെ തുടക്കത്തിൽ ഐഎംഎഫ്, ലോകബാങ്കുപോലുള്ള സാമ്രാജ്യത്വ ഏജൻസികൾ പെൻഷൻഫണ്ടുകളിൽ കണ്ണുവച്ചു തുടങ്ങി. തുടരെവന്ന ആഗോള സാമ്പത്തിക മാന്ദ്യങ്ങളാണ് അതിനവരെ പ്രേരിപ്പിച്ചത്. മൂലധനത്തിന്റെ പിടിയിൽപ്പെടാതെ ജനങ്ങളിലെത്തുന്ന പണം അവരുടെ ഭൗതികജീവിത നിലവാരം സംരക്ഷിക്കാൻ ഉതകുമെങ്കിലും മൂലധനശക്തികൾക്ക് ലാഭകരമല്ലാത്തതിനാൽ സൃഷ്ടിപരമല്ലെന്ന ആശയം അവർ പ്രചരിപ്പിച്ചു.

2002ൽ ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ നേതൃത്വത്തിൽകൊണ്ടുവന്ന ഭരണനവീകരണ പരിപാടിക്കും സാമ്പത്തിക പരിഷ്ക്കരണത്തിനുംവേണ്ടിയുള്ള പദ്ധതിയുടെ(എംജിപിഫിസ്കൽറിഫോംസ് പ്രോജക്ട്) നിർദ്ദേശപ്രകാരം പ്രതിവർഷ ബജറ്റിൽ ജീവനക്കാർക്ക് വേണ്ടിയുള്ള ചിലവിന്റെ ഘടകം കുറച്ചുകൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തിയാണ് എൻപിഎസ് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ കേരളത്തിൽ തുടങ്ങുന്നത്. രാജ്യത്ത് എൻപിഎസ് നടപ്പാക്കുന്ന 2004 ഏപ്രിലിനുമുമ്പുതന്നെ പങ്കാളിത്തപെൻഷൻ നടപ്പാക്കാനുള്ള നിർദ്ദേശം അടങ്ങുന്ന ഉത്തരവ് കേരളത്തിൽ ഇറങ്ങിയിരുന്നു. 2002 ജനവരി 16ലെ ആന്റണി സർക്കാരിന്റെ കുപ്രസിദ്ധമായ കറുത്ത ഉത്തരവായിരുന്നു അത്. ആ ഉത്തരവിലെ 16-ാം നിർദ്ദേശം പങ്കാളിത്ത പെൻഷൻ നടപ്പാക്കണം എന്നതായിരുന്നു. വ്യാപകമായ പ്രതിഷേധത്തെ തുടർന്ന് ജീവനക്കാർ 32ദിവസത്തെ പണിമുടക്ക് നടത്തിയതിനെത്തുടർന്ന് ആ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് കാലതാമസം വന്നുവെങ്കിലും 2013 ഏപ്രിലിൽ കേരളത്തിലും അതു നടപ്പാക്കി. ജീവനക്കാരുടെ പ്രതിഷേധം തണുപ്പിക്കാൻ 6 ദിവസത്തെ സമരം നടത്തി, പ്രതിപക്ഷ സംഘടനകൾ ഇലക്ഷനിൽ കാണാം എന്ന വെല്ലുവിളിയോടെ ബഹിർഗമിച്ചു.

2016ലെ കേരളാ നിയമസഭാ തെരഞ്ഞെടുപ്പിലെ പ്രകടനപത്രികയിൽ പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കും എന്ന വാഗ്ദാനം നൽകി അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ 5 വർഷത്തെ ഭരണം കഴിഞ്ഞ് തുടർഭരണം വന്നിട്ടും പുനഃപരിശോധന പൂർത്തിയാക്കി നടപടി എടുത്തിട്ടില്ല. പങ്കാളിത്ത പെൻഷനിൽനിന്ന് പുറത്തുവരുന്നതിന് തടസ്സമില്ല, സർക്കാരിന് നയപരമായ തീരുമാനം സ്വീകരിക്കാം, ഡിസിആർജി നൽകുക, സർക്കാർ വിഹിതം 14% ആയി ഉയർത്തുക, 10വർഷത്തിൽതാഴെ സർവ്വീസ് ഉള്ളവർ

(ശേഷം 7-ാം പേജിൽ)

## തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് ഫലം

(5-ാം പേജിൽ നിന്ന്)

യി രാജ്യം മുഴുവൻ ജനങ്ങളെ സ്വന്തം സമരസമിതികളിൽ അണിനിരത്തിക്കൊണ്ടുള്ള ഒരു പ്രക്ഷോഭമാണ് ഇവിടെ ഉയിർകൊള്ളേണ്ടത്. പ്രാരംഭദശയിൽ അത് ദുർബ്ബലമായിരിക്കാം. എന്നാൽ പ്രക്ഷോഭം ഉയർത്തുന്ന ശരിയായ മുദ്രാവാക്യങ്ങളുടെ കരുത്തും അത് പ്രദർശിപ്പിക്കുന്ന ഉത്തുംഗമമായ ജനാധിപത്യമൂല്യങ്ങളുടെ സ്വാധീനവും പ്രക്ഷോഭത്തിന്റെ സത്യസന്ധതയും സമർപ്പണവും ക്രമേണ ജനങ്ങളെ ആകൃഷ്ടരാക്കും. അധികാരത്തിന്റെ ഇടുങ്ങിയ താൽപ്പര്യങ്ങളെ പുഛത്തോടെ തള്ളിക്കളയുന്ന, ജനങ്ങളുടെ ന്യായമായ ആവശ്യങ്ങളെ പ്രാണനെപ്പോലെ കരുതുന്ന ആ സമരത്തിൽ നാൾക്കുനാൾ ജനങ്ങൾ വന്നണയുകതന്നെ ചെയ്യും. അന്തിമവിജയം ജനങ്ങൾക്കുതന്നെയായിരിക്കും.

അധികാരത്തിന്റെ ഏത് മുഷ്കിനെയും പരാജയപ്പെടുത്താനാകുമെന്ന് ഐതിഹാസികമായ കർഷകസമരം തെളിയിച്ചു. ഇന്ന് ആത്മാഭിമാനപൂർവ്വം കേരളത്തിന്റെ മണ്ണിൽ ജനങ്ങൾ രചിക്കുന്ന സിൽവർ ലൈൻ വിരുദ്ധ സമരം ഇടതുപക്ഷരാഷ്ട്രീയത്തിന്റെ മഹത്തായ ഉള്ളടക്കം പേറുന്ന ഒന്നാണ്. ജനാധിപത്യസമരത്തിന്റെ പാത ഇതുതന്നെയാണെന്ന് തിരിച്ചറിയാനും ശക്തിപ്പെടുത്താനും ഞങ്ങൾ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു. ഇടതുപ്രസ്ഥാനങ്ങളുടെ അപചയം ദർശിച്ച്, മനം മടുത്ത് സമരരാഷ്ട്രീയത്തിന്റെ പാത കൈവെടിയരുതെന്ന് സത്യസന്ധരായ ഇടതുപക്ഷവിശ്വാസികളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കോർപ്പറേറ്റ് നയങ്ങൾക്കെതിരായ ജനസമരത്തിന്റെ പാതയിലുറച്ചു നിൽക്കണമെന്ന ആവശ്യം സിപിഐ, സിപിഐ(എം) നേതൃത്വങ്ങളുടെ മുന്നിൽ ശക്തമായി മുന്നോട്ട്വയ്ക്കണമെന്ന് ഇടതുപക്ഷരാഷ്ട്രീയത്തെ സ്നേഹിക്കുന്ന ഏവരോടും അഭ്യർത്ഥിക്കുന്നു. മനുഷ്യോചിതമായ ജീവിതം സാധ്യമാക്കാൻ വിട്ടുവീഴ്ചയില്ലാത്ത ജനാധിപത്യപ്രക്ഷോഭത്തിന്റെ പതാകവാഹകരാകാൻ എല്ലാ മനുഷ്യസ്നേഹികളും മുന്നോട്ടുവരണം. ■

# സർക്കാർ സർവീസിന്റേമേലുള്ള ആക്രമണം വികസന, ക്ഷേമ, സാമൂഹ്യസുരക്ഷ മേഖലകളെ പിന്നോട്ടടിക്കും

*(6–ാം പേജിൽ നിന്ന്)*

ക്ക് എക്സ്-ഗ്രേഷ്യ പെൻഷന്റെ മിനിമം തുക നൽകുക തുടങ്ങിയ പല നിർദ്ദേശങ്ങളും പുനഃപരിശോധനക്കായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉള്ളതായി ധനമന്ത്രി നിയമസഭയെ അറിയിച്ചിരുന്നു. ഇടതെന്നവകാശപ്പെടുന്ന ഒരു സർക്കാരാണ് ഈ നികൃഷ്ട നീക്കങ്ങൾ നടത്തുന്നത്. രാജസ്ഥാനിലെയും ചത്തീസ്ഗഢിലെയും സർക്കാരുകൾ എൻപിഎസ് പിൻവലിക്കാൻ തീരുമാനമെടുത്തത് പ്രതീക്ഷ നൽകുന്നു. ഈ പദ്ധതിയിൽപെട്ടുപോയ ജീവനക്കാർ നടത്തുന്ന സ്വതന്ത്രമായ സമരപ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും നൽകേണ്ടതുണ്ട്.

## വെട്ടികുറയ്ക്കപ്പെടുന്ന ശമ്പളവും ഇല്ലാതാകുന്ന ആനുകൂല്യങ്ങളും

ശമ്പളവും-പെൻഷനും പൈസക്കണക്കിൽ വർദ്ധിക്കുന്നുണ്ടെങ്കിലും യഥാർത്ഥവേതനവും പെൻഷൻ ആനുകൂല്യങ്ങളും ശമ്പളപരിഷ്കരണങ്ങളിലൂടെ വെട്ടിക്കുറയ്ക്കപ്പെടുകയാണ്. റവന്യുവരുമാനത്തിന്റെ 90 ശതമാനവും ശമ്പളത്തിനും പെൻഷനുമായി ചെലവഴിക്കുന്നു എന്ന ശുദ്ധകളവ് ആവർത്തിക്കുകയാണ് മന്ത്രിമാർ. യഥാർത്ഥത്തിൽ വരുമാനത്തിന്റെ മുഖ്യപങ്കും ലക്കും ലഗാനുമില്ലാതെ വാങ്ങിക്കൂട്ടുന്ന വായ്പയുടെ പലിശയ്ക്കാണ് ചെലവഴിക്കുന്നത്. പ്രകൃതി ദുരന്തങ്ങളും മഹാമാരിയുമൊക്കെ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും കവർന്നെടുക്കാനുള്ള അവസരമാക്കി ഉപയോഗിക്കുന്നു. അതിനു ന്യായികരണം എന്നനിലയിൽ ജനങ്ങളുടെ ഇടയിൽ ജീവനക്കാരെപ്പറ്റി അവമതിപ്പുണ്ടാക്കുന്നു.

ജീവനക്കാർ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത ആനുകൂല്യങ്ങൾ ഓരോന്നായി കവർന്നെടുക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു നിശ്ചിത സമയത്തെ വിപണി വിലപ്പെരുപ്പം, പണപ്പെരുപ്പം, നാണയമൂല്യ ശോഷണം തുടങ്ങിയ സൂചകങ്ങളെ ആധാരമാക്കി ശാസ്ത്രീയമായി നിർണ്ണയിക്കുന്നതാണ് ക്ഷാമബത്ത. അതതുസമയത്ത് ക്ഷാമബത്ത പ്രഖ്യാപിക്കാതെയും, അഥവാ കേന്ദ്രം പ്രഖ്യാപിച്ചാൽത്തന്നെ സംസ്ഥാനത്ത് അനുവദിക്കാതെയുമിരിക്കുന്നത് പതിവായിരിക്കുന്നു. ക്ഷാമബത്ത മാസങ്ങൾക്കോ വർഷങ്ങൾക്കോശേഷം നൽകുന്നു വഴി ജീവനക്കാർ സാമ്പത്തികമായി എല്ലായ്പ്പോഴും ക്ഷാമത്തിലായിരിക്കുമെന്നാണ് സർക്കാർ ഉറപ്പാക്കുന്നത്. ഏറ്റവും വലിയ തട്ടിപ്പു നടക്കുന്നത് ശമ്പളപരിഷ്കരണത്തിലാണ്. 2019ൽ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 27000രൂപയെങ്കിലും ആകേണ്ടിയിരുന്നത് രണ്ടുകൊല്ലങ്ങൾക്ക് ശേഷംനടന്ന പരിഷ്കരണത്തിൽ 23000മായി കുറഞ്ഞു. അതിനകം രാജ്യത്തിന്റെ ആഭ്യന്തര പൊതുവിപണിവില സൂചികകൾ എത്രയോതവണ ഉയർന്നത് ശമ്പള പരിഷ്കരണ കമ്മീഷൻ തന്ത്രപൂർവ്വം മറച്ചു വച്ചു. പണത്തിന്റെ കണക്കിൽ വർദ്ധനവുകാണിച്ച് യഥാർത്ഥ വേതനം വെട്ടിക്കുറയ്ക്കുന്ന ഇത്തരം വിദ്യയാണ് ഏതാനും പരിഷ്കരണങ്ങളിലായി ശമ്പളക്കമ്മീഷനുകൾ പയറ്റുന്നത്.

കോവിഡിന്റെ പേരുപറഞ്ഞ് രണ്ടുവർഷമായി ക്ഷാമബത്തയും ലീവ്സറണ്ടറും തടഞ്ഞുവച്ചിരിക്കുകയാണ്. 1960ലെ മെഡിക്കൽ അറ്റൻഡൻസ് റൂൾസ് പ്രകാരം ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും പെൻഷൻകാരുടെയും ആരോഗ്യപരിരക്ഷ സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഈ ഉത്തരവാദിത്തം MEDISEP എന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലൂടെ തന്ത്രപൂർവ്വം കൈയൊഴിയാൻ ശ്രമിക്കുകയാണ്. ഭാവിയിലുണ്ടാകാനിടയുള്ള രോഗത്തെച്ചൊല്ലി ഭീതിയുണ്ടാക്കി, ആ ദുരവസ്ഥ വിപണിവൽക്കരിച്ചാണ് പൊതു-സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ ജനങ്ങളെ കൊള്ളയടിക്കുന്നത്. സർക്കാരിന്റെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് കിട്ടാക്കനിയായതുകൊണ്ട് സംസ്ഥാനത്തെ പകുതിയിലേറെ ജീവനക്കാരും മെച്ചപ്പെട്ട ചികിത്സ പ്രതീക്ഷിച്ച് അത്തരം ഏതെങ്കിലുമൊരു കമ്പനിയുടെ പോളിസിക്കാരായിട്ടുണ്ട്.

ചികിത്സാനുകൂല്യങ്ങൾ പരിഷ്കരിച്ച് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് സർവ്വീസ് ഫ്രണ്ട് ലിയാക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. പകരം സർക്കാർ മേൽവിലാസത്തിലെ ഒരു ആരോഗ്യ പോളിസിയുടെ പേരിൽ പ്രതിമാസം 500രൂപ ജീവനക്കാരനിൽനിന്നും പോക്കറ്റടിച്ച് അതിൽനിന്ന് 400രൂപ കമ്പനിക്കും ബാക്കി സ്വന്തം കമ്മീഷനുമാക്കുന്ന സർക്കാരിനെ എന്തു പേരിട്ടു വിളിക്കും? പെൻഷൻപറ്റി പോയവരെപ്പോലും ഈ തട്ടിപ്പിൽ നിന്നൊഴിവാക്കിയിട്ടില്ല. ജീവനക്കാർക്ക് ഹെൽത്ത് പോളിസിയെടുക്കാൻ ഒരു കമ്മീഷൻ ഏജന്റാകുന്ന സർക്കാരല്ല ഇവിടെ വേണ്ടത്.

## കുത്തകമുതലാളിമാരുടെ സേവകരെന്ന നിലയിൽ ഭരണസംവിധാനത്തെ മാറ്റിയെടുക്കുന്നു

രാജ്യത്തിന്റെ സമ്പത്തൊന്നാകെ കൊള്ളയടിക്കാൻ കുത്തക മുതലാളിമാർക്ക് അവസരം നൽകുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തങ്ങളുടെ കോർപ്പറേറ്റ് വികസന പദ്ധതികളെ നാടിന്റെ സ്വപ്നപദ്ധതികളായി അവതരിപ്പിക്കുന്നു. ജനാധിപത്യത്തെയും ക്ഷേമരാഷ്ട്രസങ്കൽപ്പത്തെയും മുൻനിർത്തി ജനജീവിതത്തിന്റെ ആവശ്യകതകൾ നിറവേറ്റാൻ സിവിൽ സർവ്വീസ് മേഖലയെ വിനിയോഗിച്ചിരുന്ന ഗവൺമെന്റുകൾ 90കളിൽ തുടങ്ങിയ ആഗോളീകരണനയങ്ങളെ പിൻപറ്റി ആ ഉത്തരവാദിത്തങ്ങളിൽനിന്ന് ബഹുദൂരം പിന്നോട്ടു പോയിരിക്കുന്നു. സർക്കാരിന്റെ പ്രഥമ പരിഗണനയിൽ ജനങ്ങൾക്കുപകരം മൂലധനം സ്ഥാനം നേടിയിരിക്കുന്നു. മൂലധനാഭിമുഖ്യം കൂടുംതോറും ജനങ്ങൾ കൂടുതൽ കൊള്ളയടിക്കപ്പെടുകയാണ്. സിവിൽ സർവ്വീസിനെ ജനദ്രോഹത്തിനായി ഫലപ്രദമായി ഉപയോഗിക്കുന്ന കാഴ്ചയാണ് കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി നാം കാണുന്നത്. ഒരുവശത്ത് ജനങ്ങൾക്കവകാശപ്പെട്ട സേവനങ്ങൾ ചിലവേറിയതാക്കിമാറ്റുന്നു. മറുവശത്ത് GST, പെട്രോളിയം തീരുവ പോലുള്ള നികുതിക്കൊള്ളകളിലൂടെ സ്വരൂപിക്കുന്ന പണം വികസനമെന്നപേരിൽ നടത്തുന്ന വിനാശ പദ്ധതികൾക്കായി വമ്പൻമുതലാളിമാരിലേക്ക് ഒഴുക്കുന്നു. കെ റെയിൽ സിൽവർലൈൻ പദ്ധതി, വിഴിഞ്ഞം പദ്ധതി, ചുങ്കപ്പാതകൾ, കിഫ്ബി പദ്ധതികൾ തുടങ്ങിയ നിരവധി ഉദാഹരണങ്ങൾ നമുക്ക് മുന്നിലുണ്ട്. ഇതു മൂലമുണ്ടാകുന്ന സാമ്പത്തിക ഞെരുക്കം ആഭ്യന്തര-വിദേശമൂലധനശക്തികളിൽനിന്നും കടമെടുത്താണ് മറികടക്കുന്നത്. 90കളുടെ തുടക്കം മുതൽ എഡിബി, ലോകബാങ്ക്, ബ്രിട്ടീഷ് സ്റ്റോക്ക് മാർക്കറ്റ് തുടങ്ങിയവയിൽ നിന്ന് കടമെടുത്ത് നടത്തിയ വികസന പദ്ധതികൾമൂലം സംസ്ഥാനം ഭയാനകമായ കടക്കെണിയിലകപ്പെട്ടിരിക്കുന്നു. തിരിച്ചടവിന്റെ പലിശയുടെ വിഹിതം വർഷം തോറും വർദ്ധിച്ചു വരുന്നു. കേരള ജനത തങ്ങളുടെ കുഞ്ഞു മക്കളടക്കം പ്രതിശീർഷം ഒരു ലക്ഷം രൂപ കടക്കാരാണിപ്പോൾ. കടമെടുക്കുന്നതിന്റെ ഭവിഷ്യത്തെന്നോണം വിദേശ സാമ്പത്തിക ഏജൻസികൾ മുന്നോട്ടുവയ്ക്കുന്ന നിബന്ധനകൾക്കനുസരിച്ച് ഭരണം നടത്തേണ്ടുന്ന ഗതികേടിലേക്ക് സംസ്ഥാനം നിപതിച്ചിരിക്കുന്നു. ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ നേതൃത്വത്തിൽ കൊണ്ടുവന്ന ഭരണനവീകരണ പരിപാടിയും സാമ്പത്തിക പരിഷ്കരണവും (എംജിപി ആന്റ്ഫിസ്കൽ റിഫോംസ് പ്രോജക്ട്) നടപ്പാക്കുന്നതിന്റെ ഭാഗമായി 2002ൽ എ.കെ.ആന്റണി സർക്കാർ ഇറക്കിയ കറുത്ത ഉത്തരവ് ഈ പൊളിച്ചെഴുത്തിന്റെ ഭാഗമായിരുന്നു. താല്ക്കാലികമായി പിൻവലിക്കപ്പെട്ട ആ ഉത്തരവിലെ നിർദ്ദേശങ്ങൾ ഓരോന്നായി നടപ്പാക്കുന്ന റോളാണ് ഇന്ന് ഇടതുപക്ഷമെന്ന് അവകാശപ്പെടുന്ന സർക്കാർ വഹിക്കുന്നത്.

## പുകൾപെറ്റ കേരള മോഡൽ തകർക്കപ്പെടുന്നു

ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യ സുരക്ഷാ-സാമ്പത്തിക ഭദ്രത-ഭക്ഷ്യ വിതരണ സൂചികകളിൽ കേരളത്തെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് തുലോം ഉയർത്തി നിർത്തുന്ന കേരള മോഡലിൽ സർവ്വീസ് മേഖലയ്ക്കുള്ള പങ്ക് നിസ്തുലമാണ്. അതിനെ തകർത്താൽ കേരളത്തെ മറ്റു സംസ്ഥാനങ്ങളുമായി ചേർത്തു കെട്ടാനാവും. മൂലധനശക്തികളുടെ താൽപ്പര്യം അതാണുതാനും. അതിന് ഒരു ഉടച്ചുവാർക്കൽ ആവശ്യമാണ്. നായനാർ സർക്കാർ കൊണ്ടുവന്ന ജനകീയാസൂത്രണം, എ.കെ.ആന്റണി വക ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ നേതൃത്വത്തിൽകൊണ്ടുവന്ന ഭരണനവീകരണ പരിപാടിയും സാമ്പത്തിക പരിഷ്കരണവും(എംജിപി ആന്റ്ഫിസ്കൽ റിഫോംസ് പ്രോജക്ട്), സുസ്ഥിര നഗരവികസനം, ഡിപിഇപി, എൻആർഎച്ച്എം(ഇപ്പോൾ'ആരോഗ്യ കേരളം' എന്നറിയപ്പെടുന്ന എൻഎച്ച്എം), മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, ഒടുവിലായി വന്നിട്ടുള്ള കിഫ്ബി, ലൈഫ് മിഷൻ, റീബിൽഡ് കേരള, കെആർഡിസിഎൽ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത ഗ്ലോബലൈസേഷൻ പരിഷ്കാരങ്ങൾ മുഖേന മൂലധനശക്തികൾക്ക് കേരളത്തിന്റെ സിവിൽ സർവ്വീസ് രംഗത്ത് കടന്നുകയറി അധീശത്വം സ്ഥാപിക്കാൻ കഴിഞ്ഞിരിക്കുന്നു.

പുതിയ പരിഷ്കാരങ്ങളുടെ ഫലമായി വൻതോതിൽ തസ്തികകൾ വെട്ടിക്കുറയ്ക്കാൻ സർക്കാർ ആവേശത്തോടെ രംഗത്തിറങ്ങിയിരിക്കുകയാണ്. മൂലധനശക്തികളുടെ വീക്ഷണം പേറുന്ന ഉന്നത ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ മത്സരബുദ്ധിയോടെപ്രവർത്തിക്കുകയാണ്. പ്രധാനമായും താഴ്ന്ന വിഭാഗം തസ്തികകളെയാണ് അവർ ലക്ഷ്യം വെക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഭീകരമായ തൊഴിലില്ലായ്മയെ യുവാക്കൾ നേരിടുമ്പോൾ സർക്കാർ ജോലിയും കൂടെ അപ്രാപ്യമാവുകയാണ്. സ്ഥിരജോലികൾ ഇല്ലാതാക്കി നിശ്ചിത കാലകരാർതൊഴിൽ എന്ന ആഗോളവൽക്കരണ അജണ്ട സർക്കാർ തന്നെ നടപ്പിലാക്കിക്കൊണ്ട് സ്വകാര്യ മുതലാളിമാർക്ക് മാതൃക കാട്ടുകയാണ്. അധ്വാനശക്തിയെ മുതലാളിമാർക്ക് അടിയറ വക്കുന്ന 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' ഈ സർക്കാരിന്റെ മുഖമുദ്രാവാക്യമായി പ്രഖ്യാപിച്ചു കൊണ്ടാണ് ഇടതു ജനാധിപത്യ മുന്നണി ഭരിക്കുന്നത്.

## സർവ്വീസ് സംഘടനകളുടെ നിലപാട്

ഭരണ-പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുടെ പിന്തുണയോടെ പ്രവർത്തിക്കുന്ന പ്രമുഖ സർവ്വീസ് സംഘടനകളെല്ലാം സർവ്വീസ് മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആഗോളവത്ക്കരണ നയങ്ങളുടെ വക്താക്കളാണ്. അവർക്കുള്ള നയപരമായ ഐക്യം 2002 ലെ സംയുക്തസമരത്തെ ഒറ്റുകൊടുത്തതിലൂടെ തെളിയിച്ചതാണ്. 2002ലെ കറുത്തഉത്തരവിനെതിരെ ജീവനക്കാരുടെ സ്വാഭാവികപ്രതികരണമെന്നനിലയിൽ 32 ദിവസം നിണ്ടുനിന്ന സമരത്തെ ഈ സംഘടനകളുടെ വഞ്ചനാപരമായ നിലപാടിലൂടെ പരാജയപ്പെടുത്തിയതിനുശേഷം ജീവനക്കാർ ഐക്യത്തോടെ ഒരു വിഷയത്തിലും സമര രംഗത്തുവരാതിരിക്കാൻ ഈ സർവ്വീസ് സംഘടനകൾ പ്രത്യേകം ശ്രദ്ധവച്ചിട്ടുണ്ട്. തങ്ങളുടെ രാഷ്ട്രീയ യജമാനൻമാർക്ക് ഇലക്ഷനുകളിൽ ജീവനക്കാരുടെ വോട്ടുറപ്പാക്കുക എന്നതിനൊപ്പം ജീവനക്കാർക്കും സമൂഹത്തിനും എതിരെ ഗവൺമെന്റ്കൊണ്ടുവരുന്ന നയങ്ങൾ നടപ്പാക്കുമെന്ന് ഉറപ്പാക്കാനും വേണ്ടിയാണ് ഈ സംഘടനകൾ പ്രവർത്തിക്കുന്നത്. ഗവൺമെന്റിന്റെപ്രതിലോമകരമായ നയങ്ങൾക്കെതിരെപ്രതികരിക്കുന്ന ജീവനക്കാരെ സാമൂഹികവിരുദ്ധരെന്ന് മുദ്രകുത്തി വളഞ്ഞിട്ടാക്രമിക്കുന്നതിനു നേതൃത്വം നൽകുന്നത് അതതു കാലത്തെ ഭരണാനുകൂല സംഘടനകളാണ്. സർക്കാർ സർവ്വീസിനെ തകർക്കുന്ന മേൽപ്പറഞ്ഞ നയങ്ങൾ നടപ്പാക്കരുത് എന്ന നിലപാട് ഈ സംഘടനകൾക്കില്ല. നടപ്പാക്കുന്നത് എങ്ങനെ എന്ന വിഷയത്തിൽ മാത്രമെ അവർക്ക് അഭിപ്രായവ്യത്യാസമുള്ളൂ. ജീവനക്കാരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുകയെന്ന പഴയനയം മാറ്റി സ്ഥലംമാറ്റംപോലുള്ള കാര്യങ്ങളിൽ ഇടപെട്ട് ജീവനക്കാരെ ഭീഷണിപ്പെടുത്തുക, വലിയ സംഖ്യകൾ പിരിവെടുക്കുക, വലിയ ആർഭാടത്തോടെ വാർഷിക സമ്മേളനങ്ങൾ നടത്തുക തുടങ്ങിയവ മാത്രമാണ് ഇന്ന് അവരുടെ പ്രവർത്തനം. യഥാർത്ഥത്തിൽ ഇവർ വർഗ്ഗ വഞ്ചകരാണ് എന്നത് ബഹുഭൂരിപക്ഷം ജീവനക്കാരും തിരിച്ചറിഞ്ഞുകഴിഞ്ഞു.

സുവ്യക്തമായ തൊഴിലാളിവർഗ്ഗ കാഴ്ചപ്പാടില്ലാത്ത ഇത്തരം സംഘടനകൾക്കും അതിന്റെ നേതാക്കന്മാർക്കും ആസൂത്രിതവും വികസന മുഖംമൂടിയണിഞ്ഞതുമായ ഫാസിസ്റ്റ്-മുതലാളിത്ത നയങ്ങളെ തിരിച്ചറിഞ്ഞ് ജീവനക്കാരെ പോരാട്ട രംഗത്തിറക്കാനാവില്ല. സമര രംഗം വിട്ടൊഴിയുന്ന വ്യവസ്ഥാപിത സർവീസ് സംഘടനകൾ തങ്ങളുടെ ഭാവി ചവറ്റുകുട്ടയിലായിരിക്കുമെന്ന സത്യം തിരിച്ചറിഞ്ഞ് നിലപാട് തിരുത്തുമെന്ന് കരുതാനുമാവില്ല. അതിനാൽ, എല്ലാം തകർന്നടിയുന്നതുവരെ കാത്തുനിൽക്കാതെ വന്നുകൊണ്ടിരിക്കുന്ന അപകടത്തെ തിരിച്ചറിഞ്ഞ് യഥാസമയം സ്വയരക്ഷാർത്ഥം ചെറുത്തുനിൽപ്പിന് തയ്യാറെടുക്കാനായി കക്ഷിരാഷ്ട്രീയ പരിഗണനകൾക്ക് അതീതമായി ജീവനക്കാർ യോജിച്ചണിനിരക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം കേരളത്തിലെ സർക്കാർ ജീവനക്കാരെ കാത്തിരിക്കുന്നത് കെഎസ്ആർടിസി ജീവനക്കാരുടെ ഇന്നത്തെ അവസ്ഥയാണ്. ■

# ബൂർഷ്വാപാർട്ടികൾ തെരഞ്ഞെടുപ്പ് നേട്ടത്തിനായി ജനങ്ങളെ ജാതി, മതം തുടങ്ങിയവയുടെയൊക്കെ പേരിൽ ഭിന്നിപ്പിക്കുന്നു

(1-ാം പേജിൽ നിന്ന്)

തി അതിവേഗം വളരുകയാണ്. ബ്രെയിൻവാഷ് ചെയ്യപ്പെട്ട ഈ ചെറുപ്പക്കാരുടെ വാട്സ്ആപ്പ് ഗ്രൂപ്പുകൾ മുസ്ലീം സ്ത്രീകൾക്കെതിരായ വിദ്വേഷപ്രചാരണം കൊണ്ടുപിടിച്ച് നടത്തുന്നു. ബിജെപി ഭരിക്കുന്ന ഇന്ത്യയിൽ ജീവിക്കണമെങ്കിൽ 'ജയ് ശ്രീറാം' വിളിക്കണമെന്ന് അവർ ആജ്ഞാപിക്കുന്നു. കള്ളത്തരങ്ങളും പൊള്ളത്തരങ്ങളും കെട്ടുകഥകളുമൊക്കെ നിരന്തരം കേട്ടുകേട്ട് സാധാരണ ജനങ്ങളാകെ അതെല്ലാം വിശ്വസിക്കാൻ തുടങ്ങുകയും അയഥാർത്ഥമായ ഒരു ലോകത്തേക്ക് നയിക്കപ്പെടുകയും ഇല്ലാത്ത ശത്രുവിനോട് പടവെട്ടുന്ന ഒരു മനോഭാവത്തിന് ഇരയാകുകയും ചെയ്യുന്നു.

ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലടിച്ചുകൊണ്ടിരിക്കണമെന്നും അവരാരും സർക്കാരിനെ ചോദ്യം ചെയ്യരുതെന്നുമാണ് കുത്തകകളുടെ ദാസ്യവൃത്തി ചെയ്യുന്ന ബിജെപിയും ആർഎസ്എസും സംഘപരിവാറുമെല്ലാം ആഗ്രഹിക്കുന്നത്. ബാങ്ക് അക്കൗണ്ടിൽ വരുമെന്ന്പറഞ്ഞ15ലക്ഷംരൂപഎവിടെ, വിലകൾ കുതിച്ചുയരുന്നത് എന്തുകൊണ്ട്, വർഷംതോറും രണ്ട് കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞതെവിടെ, ദരിദ്രകോടികളും അതിസമ്പന്നരും തമ്മിലുള്ള അകലം വർദ്ധിക്കുന്നതെന്തുകൊണ്ട്,കുറ്റകൃത്യങ്ങൾ പെരുകുന്നതും അഴിമതി പടരുന്നതുമെന്തുകൊണ്ട് എന്നൊന്നും ആരും മോദിജിയോട് ചോദിക്കരുത്. ഗുജറാത്ത്, മധ്യപ്രദേശ്, ഹിമാചൽപ്രദേശ്, കർണാടക, രാജസ്ഥാൻ എന്നീ അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് അടുത്തുവരുന്നതുമൂലം ഈ സംസ്ഥാനങ്ങളിൽ വർഗീയ വികാരം ആളിക്കത്തിക്കാനും വർഗീയ കലാപങ്ങൾ സംഘടിപ്പിക്കാനുമൊക്കെയുള്ള കരുനീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. എല്ലായിടത്തും ഒരേരീതിയിലുള്ള സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലടിച്ചുകൊണ്ടിരുന്നാൽ മേല്പറഞ്ഞ സുപ്രധാന വിഷയങ്ങളെക്കുറിച്ചൊന്നും ആരും ചിന്തിക്കില്ലല്ലോ.

## തെരഞ്ഞെടുപ്പ് ആസന്നമായ സംസ്ഥാനങ്ങളിലെ ചില സമീപകാല സംഭവങ്ങൾ

മേല്പറഞ്ഞ കാര്യങ്ങളെ സാധൂകരിക്കുന്ന ചില സംഭവങ്ങളാണ് തെരഞ്ഞെടുപ്പ് ആസന്നമായ ഈ സംസ്ഥാനങ്ങളിൽ സമീപകാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. രാജസ്ഥാനിൽ ഏപ്രിൽ രണ്ടിന് കരോളിയിൽ നവവത്സര ശോഭയാത്ര നടന്നു. ഹിന്ദുക്കളുടെ പുതുവത്സരാഘോഷമായിരുന്നു അന്ന്. ശോഭയാത്രയുടെ ഭാഗമായുള്ള ബൈക്ക് റാലി മണിഹരൺ മുസ്ലീംപള്ളിക്ക് സമീപം എത്തിയപ്പോഴും അത്വാര എന്ന മുസ്ലീം ഭൂരിപക്ഷ പ്രദേശത്ത് എത്തിയപ്പോഴും ഉച്ചഭാഷിണിയിലൂടെ അത്യുച്ചത്തിൽ പാട്ടുപാടാൻ തുടങ്ങി. ശോഭയാത്രക്കുനേരെ കല്ലേറുണ്ടായി എന്ന് പറയപ്പെടുന്നത് ഇവിടെവച്ചാണ്. കെട്ടിടങ്ങളിൽനിന്ന് കല്ലേറുണ്ടായെന്നും ബൈക്ക് റാലിയിൽ പങ്കെടുത്തവർക്കും അനുഗമിച്ച പോലീസുകാർക്കും പരുക്കുപറ്റിയെന്നുമാണ് പോലീസ് ഭാഷ്യം. കല്ലെറിയാനായി ഗൂഢാലോചന നടന്നെന്നും എഫ്ഐആർ പറയുന്നു. തുടർന്ന് കടകൾക്ക് തീയിടുകയും രണ്ട് ഡസനോളം പേർക്ക് പരുക്കേൽക്കുകയും ചെയ്തു. സ്ഥലത്തുണ്ടായിരുന്ന പോലീസിന് അക്രമം തടയാനായില്ല. 'തൊപ്പിയിട്ടവരെക്കൊണ്ട് ജയ്ശ്രീറാം വിളിപ്പിക്കും' തുടങ്ങിയ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ ഘോഷയാത്രയിൽ പങ്കെടുത്തവർ വിളിച്ചിരുന്നു എന്നാണ് സ്ഥലവാസികൾ പറയുന്നത്. 'ഹിന്ദു ഉണർന്നാൽതൊപ്പിയിട്ടവർകുമ്പിട്ടുനിന്ന് ശ്രീരാമനെ വാഴ്ത്തേണ്ടിവരു'മെന്നും മറ്റുമുള്ള, വിദ്വേഷം ജനിപ്പിക്കുന്ന പാട്ടുകളാണ് ശോഭയാത്രക്കാർ പാടിയിരുന്നത്.

വർഗീയ അക്രമം നടന്ന് മൂന്ന് ദിവസങ്ങൾക്കുശേഷവും തീപിടിച്ച കടകളിൽ നിന്ന് പുക ഉയരുന്നുണ്ടായിരുന്നു. പാതി കത്തിയതും അല്ലാത്തതുമായ സാധനങ്ങൾ ചിതറിക്കിടന്നു. ചില കെട്ടിടങ്ങൾ പാടെ തകർന്നിരുന്നു. കർഫ്യൂ പ്രഖ്യാപിച്ചിരുന്നു. ഇന്റർനെറ്റും എസ്എംഎസ് സേവനങ്ങളുമൊക്കെ നിയന്ത്രിക്കപ്പെട്ടിരുന്നു. ഇത്തരം പ്രകടനങ്ങളും ബൈക്ക് റാലികളും കാവിക്കൊടികളും മാത്രമല്ല യൂട്യൂബ് പോലുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ മുസ്ലീങ്ങളെ വകവരുത്തുന്നതിന്റെയും അപമാനിക്കുന്നതിന്റെയും പ്രചാരണവും നടക്കുന്നുണ്ട്. ഈദുൽഫിത്തറിന് മണിക്കൂറുകൾക്കുമുമ്പ് മെയ് മൂന്നിന് ജോധ്പൂർ വർഗീയ പിരിമുറുക്കത്തിന് വേദിയാകുകയും പത്ത് പോലീസ് സ്റ്റേഷൻ പരിധികളിൽ കർഫ്യൂ പ്രഖ്യാപിക്കുകയും ചെയ്തു. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ബാൽ മുകന്ദ് ബിസ്സയുടെ പ്രതിമയ്ക്ക് ചുറ്റും ഈദിന്റെ തോരണം കെട്ടിയതിന്റെ പേരിലും സംഘർഷമുണ്ടായി. പരശുരാമ ജയന്തിയുമായി ബന്ധപ്പെട്ട് കാവിക്കൊടി കെട്ടിയിരുന്നത് കാണാനില്ലെന്നായിരുന്നു മറുപക്ഷത്തിന്റെ ആരോപണം. തുടർന്ന് കല്ലേറും സംഘർഷവും ഉണ്ടായി. വർഷങ്ങളായി ചെയ്തുവരുന്നതാണെങ്കിലും ഈദ് തോരണങ്ങൾ പ്രതിമയ്ക്ക് ചുറ്റും കെട്ടാൻ പാടില്ലെന്ന് ജോധ്പൂരിലെ ബിജെപി എംഎൽഎ ആയ സൂര്യകാന്ത വ്യാസ് നിലപാടെടുത്തു. ആരാണ് പ്രകോപനമുണ്ടാക്കിയതെന്നും എന്തിനെന്നും ഇവിടെ വ്യക്തമാണ്. രാമനവമി ഘോഷയാത്രകൾ ന്യൂനപക്ഷ മേഖലകളിൽകൂടി കടന്നുപോകുമ്പോൾ സംഘർഷം പതിവാണ്. ന്യൂനപക്ഷങ്ങളെ പരോക്ഷമായി ഉന്നംവെച്ചുകൊണ്ട് പരസ്യമായിവാളുകളുംചുഴറ്റിയായിരുന്നു ഇക്കുറി ഘോഷയാത്ര. മധ്യപ്രദേശിലെ കാർഗോൺ സിറ്റിയിൽ വലിയ തോതിലുള്ള അക്രമങ്ങൾ നടന്നതിനെ തുടർന്ന് മെയ് ഒന്നുമുതൽ കർഫ്യൂ ഏർപ്പെടുത്തിയിരിക്കുകയാണ്.

വർഗീയകലാപത്തിൽ വലിയതോതിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായതിനെത്തുടർന്ന് സഞ്ജയ് നഗർ ഏരിയയിൽ നിരവധി വീടുകൾക്ക് മുന്നിൽ വീട് വില്പനയ്ക്ക് എന്ന ബോർഡ് തൂക്കിയിട്ടുണ്ട്. കാർഗോൺ സിറ്റിയിലും സംസ്ഥാനത്തെ മറ്റുപല സ്ഥലങ്ങളിലും കലാപത്തിനുശേഷം മുസ്ലീങ്ങളെ ഉന്നംവെച്ചുള്ള നീക്കങ്ങൾ നടക്കുന്നതായി മുസ്ലീം പുരോഹിതന്മാർ മധ്യപ്രദേശിലെ ബിജെപിക്കാരനായ ആഭ്യന്തരമന്ത്രിയെ കണ്ട് പരാതിപ്പെടുകയുണ്ടായി. ഗവൺമെന്റ് ന്യൂനപക്ഷങ്ങൾക്കെതിരെ ഏകപക്ഷീയമായാണ് പ്രവർത്തിക്കുന്നതെന്ന പരാതി അവർക്കിടയിലുണ്ട്. കടകൾക്ക് തീവെച്ചവരുംമറ്റും സ്വതന്ത്രരായി വിഹരിക്കുമ്പോൾ ന്യൂനപക്ഷ വിഭാഗങ്ങളിൽനിന്നുള്ളവരെ തെരഞ്ഞുപിടിച്ച് ജയിലിലടച്ചതിലും അമർഷമുണ്ട്. ബർവാനി ജില്ലയിലെ സെന്ധ്വ ടൗണിലും രാമനവമി ഘോഷയാത്രയോടനുബന്ധിച്ച് കല്ലേറ് നടന്നിരുന്നു.

ഗുജറാത്ത് ശ്രദ്ധ പിടിച്ചുപറ്റിയത് എന്തെങ്കിലും പ്രയോജനപ്രദമായ കാര്യത്തിന്റെ പേരിലല്ല, 2002ൽ നടന്ന ആസൂത്രിതമായ ന്യൂനപക്ഷവിരുദ്ധ കൂട്ടക്കൊലയുടെ പേരിലാണ്. അന്ന് നൂറുകണക്കിന് നിരപരാധികൾ കൊല്ലപ്പെട്ടു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ സ്വത്തുവകകൾക്ക് വലിയ നാശനഷ്ടം സംഭവിച്ചു. രാമനവമി ആഘോഷങ്ങൾ അക്രമാസക്തമാവുകയും മൂന്ന് ജില്ലകളിൽ വർഗീയ സംഘർഷങ്ങൾ നടക്കുകയുമുണ്ടായി. ഇതിൽ ഒരാൾ മരിക്കുകയും നിരവധി പേർക്ക് പരുക്കേൽക്കുകയും ചെയ്തു. സബർകണ്ഡിലെ ഹിമ്മത്ത് നഗറിൽ രാമനവമിയോടനുബന്ധിച്ച് ഒരു രഥയാത്ര നടന്നു. അന്നും പതിവുപോലെ കല്ലേറുണ്ടായെന്നും ഒരു രഥത്തിന് തീവെച്ചെന്നും ആരോപണമുണ്ടായി. ഇതിനു പ്രതികാരമെന്നോണം നിരവധി വാഹനങ്ങൾക്ക് തീയിടുകയും കടകൾ കത്തിക്കുകയും ചെയ്തു. ഇതേത്തുടർന്ന് തീവെപ്പ് നടന്ന ചപ്പാരിയ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിരോധനാജ്ഞ ഏർപ്പെടുത്തി. സംഘർഷമുണ്ടായ സ്ഥലങ്ങളിൽ മുൻകരുതലെന്നോണം സ്കൂളുകൾക്ക് അവധി നൽകുകയും ചെയ്തു. ഈ അക്രമങ്ങളെല്ലാം നടന്നിട്ടും അതേ സ്ഥലത്ത് വിശ്വഹിന്ദുപരിഷത്ത് വീണ്ടും പ്രകടനം നടത്തി. അഹമ്മദാബാദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ന്യൂനപക്ഷ ഏകോപന സമിതി ഡിജിപിയെ കണ്ട് കൂടുതൽ സുരക്ഷ വേണമെന്നും സമാധാനം തകർക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. ഗുജറാത്തിൽ സമാധാനം തകർക്കുന്നതിനായി മതപരമായ ചടങ്ങുകളുടെ മറവിൽ സാമൂഹ്യവിരുദ്ധർ നടത്തുന്ന അക്രമങ്ങൾക്കെതിരെ കർശന നടപടി ഉണ്ടാകണമെന്നും നിയമവിരുദ്ധമായി ആയുധങ്ങളുമായെത്തിയവരെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച് കണ്ടെത്തി അറസ്റ്റ് ചെയ്ത് കേസ് ചാർജ് ചെയ്യണമെന്നുമാണ് അവർ ആവശ്യപ്പെട്ടത്.

രാമനവമി ഘോഷയാത്ര നടന്ന ആനന്ദ് ജില്ലയിലെ കമ്പത്തിലും ലഹളയുണ്ടായി. കല്ലേറുണ്ടായതായി ഇവിടെയും അരോപണമുയർന്നു. അക്രമത്തിൽ ഒരു 65കാരൻ കൊല്ലപ്പെട്ടു. ടൗണിൽ നിരോധനാജ്ഞ നിലവിലുണ്ടായിരുന്നു. പിന്നീട് മുസ്ലീങ്ങളായ 600 മത്സ്യത്തൊഴിലാളികൾ ഗുജറാത്ത് ഹൈക്കോടതിയിലേക്ക് മാർച്ച് നടത്തിക്കൊണ്ട് ദയാവധത്തിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. മഹാത്മ ഗാന്ധിയുടെ ജന്മസ്ഥലമായ പോർബന്ദറിൽനിന്നുള്ള ഇവർ പറഞ്ഞത് തങ്ങൾ നിരന്തരമായി പീഡനത്തിനും അവഹേളനത്തിനും ഇരയാകുന്നുവെന്നും മീൻ പിടിക്കാനുള്ള ലൈസൻസ് ഉണ്ടായിട്ടും അതിന് അനുവദിക്കുന്നില്ലെന്നും ഹിന്ദു മത്സ്യത്തൊഴിലാളികൾക്കാകട്ടെ എല്ലാ സൗകര്യങ്ങളും ലഭിക്കുന്നുവെന്നുമാണ്.

കർണാടകയിൽ ഇപ്പോഴത്തെ ബിജെപി ഭരണകാലത്ത് വർഗീയ പിരിമുറുക്കം സൃഷ്ടിച്ച ഇരുപത് സംഭവങ്ങളെങ്കിലും ഉണ്ടായിട്ടുണ്ട്. ഹിജാബ് വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പലയിടങ്ങളിലും പ്രതിഷേധങ്ങളും അക്രമങ്ങളും ഉണ്ടായി. ഒരു ബസ്സിൽ ഒരു മുസ്ലീം യുവാവ് ഒരു ഹിന്ദു പെൺകുട്ടിയുമൊത്ത് യാത്ര ചെയ്യുന്നുണ്ടെന്ന് വിവരം ലഭിച്ചതിനെ തുടർന്ന് ദക്ഷിണ കന്നഡ ജില്ലയിലെ പുത്തൂരിൽ ഹിന്ദുത്വ ആക്ടിവിസ്റ്റ് ഗ്രൂപ്പായ ഹിന്ദു ജാഗരണ വേദിയുടെ പ്രവർത്തകർ ആ ബസിനെ പിന്തുടർന്നു. രണ്ടുപേരെയും ബസ്സിൽനിന്ന് ഇറക്കി അധിക്ഷേപിച്ചു. ലൗ ജിഹാദ് ആരോപിച്ചായിരുന്നു ഈ അതിക്രമം. മാംഗ്ലൂരിൽ എജെ ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ മൂന്ന് ആൺകുട്ടികളും മൂന്നു പെൺകുട്ടികളുംകൂടി മാംഗ്ലൂർ-ബാംഗ്ലൂർ ദേശീയപാതയ്ക്ക് അടുത്തുള്ള കരിഞ്ച മലമുകളിലേക്ക് പോയപ്പോൾ കാവിപ്പടയിൽപ്പെട്ട അഞ്ചുപേർ അവരെ തടഞ്ഞു. ഹിന്ദു പെൺകുട്ടികളുമായി എന്തിനാണ് അന്യമതസ്ഥർ പോകുന്നതെന്ന് ചോദിച്ച് അവരെ അധിക്ഷേപിച്ചു. നിർബന്ധിത മതപരിവർത്തനം ആരോപിച്ച് ഹിന്ദു ജാഗരൺ വേദിക്കാർ ഒരു ക്രിസ്ത്യൻ പള്ളിയിൽ അതിക്രമിച്ച് കയറി. കലബുർഗി ജില്ലയിലെ സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കർണാടകയിൽ രാമനവമി ആഘോഷവുമായി ബന്ധപ്പെട്ട് നടന്ന അക്രമത്തിൽ രണ്ട് വിദ്യാർത്ഥികൾക്ക് പരുക്കേറ്റ സംഭവവുമുണ്ടായി.

ശാന്തമായ ഹിമാലയൻ സംസ്ഥാനമാണ് ഹിമാചൽ പ്രദേശ്. 95 ശതമാനം ഹിന്ദുക്കളും 2.18 ശതമാനം മുസ്ലിങ്ങളുമുണ്ട്. മുസ്ലീങ്ങൾ പ്രധാനമായും ആദിവാസി വിഭാഗമായ ഗുജ്ജറുകളാണ്. തീരെ ദുർബലരും ദരിദ്രരുമായ ഇവരെപ്പോലും ഹിന്ദുവർഗീയവാദികൾ വെറുതെ വിടുന്നില്ല. കഴിഞ്ഞ ഡിസംബറിൽ ഇൻഡോറ പ്രദേശത്ത് ഇവരുടെ വീടുകളിലൊന്നിൽ ബിജെപി സർക്കാരിന്റെ വൈദ്യുതി വകുപ്പുകാർ വന്ന് വൈദ്യുതി മീറ്റർ എടുത്തുകൊണ്ടുപോയി. മുസ്ലിം ആദിവാസി വിഭാഗത്തിൽ പെട്ട 42 വീട്ടുകാർ അനധികൃതമായാണ് താമസിക്കുന്നതെന്നും ഇവർക്ക് കുടിയൊഴിയാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നുമാണ് അവർ പറഞ്ഞ ന്യായം. കർഷകരും ആട്ടിടയന്മാരുമായ ഇവർ തീരെ ദരിദ്രരാണ്. പട്ടയം കാണിച്ചിട്ടും ഉദ്യോഗസ്ഥർ ഒരു വിട്ടുവീഴ്ചയും കാണിച്ചില്ല. അവരുടെ ഭൂമിയിൽ കൃഷി പാടില്ലെന്നും കുടിയൊഴിഞ്ഞു പോകണമെന്നും അത് സർക്കാർഭൂമി ആണെന്നുമുള്ള നിലപാടിലാണ് റവന്യൂ ഡിപ്പാർട്ട്മെന്റ്. ഇതിനു തൊട്ടുമുമ്പ് രണ്ടുദിവസം ഗുജ്ജറുകളെ വിശ്വഹിന്ദുപരിഷത്തുകാർ ആക്രമിച്ചിരുന്നു.

(ശേഷം 9-ാം പേജിൽ)

**ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലടിച്ചുകൊണ്ടിരിക്കണമെന്നും അവരാരും സർക്കാരിനെ ചോദ്യം ചെയ്യരുതെന്നുമാണ് കുത്തകകളുടെ ദാസ്യവൃത്തി ചെയ്യുന്ന ബിജെപിയും ആർഎസ്എസും സംഘപരിവാറുമെല്ലാം ആഗ്രഹിക്കുന്നത്. ബാങ്ക് അക്കൗണ്ടിൽ വരുമെന്ന് പറഞ്ഞ 15 ലക്ഷം രൂപ എവിടെ, വിലകൾ കുതിച്ചുയരുന്നത് എന്തുകൊണ്ട്, വർഷംതോറും രണ്ടുകോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞതെവിടെ, ദരിദ്രകോടികളും അതിസമ്പന്നരും തമ്മിലുള്ള അകലം വർദ്ധിക്കുന്നതെന്തുകൊണ്ട്, കുറ്റകൃത്യങ്ങൾ പെരുകുന്നതും അഴിമതി പടരുന്നതുമെന്തുകൊണ്ട് എന്നൊന്നും ആരും മോദിജിയോട് ചോദിക്കരുത്.**

# ജനകീയ സമരങ്ങൾ വളർത്തിയെടുക്കുന്നതിനോടൊപ്പം വർഗീയ, ഫാസിസ്റ്റ് ആശയഗതികൾക്കെതിരെ പ്രത്യയശാസ്ത്രസമരം കെട്ടഴിച്ചുവിടണം

(8-ാം പേജിൽ നിന്ന്)

കുടിയൊഴിപ്പിക്കൽ നടപടി സ്റ്റേ ചെയ്തതിനുശേഷവും കാലിത്തീറ്റയും മറ്റും സൂക്ഷിച്ചിരുന്ന ഷെഡ്ഡുകൾ വിഎച്ച്പി കത്തിച്ചു. പോലീസിൽ പരാതി നൽകിയപ്പോൾ അന്വേഷിക്കുന്ന എന്ന മറുപടി മാത്രമാണ് ലഭിച്ചത്. കാലിവളർത്തൽ കേന്ദ്രങ്ങളും മറ്റും ആക്രമിക്കുമ്പോൾ വിഎച്ച്പി "ലാൻഡ് ജിഹാദ്" ആരോപണം ഉന്നയിക്കുന്നു. ഇൻഡോറയിൽ ഒരു പശുവിന്റെ മൃതശരീരം കണ്ടെത്തിയതിനെത്തുടർന്നാണ് ഗുജ്ജറുകൾക്കെതിരെ ആക്രമണം തുടങ്ങുന്നത്. പോസ്റ്റുമോർട്ടം റിപ്പോർട്ട് പ്രകാരം പശുവിന് മുറിവേറ്റിരുന്നു. അത് കശാപ്പ് ചെയ്യാൻവേണ്ടി നടത്തിയതല്ല. ഏതെങ്കിലും വന്യജീവി ആക്രമിച്ചതാകാം. എന്നിട്ടും തൃപ്തരാകാത്ത വിഎച്ച്പി പ്രവർത്തകർ ഗുജ്ജാറുകളെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പശുവിന്റേത് സ്വാഭാവികമരണം ആണെങ്കിലും ദേഹത്തുകണ്ട മുറിവുകൾ മുസ്ലീങ്ങൾ വരുത്തിയതാണെന്നായിരുന്നു വിഎച്ച് നേതാക്കളുടെ വാദം. മുസ്ലീങ്ങൾ പ്രദേശത്തെ സമാധാനം തകർക്കുന്നു, അവരെ പുറത്താക്കണം എന്നതായിരുന്നു ഡിമാൻഡ് . 2019 മുതൽ ഇവിടെ പള്ളികളും മറ്റും പലതവണ ആക്രമിക്കപ്പെട്ടിട്ടുണ്ട്. അവസാന സംഭവം 2022 ജനവരിയിലായിരുന്നു. അന്ന് സിർമോർ ജില്ലയിലെ നഹാൻ ടൗണിൽ പള്ളി ആക്രമിക്കപ്പെട്ടു. പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലം പശുവിന് പുല്ലുമേയാൻ ഉള്ളതാണെന്ന് ഹിന്ദു ജാഗരൺ മഞ്ചുകാർ പ്രഖ്യാപിച്ചു. ഗുജ്ജാറുകളെ അവിടെനിന്ന് ഒഴിപ്പിച്ചുകഴിഞ്ഞ് കുന്നിൻമുകളിൽ ഗോശാല പണിയാനുള്ള പദ്ധതിയാണ് അവതരിപ്പിച്ചത്. ബിജെപിയുടെ സംസ്ഥാന സർക്കാർ ഈ അക്രമങ്ങൾക്കെല്ലാം ഒത്താശ ചെയ്യുകയാണ്.

ഇതിനൊക്കെപ്പുറമേ മുസ്ലിം ന്യൂനപക്ഷത്തിനുനേരെ പരസ്യമായ കൊലവിളി നടത്തുന്ന മതസമ്മേളനങ്ങളും രാജ്യത്തിന്റെ പലഭാഗത്തും സംഘപരിവാർ നടത്താറുണ്ട്. അടുത്തിടെയാണ് ഡൽഹിയിലെ ജഹാംഗീർ പുരയിലും ഷഹീൻ ബാഗിലും അനധികൃത നിർമ്മാണങ്ങൾ എന്ന് ആരോപിച്ച് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ കടകളും ഭവനങ്ങളും മറ്റും ബിജെപി ഭരിക്കുന്ന മുൻസിപ്പൽ കോർപ്പറേഷൻ ബുൾഡോസർ ഉപയോഗിച്ച് ഇടിച്ചുനിരത്തിയത്. തുഗ്ലക്കാബാദിലും സംഗമിലും ന്യൂ ഫ്രണ്ട്സ് കോളനിയിലുമൊക്കെ സമാനമായ ബുൾഡോസർ ഓപ്പറേഷൻ നടത്തുമെന്ന് ഭീഷണി മുഴക്കിയിട്ടുണ്ട്. പള്ളിയിൽനിന്നുള്ള ബാങ്ക് വിളിക്ക് ബദലായി ഹനുമാൻ സൂക്തങ്ങൾ ഉച്ചഭാഷിണിയിലൂടെ മുഴക്കുമെന്ന ഭീഷണിയും ഉയർന്നിട്ടുണ്ട്. മുസ്ലീങ്ങൾക്കെതിരായ നീക്കങ്ങളുടെ ഭാഗമായി ആയുധമേന്തിയ പ്രകടനങ്ങളും ആരംഭിച്ചിട്ടുണ്ട്. ക്ഷേത്രപരിസരത്തൊന്നും മുസ്ലിം കടകൾ അനുവദിക്കില്ല. ക്ഷേത്രങ്ങൾക്കുള്ളിൽ മാട്ടിറച്ചിക്കഷണങ്ങൾ രഹസ്യമായി കൊണ്ടിട്ട് പ്രതികാര നടപടികൾ കൈക്കൊള്ളുക എന്ന ഹീനതന്ത്രമാണ് ആർഎസ്എസ് പയറ്റുന്നത്.

പ്രമുഖപള്ളികൾ, ക്ഷേത്രങ്ങൾ തകർത്താണോ പണിതിട്ടുള്ളത് എന്ന് പരിശോധിക്കുന്ന ഏർപ്പാടും ആരംഭിച്ചിട്ടുണ്ട്. സ്കൂൾ സിലബസിൽ മുഗൾ കാലഘട്ടം ഒഴിവാക്കി. മുസ്ലിം പേരുള്ള റോഡുകളും കെട്ടിടങ്ങളുമൊക്കെ ഹിന്ദു പേരുകൾകൊണ്ട് പുനർനാമകരണം ചെയ്യുകയാണ്. താജ്മഹലിന്റെ പേരുപോലും മാറ്റാൻ സമ്മർദ്ദമുണ്ട്. എൻആർസി, അനധികൃത കുടിയേറ്റം, വോട്ടേഴ്സ് ലിസ്റ്റിൽ നിന്ന് പേര് നീക്കൽ തുടങ്ങിയവയും ഈ അജണ്ടയുടെ ഭാഗം തന്നെ. സമൂഹത്തിൽ വർഗീയമായ വലിയ ചേരിതിരിവ് സൃഷ്ടിക്കുന്ന നടപടികളാണിതെല്ലാം.

### ആർഎസ്എസ്-ബിജെപി ആസൂത്രിതമായി വളർത്തിയെടുക്കുന്ന വർഗീയത

നിസ്സാര കാര്യങ്ങളെ ചൊല്ലിയുള്ള ഹൃദയഭേദകമായ കൊലപാതകങ്ങൾ, ന്യൂനപക്ഷങ്ങൾക്കുമേലുള്ള അക്രമങ്ങൾ, ആൾക്കൂട്ടകൊലപാതകങ്ങൾ എല്ലാം ആർഎസ്എസ്-ബിജെപി സംഘപരിവാർ ആസൂത്രണം ചെയ്യുന്ന ഹീനപദ്ധതിയുടെ ഭാഗം തന്നെ. സാഹചര്യം വഷളാക്കി, വികാരം ജ്വലിപ്പിച്ച്, രംഗം ഒരുക്കുന്നതോടെ ന്യൂനപക്ഷങ്ങൾക്കുനേരെ ക്രിമിനൽ സംഘങ്ങളെ അഴിച്ചുവിടുകയായി. രാമനവമി യാത്രയിൽ പങ്കെടുക്കുന്നവർതന്നെ പിൻവലിഞ്ഞ് ജാഥക്ക് നേരെ കല്ലേറിയുന്നതും മറ്റും സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന വീഡിയോകളിൽ കാണാം. എന്നാൽ പൊലീസ് ഒരു നടപടിയുമെടുക്കില്ല. എന്നിട്ട് ന്യൂനപക്ഷങ്ങൾ ഹിന്ദുമതത്തെ അപകീർത്തിപ്പെടുത്തുന്നുവെന്ന് വിളിച്ചുകൂവിക്കൊണ്ടിരിക്കും. തയ്യാറാക്കപ്പെട്ട പദ്ധതിക്കനുസരിച്ച് വർഗീയ കലാപങ്ങൾ നിർബാധം നടക്കും. ആസൂത്രിതവും ദുരുദ്ദേശ്യപരവുമായ പ്രചാരണം ജനങ്ങളിൽ സ്വാധീനം ചെലുത്തുന്നതോടെ തെരഞ്ഞെടുപ്പ് നേട്ടം ലാക്കാക്കിയുള്ള വർഗീയധ്രുവീകരണം ഫലം കാണുകയായി.

ജനങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെടുന്ന ഭിന്നതയെക്കുറിച്ച് പ്രധാനമന്ത്രിയും പ്രമുഖ മന്ത്രിമാരും ഉന്നത നേതാക്കളുമൊക്കെ മൗനം പാലിക്കുന്നതുമൂലം വിഷം വമിക്കുന്ന പ്രചാരണത്തിന് ഒത്താശ ലഭിക്കുന്നു. മുഗൾ രാജാക്കന്മാരെ അക്രമികളും ഹിന്ദുവിരുദ്ധരും ആയി ചിത്രീകരിക്കുകയും അവരുടെ പുണ്യസ്ഥലങ്ങളെ അപമാനിക്കുകയും ചെയ്യുന്ന പ്രസംഗങ്ങൾ പരമോന്നത നേതാവുപോലും നടത്തുന്നു. വസ്ത്രംകൊണ്ട് ആളെ തിരിച്ചറിയാം എന്നും മറ്റുമുള്ള പരാമർശങ്ങൾ നടത്തുകയും മുസ്ലീങ്ങളെ മന്ത്രിമാർപോലും അധിക്ഷേപിച്ച് സംസാരിക്കുകയും ചെയ്യുന്നു. മതത്തിന്റെ പേരിലുള്ള ഒത്തുചേരലുകളെല്ലാം മുസ്ലീങ്ങൾക്കുനേരെ അധിക്ഷേപം ചൊരിയാനുള്ള വേദികളായി മാറുന്നു. മുസ്ലിംവിരുദ്ധവികാരം അങ്ങനെ നിർബാധം പലരൂപത്തിൽ വളർത്തിയെടുക്കപ്പെടുന്നു. അധികാര രാഷ്ട്രീയത്തിന്റെ ഒത്താശയോടെ ആർഎസ്എസ്-ബിജെപി ശക്തികൾ അതിവിദഗ്ധമായും ആസൂത്രിതമായും നടപ്പിലാക്കുന്ന ഹീന പദ്ധതിയാണിത്. വർഗീയത പടർത്തി രക്തം ചിന്തി വോട്ടുബാങ്കുകൾ സൃഷ്ടിക്കപ്പെടുകയാണ്. എല്ലാ ബൂർഷ്വാ പാർലമെന്ററി പാർട്ടികളും ഇതിൽ തങ്ങളുടേതായ സംഭാവനകൾ നൽകുന്നു. വർഗീയ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതിൽ സംഘപരിവാർ മുഖ്യ പങ്കുവഹിക്കുന്നു. ബിജെപി അധികാരം കയ്യാളുകയും വർഗീയ കോമരങ്ങൾ സുപ്രധാന സ്ഥാനങ്ങളിൽ അവരോധിതരാകുകയും ചെയ്യുന്നതുവഴി രാജ്യം ഒരു വലിയ വിപത്തിലേക്ക് നീങ്ങുകയാണ്.

### ആർഎസ്എസ് എന്നും ഹിന്ദു രാഷ്ട്രത്തിനായി നിലകൊള്ളുന്നു

ഹിന്ദു രാഷ്ട്രത്തിനായി നിലകൊള്ളുന്ന ആർഎസ്എസ് മറ്റു മതങ്ങളും വംശങ്ങളുമൊക്കെ ഹിന്ദുമതത്തെ ആദരവോടെ കാണണമെന്നും ഹിന്ദുവംശത്തെയും സംസ്കാരത്തെയും മഹത്വവൽക്കരിക്കാത്ത ഒരു ആശയവും ആരും പിന്തുടരരുതെന്നും ഹിന്ദു മതത്തിൽ ലയിക്കാനായി അവരുടെ പ്രത്യേകമായ നിലനിൽപ്പ് ഉപേക്ഷിക്കണമെന്നും ആവശ്യപ്പെടുന്നു. ഹിന്ദു രാഷ്ട്രത്തിന് സമ്പൂർണ്ണമായും വിധേയമായിട്ടായിരിക്കണം അവർ ഇവിടെ ജീവിക്കേണ്ടത്. ഒരു അവകാശവാദവും ഉന്നയിക്കാതെ, ഒരു വിശേഷാവകാശത്തിനും അർഹതയില്ലാതെ, ഒരു തരത്തിലുള്ള പ്രത്യേക പരിഗണനയും ആഗ്രഹിക്കാതെ, എന്തിന് പൗരാവകാശംപോലും അനുഭവിക്കാതെ കഴിഞ്ഞുകൊള്ളണം.

**പ്രമുഖ പള്ളികൾ, ക്ഷേത്രങ്ങൾ തകർത്താണോ പണിതിട്ടുള്ളത് എന്ന് പരിശോധിക്കുന്ന ഏർപ്പാടും ആരംഭിച്ചിട്ടുണ്ട്. സ്കൂൾ സിലബസിൽ മുഗൾ കാലഘട്ടം ഒഴിവാക്കി. മുസ്ലിംപേരുള്ള റോഡുകളും കെട്ടിടങ്ങളുമൊക്കെ ഹിന്ദു പേരുകൾകൊണ്ട് പുനർനാമകരണം ചെയ്യുകയാണ്. താജ്മഹലിന്റെ പേരുപോലും മാറ്റാൻ സമ്മർദ്ദമുണ്ട്. എൻആർസി, അനധികൃത കുടിയേറ്റം, വോട്ടേഴ്സ് ലിസ്റ്റിൽനിന്ന് പേരുനീക്കൽ തുടങ്ങിയവയും ഈ അജണ്ടയുടെ ഭാഗം തന്നെ. സമൂഹത്തിൽ വർഗീയമായ വലിയ ചേരിതിരിവ് സൃഷ്ടിക്കുന്ന നടപടികളാണിതെല്ലാം.**

ഈ ഹിന്ദുത്വ വർഗീയ നിലപാട് ഉയർത്തിപ്പിടിച്ചുകൊണ്ട് അവർ മുസ്ലീം പീഡനം ഒരു മുഖ്യ പരിപാടിയായി നടപ്പിലാക്കുന്നു. ഈ വിഷമയമായ ആശയത്തിന്റെ ഏറ്റവും വൃത്തികെട്ട രൂപമാണ് ആർഎസ്എസിന്റെ രാഷ്ട്രീയമുഖമായ ബിജെപി അധികാരത്തിലിരിക്കുമ്പോൾ നാം കാണുന്നത്. ഈ ആശയം ചരിത്ര വിരുദ്ധവും യുക്തി ഹീനവും മതഭ്രാന്തിലും കെട്ടിച്ചമച്ച ചിന്താഗതികളിലും അധിഷ്ഠിതവുമാണ്. ഇത് യഥാർത്ഥത്തിൽ ഒരു ഫാസിസ്റ്റ് ആശയഗതിയാണ്. നമ്മുടെ സ്വാതന്ത്ര്യസമരസേനാനികളോ ഹിന്ദുമതാചാര്യന്മാരോ ഇത്തരം വിഷലിപ്തമായ ആശയങ്ങളോ അന്യമത വിദ്വേഷമോ വെച്ചുപുലർത്തിയിരുന്നില്ല. ആർഎസ്എസ്-ബിജെപി മുന്നോട്ടുവയ്ക്കുന്ന ഈ ഹിന്ദുത്വ ആശയം നിതാന്തമായ ഭിന്നതയിലും അവിശ്വാസത്തിലും, അധ്വാനിച്ച് ജീവിക്കുന്ന ജനങ്ങളുടെ അനൈക്യത്തിലും ഊന്നിയുള്ളതും വികലമനസ്കരായ കപടസിദ്ധാന്തക്കാരുടെ സൃഷ്ടിയുമാണ്. ജനങ്ങൾക്കിടയിൽ അനൈക്യം സൃഷ്ടിക്കാനുള്ള ഏത് അവസരവും ഉപയോഗപ്പെടുത്തി സ്വന്തം മർദ്ദക ഭരണം തുടരാനും ജീർണവും മരണാസന്നവുമായ മുതലാളിത്ത വ്യവസ്ഥയെ നിലനിർത്താനും ശ്രമിക്കുന്ന മുതലാളി വർഗത്തിന് മാത്രമേ ഇത് ആഹ്ലാദം പകരുന്നുള്ളൂ. ജനങ്ങൾ തമ്മിലടിച്ചു കൊണ്ടിരുന്നാൽ, ബൂർഷ്വാസിയുടെ ദുർഭരണത്തിനെതിരെ യോജിച്ച ചെറുത്തുനിൽപ്പ് ഉയർന്നു വരില്ലെന്നുറപ്പാക്കാം. മുതലാളി വർഗത്തിന്റെ നിർദ്ദയമായ അടിച്ചമർത്തൽ ഭരണത്തിനായി ആവിഷ്കരിക്കപ്പെട്ടിട്ടുള്ള ഫാസിസ്റ്റ് പദ്ധതിയുമായി ഹിന്ദുത്വ ആശയങ്ങളും ഹിന്ദുരാഷ്ട്ര വാദവുമൊക്കെ ഒത്തുപോകുന്നതിങ്ങനെയാണ്. അതുകൊണ്ടാണ്, ഭരണ മുതലാളിവർഗ്ഗം ആർഎസ്എസ്-ബിജെപി നടത്തുന്ന മതമൗലികവാദപരവും വർഗീയവുമായ പ്രചാരണങ്ങൾക്ക് എല്ലാ പിന്തുണയും നൽകുന്നത്.

### അക്രമവും വർഗീയ വിദ്വേഷവും സ്വയമേവ വളരുന്നു

ആരുടെയെങ്കിലും ആസൂത്രണമോ നിർദ്ദേശമോ ഇല്ലാതെതന്നെ വർഗീയസ്പർദ്ധയും സംഘർഷങ്ങളുമൊക്കെ ഉടലെടുക്കുന്ന സ്ഥിതിയിൽ എത്തിയിരിക്കുന്ന നമ്മുടെ രാജ്യം. അതിന് സഹായകമാംവിധം സാമൂഹ്യഅന്തരീക്ഷം പരുവപ്പെടുത്തിയെടുത്തിരിക്കുകയാണ് ഹിന്ദുത്വശക്തികൾ . ഇതിന്റെ അഗ്നി കെട്ടടങ്ങുകയില്ല. ബുൾഡോസറുകൾ ആവേശത്തോടെ രംഗത്തെത്തിക്കൊണ്ടിരിക്കും. മതപരമായ ആഘോഷങ്ങളൊക്കെ ശക്തി പ്രകടനത്തിനും വിദ്വേഷപ്രചാരണത്തിനുമുള്ള വേദികളായി മാറുകയാണ്. കഴിഞ്ഞ രണ്ടാഴ്ച്ചയ്ക്കുള്ളിൽ 9 സംസ്ഥാനങ്ങളിലാണ് വർഗീയ സംഘർഷങ്ങളുണ്ടായത്. ഇനിഎല്ലാഉത്സവകാലത്തും വർഗീയകലാപങ്ങൾ പ്രതീക്ഷിക്കാം. വർഗീയ ജ്വാലകൾ എല്ലാ ചെറു പട്ടണങ്ങളിലും ഗ്രാമങ്ങളിലുംവരെ ഉയരുകയാണ്. വിഘടിതവും വിലക്ഷണവുമായ രാഷ്ട്രീയ ഭൂതകാലത്തേയ്ക്ക് നമ്മൾ എത്തുകയാണ്. രണ്ട് മതവിഭാഗങ്ങളെ എന്നെന്നേക്കുമായി അകറ്റിനിർത്താൻപോന്നവിധം അവിശ്വാസവും ആശങ്കയും കുത്തിനിറയ്ക്കുകയാണ്. ഭരിക്കുന്ന ബിജെപിയിലോ പ്രതിപക്ഷ നിരയിലോ ഒരു നേതാവ് പോലുമില്ല ഇതിൽ വേദനയുള്ളതായി . നേരെമറിച്ച് നിർലജ്ജം ഈ സാഹചര്യം ഉപയോഗപ്പെടുത്തി നേട്ടം കൊയ്യാനും അധികാരത്തിൽ കടിച്ചുതൂങ്ങാനുമുള്ള തത്രപ്പാടിലാണെല്ലാവരും.

### ഒരു പരിഷ്കൃത സമൂഹത്തിൽ വർഗീയതയ്ക്ക് സ്ഥാനമില്ല

ഒരു പരിഷ്കൃത സമൂഹത്തിൽ വർഗീയത ഒരു ശല്യമാണ്. ബൂർഷ്വ പാർട്ടികൾ തെരഞ്ഞെടുപ്പ് താത്പര്യംമൂലം ജനങ്ങളെ ജാതി, മതം, വംശം തുടങ്ങിയവയുടെയൊക്കെ പേരിൽ ഭിന്നിപ്പിച്ച് നിർത്താൻ ആഗ്രഹിക്കുന്നു. പരസ്പരവിദ്വേഷവും അവിശ്വാസവും ബലപ്പെടുത്താനായി അവർ വർഗീയവും ജാതീയവും വംശീയവുമായ സംഘർഷങ്ങൾ കുത്തിപ്പൊക്കുന്നു. എന്നാൽ, അദ്ധ്വാനിച്ച് ജീവിക്കുന്ന സാധാരണ ജനങ്ങളിൽ ബഹുഭൂരിപക്ഷവും, അവർ ഏതി ജാതിയിലും മതത്തിലും വംശത്തിലും പെടുന്നവരാണെങ്കിലും, ഇത്തരത്തിലുള്ള അവിശ്വാസവും അസഹിഷ്ണുതയുമൊന്നും പേറുന്നവരല്ല. അവർക്ക് ശത്രുതയോ തമ്മിലടിക്കാൻ താല്പര്യമോ ഇല്ല. തങ്ങൾക്കിടയിൽ നിലനിൽക്കുന്ന സ്നേഹവും സൗഹൃദവും തകരണമെന്ന് ആഗ്രഹിക്കുന്നുമില്ല. അതിനൊന്നും ഒരു കോട്ടവും തട്ടരുതെന്നാണവർ ആഗ്രഹിക്കുന്നത് എന്ന കാര്യം എടുത്തുപറയേണ്ടതുണ്ട്. വർഗീയത കയ്യാളുന്നവരുടെ ഹീനതന്ത്രങ്ങൾക്ക് ഏറ്റവുമധികം ഇരയാകുന്നതും ദരിദ്രരും നിസ്സഹായരുമായ സാധാരണക്കാർതന്നെ. ജനങ്ങളുടെ സ്വൈരജീവിതം തകർക്കുന്നതും അവരെ തമ്മിലടിപ്പിക്കുന്നതും വർഗീയത

(ശേഷം 10-ാം പേജിൽ)

# കെ റെയിൽ

# സമാനതകളില്ലാത്ത ജനകീയ പ്രക്ഷോഭത്തിനുമുമ്പിൽ ഇടത് സർക്കാർ ഒറ്റപ്പെടുന്നു

(3-ാം പേജിൽ നിന്ന്)

രെയും രോഗികളെയും ആരെയും പോലീസ് വെറുതെ വിട്ടില്ല. സ്ത്രീകളെ തെരുവിൽ വലിച്ചിഴച്ചു, സ്ത്രീകൾ ഉൾപ്പെടെയുള്ള സമരപ്രവർത്തകരെ ജയിലിലടച്ചു.

ചവിട്ടും തൊഴിയും യഥേഷ്ടം നടന്നു. പോലീസിന് ഊക്കുപോരെന്നു തോന്നിയിടത്ത് പാർട്ടിക്കാരും തല്ലാൻ ഇറങ്ങി. കല്ലുപിഴുതാൽ പല്ലു പറിക്കുമെന്നും നിയമലംഘനം നടത്തിയാൽ അടി കിട്ടുമെന്നുമൊക്കെ, സ്വയം ഇടതുപക്ഷമെന്നാണ് അവകാശപ്പെടുന്നത് എന്നത് മറന്ന് നേതാക്കന്മാർ കലിതുള്ളി. കുട്ടികൾ സമരരംഗത്തിറങ്ങുന്നത് അപരാധമാണെന്ന് കണ്ടെത്തി. സംസ്ഥാനത്ത് അങ്ങോളമിങ്ങോളം സമരപ്രവർത്തകർക്കുനേരെ കള്ളക്കേസെടുത്തു. പല കേസുകളും ജാമ്യമില്ലാവകുപ്പ് പ്രകാരമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കടുത്ത മാനസിക സമ്മർദ്ദങ്ങളിലേയ്ക്ക് കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ളവർ എടുത്തെറിയപ്പെട്ടു. നിരവധിയാളുകൾ സാരമായ പരുക്കുകളോടെ ആശുപത്രിയിലായി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടന്ന അങ്ങേയറ്റം ജനാധിപത്യവിരുദ്ധവും മനുഷ്യത്വരഹിതവുമായ പ്രവൃത്തികൾ മാപ്പർഹിക്കുന്നതല്ല. പദ്ധതി പിൻവലിച്ച് സർക്കാർ ജനങ്ങളോട് മാപ്പു പറയുകയും കള്ളക്കേസുകൾ പിൻവലിച്ച് ജനങ്ങൾക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകുകയുമാണ് വേണ്ടത്.

ഇൻ പ്രിൻസിപ്പിൾ അപ്രൂവലിനെക്കുറിച്ചും ചിലത് പറയാതെ വയ്യ. കേവലം രണ്ടുമാസംകൊണ്ട് തയ്യാറാക്കപ്പെട്ട ഒരു ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഐപിഎ നൽകിയിരിക്കുന്നത്. പ്രിലിമിനറി ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ച് കേവലം രണ്ടുമാസംകൊണ്ടാണ് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നതെന്ന് അലോക് കുമാർ വർമ ചൂണ്ടിക്കാണിച്ചിരുന്നു. 2019 മാർച്ചിൽ പ്രിലിമിനറി ഫീസിബിലിറ്റി റിപ്പോർട്ടും അതേ വർഷം മെയ് മാസത്തിൽ ഫീസിബിലിറ്റി റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു. കേരളത്തിലങ്ങോളമിങ്ങോളം നീണ്ടുകിടക്കുന്ന ഒരു ബൃഹത് പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് രണ്ടുമാസംകൊണ്ട് എങ്ങനെയാണ് തയ്യാറാക്കാൻ സാധിക്കുക. നിരവധി തലങ്ങളിൽ നടക്കേണ്ട ആവശ്യമായ പഠനങ്ങളുടെ അടിസ്ഥാനത്തിലല്ല ഡിപിആർ തയ്യാറാക്കപ്പെട്ടിരിക്കുന്നത് എന്നത് ഇതിനകംതന്നെ ചൂണ്ടിക്കാണിക്കപ്പെട്ടുകഴിഞ്ഞ കാര്യമാണ്. പ്രിലിമിനറി ഫീസിബിലിറ്റി റിപ്പോർട്ടിൽ പദ്ധതി എലിവേറ്റഡ് ആണ്, ബ്രോഡ്ഗേജിലാണ്.

തട്ടിക്കൂട്ട് ഫീസിബിലിറ്റി റിപ്പോർട്ടിൽ എലിവേറ്റഡ് മാറി എംബാങ്ക്മെന്റ് ആയി, ബ്രോഡ്ഗേജ് മാറി സ്റ്റാൻഡേർഡ് ഗേജ് ആയി. ഈ ഫീസിബിലിറ്റി റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് തത്വത്തിൽ അനുമതി നൽകിയിരിക്കുന്നത്. ഈ മാറ്റങ്ങൾ കെ റെയിലിന്റെ താൽപര്യപ്രകാരമാണ് എന്ന് സിസ്ട്ര ഫീസിബിലിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. സ്റ്റാൻഡേർഡ് ഗേജ് ആയാലേ ജപ്പാന്റെ ധനകാര്യ ഏജൻസിയായ ജിക്ക വായ്പ അനുവദിക്കുകയുള്ളൂ എന്ന് കെ റെയിൽ എംഡിയും വ്യക്തമാക്കിയിട്ടുണ്ട്.

2018 സെപ്റ്റംബർ 27ന് സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രി പീയൂഷ് ഗോയലിന് അയച്ച കത്തിൽ പറഞ്ഞിരിക്കുന്നതിൻപ്രകാരം പദ്ധതി എലിവേറ്റഡ് സെമിഹൈസ്പീഡ് റെയിൽ കോറിഡോർ ആണ്. ഈ കത്തിന് 2018 ഒക്ടോബർ 15ന് കേന്ദ്ര റയിൽവേ മന്ത്രി പീയൂഷ് ഗോയലിന്റെ ഓഫീസിൽനിന്ന് കേരള മുഖ്യമന്ത്രി പിണറായി വിജയന് അയച്ചകത്തിലും നിർദ്ദിഷ്ട പദ്ധതി സ്റ്റാൻഡ് എലോൺ എലിവേറ്റഡ് എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഇൻപ്രിൻസിപ്പിൾ അപ്രൂവൽ നൽകിക്കൊണ്ട് 2019 ഡിസംബറിൽ കേന്ദ്രറയിൽ മന്ത്രാലയം കെ റെയിലിന് നൽകിയിരിക്കുന്ന കത്തിൽ എലിവേറ്റഡ് എന്നത് അപ്രത്യക്ഷമായിരിക്കുന്നു. സ്റ്റാൻഡ് എലോൺ എലിവേറ്റഡ്(529.45 fully elivated)ന് ആണോ തത്വത്തിൽ അനുമതി ലഭിച്ചിരിക്കുന്നത് അതോ 292.72 കിലോമീറ്റർ എംബാങ്ക്മെന്റും 88.4 കിലോമീറ്റർ വയഡക്ടും 111.52 കിലോമീറ്റർ ടണലും 101.73 കിലോമീറ്റർ കട്ടിംഗും 24.78 കിലോമീറ്റർ കട്ട് ആന്റ് കവറും 12 കിലോമീറ്റർ പാലവുമുള്ള സിൽവർ ലൈൻ പദ്ധതിക്കാണോ തത്വത്തിൽ അനുമതി കിട്ടിയിരിക്കുന്നത് എന്നത് ഇനിയും വ്യക്തമാക്കപ്പെട്ടിട്ടില്ല. വിവരാവകാശ നിയമപ്രകാരം നൽകിയ ചോദ്യത്തിനും ഉത്തരം നൽകിയിട്ടില്ല എന്നത് പദ്ധതിയുടെ പിന്നിലെ ഒളിച്ചുകളിയുടെ മറ്റൊരു തെളിവാണ്.

ജനങ്ങൾക്കുനേരെ പരസ്യമായി സർക്കാർ പോരിനിറങ്ങിയത് സമ്പൂർണമായൊരു ഡിപിആർ പോലും ഇനിയും തയ്യാറാക്കപ്പെട്ടിട്ടില്ലാത്തതും അടിമുടി ദുരൂഹതകളും അവ്യക്തതകളും നിറഞ്ഞതുമായ ഒരു പദ്ധതിക്കുവേണ്ടിയാണ്. ഡിപിആർ എന്ന പേരിൽ പുറത്തുവന്നിരിക്കുന്ന രേഖയ്ക്കാകട്ടെ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ പോലും നിലവാരം ഇല്ല എന്ന് പദ്ധതിയെ അനുകൂലിക്കുന്നവർ പോലും അഭിപ്രായപ്പെട്ടിരിക്കുന്നു.

തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടതോടെ കെ റെയിൽ കുറ്റിനാട്ടലുമായി ബന്ധപ്പെട്ട് നിത്യേന ജനങ്ങൾക്കുനേരെ നടന്നുവന്നിരുന്ന കൈയേറ്റങ്ങൾ പൊടുന്നനവെ നിലച്ചു. തൃക്കാക്കരയിലെന്നല്ല, കേരളത്തിൽ ഒരിടത്തും കല്ലിടുകയോ സർവ്വേയെന്നപേരിൽ നടപടികൾ നീക്കുകയോ ചെയ്തില്ല. പകരം അതിരടയാളം നിശ്ചയിക്കാൻ മഞ്ഞക്കല്ലിടേണ്ടതില്ലെന്നും ജിപിഎസ് സാങ്കേതിക സഹായത്തോടെ ജിയോ ടാഗിങ് നടത്തിയാകും അതിര് നിശ്ചയിക്കുക എന്നും തീരുമാനം വന്നു. ഇതിന് അനുമതി നൽകിക്കൊണ്ട് റവന്യൂവകുപ്പിന്റെ ഉത്തരവുമിറങ്ങി

കേരളത്തിന് ലഭിക്കാവുന്ന ഏറ്റവും വലിയ വികസനപദ്ധതിയെന്നും ആരെതിർത്താലും നടപ്പിലാക്കുമെന്നുമൊക്കെ ഊറ്റം കൊള്ളുകയും വായ്ത്താരിയിടുകയും ചെയ്തിരുന്നവരാണ് പൊടുന്നനവെ നിശബ്ദരായത്. കെ റെയിലാണ് വികസനം എന്ന് വീമ്പിളക്കിയിരുന്നവർക്ക് മഞ്ഞക്കുറ്റിനാട്ടി വോട്ടുപിടിക്കാനുള്ള ധൈര്യം അശേഷം ഉണ്ടായില്ല. പദ്ധതിയെക്കുറിച്ച് ഇതിനകം ഉയർത്തപ്പെട്ടിട്ടുള്ള ആശങ്കകൾ ശരിവയ്ക്കുന്നതാണ് ഈ നടപടികൾ. ജനരോഷത്തിന്റെ മൂർച്ച സർക്കാരിന് മനസ്സിലാകുന്നുണ്ട് എന്നതുകൊണ്ടുകൂടിയാണ് ഈ നടപടികൾ.

കല്ലിടാതെ സർവേ നടത്താനാകില്ല എന്നായിരുന്നു കെ റെയിലും സർക്കാരും ഇതുവരെ വാദിച്ചുകൊണ്ടിരുന്നത്. എന്നാൽ എതിർപ്പും സംഘർഷവും മൂലം പദ്ധതി പ്രദേശത്ത് അനായാസം കല്ലിട്ട് മുന്നേറാനാകുന്നില്ല എന്ന പരാതി സർക്കാരിന്റെ മുമ്പാകെ വച്ച കെ റെയിൽ തന്നെയാണ് ജിയോ ടാഗിങ് ബദൽ മാർഗ്ഗമായി നിർദ്ദേശിച്ചതും. സാമൂഹ്യാഘാത പഠനത്തിന് എന്തിനാണ് കല്ലിടുന്നത് എന്ന് കോടതി നിരന്തരം ചോദിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങളെ പ്രതിസ്ഥാനത്തു നിർത്തി ബലപ്രയോഗത്തിലൂടെയും സ്ത്രീകളടക്കമുള്ളവരെ വലിച്ചിഴച്ചും യാതൊരു വിട്ടുവീഴ്ചയുമില്ലാതെ സർക്കാർ കല്ലിടലുമായി മുന്നോട്ടുപോയപ്പോൾ സാമൂഹ്യാഘാതപഠനത്തിന് ഈ ബഹളങ്ങളുടെ ആവശ്യമില്ല എന്ന് കോടതി താക്കീത് നൽകിക്കൊണ്ടിരുന്നു.

സിപിഐ(എം) പാർട്ടികോൺഗ്രസ് കണ്ണൂരിൽ നടന്നിരുന്ന സമയത്താണ് ഇതിനുമുമ്പ് കല്ലിടൽ നിർത്തിവച്ചത്. രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികം കോടിക്കണക്കിന് രൂപ ചെലവഴിച്ച് കൊണ്ടാടിക്കൊണ്ടിരിക്കുന്ന വേളയിൽ നടക്കുന്ന ചർച്ചകളിലോ ഭരണനേട്ടങ്ങൾ ചർച്ചചെയ്യുന്ന ബ്രോഷുറുകളിലോ പത്രപരസ്യങ്ങളിലോ കെ റെയിൽ ഇല്ല. വികസനനേട്ടമെന്ന നിലയിൽ കെ റെയിൽ ചൂണ്ടിക്കാണിക്കാനുള്ള ധൈര്യംപോരാ സംസ്ഥാന സർക്കാരിന്. പുറംപൂച്ച് വെളിവായിരിക്കുന്ന ഈ സന്ദർഭത്തിൽ എന്നിട്ടും എന്തിനാണ് ഈ പിടിവാശി? സിൽവർലൈൻ പദ്ധതി നിരുപാധികം പിൻവലിച്ച് തലയൂരുക മാത്രമേ ഇനി ചെയ്യാനുള്ളൂ. ■

# വർദ്ധിച്ചുവരുന്ന വർഗീയ സംഘർഷങ്ങൾ

# പരസ്പര സൗഹൃദത്തിന് കോട്ടം തട്ടരുതെന്നാണ് ജനങ്ങളാഗ്രഹിക്കുന്നത്

(9-ാം പേജിൽ നിന്ന്)

പടർത്തുന്ന ശക്തികൾ തന്നെയാണ്. അതിനാൽ, രാജ്യത്തിന്റെ ഐക്യത്തിനുതന്നെ ഭീഷണിയാവുകയും വൈകാരികത ആളിക്കത്തിച്ച് മാനുഷിക ഭാവങ്ങളെയും നാഗരികതയെതന്നെയും തകർക്കുകയും ചെയ്യുന്ന ആർഎസ്എസ്-ബിജെപി ദുഷ്ട ശക്തികൾക്കെതിരെ യോജിച്ചുനിന്ന് ശബ്ദമുയർത്താൻ ജനങ്ങൾ തയ്യാറാകണം. ഹിന്ദുത്വ മേലാളന്മാരെ ജനങ്ങളിൽനിന്ന് ഒറ്റപ്പെടുത്തണം. വർഗീയവിരുദ്ധവും ജനാധിപത്യ സ്വഭാവമുള്ളതുമായ എല്ലാ ശക്തികളെയും, വിനാശകരമായ ആർഎസ്എസ്-ബിജെപി ഫാസിസ്റ്റ് ശക്തികളുടെ ഹീനപദ്ധതിക്കെതിരെ അണിനിരത്തുകയും രാജ്യവ്യാപകമായൊരു വർഗീയതാവിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കുകയും വേണം. അതോടൊപ്പംതന്നെ ഹിന്ദുത്വം, ഹിന്ദുരാഷ്ട്രം, മുസ്ലീം വിരോധം തുടങ്ങിയ ആശയങ്ങൾക്കും കാഴ്ചപ്പാടുകൾക്കുമെതിരെ തീവ്രമായൊരു പ്രത്യയശാസ്ത്ര സമരം കെട്ടഴിച്ചുവിട്ടുകൊണ്ട് അവയെ നിലംപരിശാക്കുകയും ചെയ്യേണ്ടതുണ്ട്.

## ഹീനമായ ഈ ഗൂഢ പദ്ധതിയെ തകർക്കുക

ദുഷ്ട ബുദ്ധികളായ ഈ വോട്ടുപിടുത്തക്കാരുടെ ആക്രോശങ്ങൾ സഹിച്ച് അവരുടെ താളത്തിന് തുള്ളാൻമാത്രം നിസ്സഹായരാണോ നമ്മൾ? പാർലമെന്ററി രാഷ്ട്രീയത്തിൽ സ്വന്തം സ്ഥാനം ഉറപ്പിക്കാനായി ഈ വർഗീയ, ഫാസിസ്റ്റ് ശക്തികൾ ജനങ്ങളെ പണയം വയ്ക്കുകയും ഒരുകൂട്ടരെ മറ്റൊരു കൂട്ടർക്കെതിരെ ഇളക്കിവിടുകയും ചില പ്രത്യേക വിഭാഗങ്ങളെ ഉന്നം വച്ച് ആക്രമണങ്ങൾ നടത്തുകയും രാജ്യമെമ്പാടും നിരപരാധികളുടെ ചോരയൊഴുക്കുകയും ചെയ്യുന്നത് തുടരാൻ നാം അനുവദിക്കണോ? ഇതിനാണോ നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികൾ ചോര ചൊരിഞ്ഞതും ജീവൻനൽകിയതും ? നേരായി ചിന്തിക്കുന്ന, സുബോധമുള്ള ആരും ഇത് അംഗീകരിക്കില്ല. നമുക്ക് പ്രതിരോധത്തിന്റെ നെടുങ്കോട്ട തീർക്കണം. പൈശാചികതയ്ക്ക് മുന്നിൽ നമ്മൾ മുട്ടുമടക്കില്ല. മാനവരാശിയുടെ കൊടിയശത്രുവായ ഫാസിസത്തിനും ജാതി-വർഗീയ തിന്മകൾക്കുമെതിരെ നമുക്ക് സായുധരാകാം. ഇനി നമുക്ക് വെറുതേ കളയാൻ സമയമില്ല. ജനങ്ങളുടെ നീറുന്ന ജീവിത പ്രശ്നങ്ങൾ മുൻനിർത്തിയുള്ളതും എല്ലാ ജനവിഭാഗങ്ങളെയും അണിനിരത്തുന്നതും എല്ലാ വിഭാഗീയതകൾക്കും അതീതവും ഉന്നതമായ നൈതികതയും സംസ്കാരവും പേറുന്നതും ശരിയായ വിപ്ലവ നേതൃത്വത്തിൻ കീഴിലും വളർത്തിയെടുക്കപ്പെടുന്ന സുദീർഘവും യോജിച്ചതും സംഘടിതവുമായ ജനകീയ പ്രക്ഷോഭമെന്ന അജയ്യമായ ആയുധമേന്തി ഈ തിന്മയുടെ ശക്തികളോട് നമുക്ക് നേർക്കുനേർ ഏറ്റുമുട്ടാം.

ജനങ്ങളുടെ പ്രത്യാക്രമണം ദ്വിമുഖമായിക്കണം. ഒരുവശത്ത് ഉരുക്കുപോലെ ഉറച്ച ഐക്യവും കെട്ടുറപ്പും കൈവരിച്ചുകൊണ്ട് ശരിയായ നേതൃത്വത്തിൻകീഴിൽ ബഹുജനങ്ങളുടെ സമര വേലിയേറ്റം സൃഷ്ടിച്ചെടുക്കുന്നതിലൂടെ വർഗീയ-ജാതീയ-ഫാസിസ്റ്റ് ശക്തികൾ പിന്നോട്ടടിക്കപ്പെടും. ഇത് അടിയന്തര പ്രാധാന്യത്തോടെയും ഉത്തരവാദിത്വ ബോധത്തോടെയും നിർവഹിക്കണം. താഴെത്തലംമുതൽ എല്ലാ വിഭാഗം ജനങ്ങളെയും പ്രമുഖ വ്യക്തികളെയും ബൗദ്ധികവ്യക്തിത്വങ്ങളെയും ഉൾപ്പെടുത്തി എണ്ണമറ്റ ജനകീയ സമര കമ്മിറ്റികൾ കെട്ടിപ്പടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. വോളണ്ടിയർമാരുടെ ഒരു ദളവും വികസിപ്പിച്ചെടുക്കണം. ബൂർഷ്വാ പാർട്ടികളുടെയും ഇടതുപക്ഷക്കാർ എന്ന് മേനി നടിക്കുന്നവരുടെയും കപട മുഖം നിർദ്ദാക്ഷിണ്യം തുറന്നുകാട്ടി അവരെ ജനങ്ങളിൽനിന്ന് ഒറ്റപ്പെടുത്തണം. നഗരമെന്നോ ഗ്രാമമെന്നോ ഭേദമില്ലാതെ രാജ്യമെമ്പാടും വർഗീയതാവിരുദ്ധ പരിപാടികൾ സംഘടിപ്പിക്കണം. അതോടൊപ്പംതന്നെ വർഗീയതയുടെയും ജാതീയതയുടെയും ഫാസിസത്തിന്റെയുമൊക്കെ വിഷലിപ്തമായ ആശയങ്ങൾക്കെതിരെ തീഷ്ണമായ പ്രത്യയശാസ്ത്രസമരം താഴെത്തലംമുതൽ കെട്ടഴിച്ചുവിട്ടുകൊണ്ട് ജനങ്ങളുടെ ഈ പ്രഖ്യാപിത ശത്രുക്കളുടെ മരണമണി മുഴക്കാൻ കഴിയണം. ഇതിലൂടെ മാത്രമേ നാം ഇന്ന് അഭിമുഖീകരിക്കുന്ന ഭീഷണവും വിനാശകരവുമായ സാഹചര്യത്തെ മറികടക്കാനാകൂ. ■

# മോദിയുടെ പാതയിൽ പിണറായി സർക്കാരും വിപൽക്കരമായ ദേശീയ വിദ്യാഭ്യാസനയം നടപ്പാക്കുന്നു

**പൊ**തുവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനങ്ങളെ പിഴുതെറിയുന്നതാണ് പുതിയ ദേശീയ വിദ്യാഭ്യാസനയം 2020(എൻഇപി 2020). സർവ്വകലാശാല വിദ്യാഭ്യാസത്തെയും അത് അടിമുടി പൊളിച്ചെഴുതുന്നു. സ്ഥിരം അധ്യാപകരെ മിക്കവാറും ഇല്ലായ്മ ചെയ്യുന്ന നയം എഴുത്തും വായനയും ഉൾപ്പടെയുള്ള പ്രാഥമികവിദ്യാഭ്യാസം അട്ടിമറിക്കാനുള്ള നീക്കത്തിലാണ്. ബിരുദ - ബിരുദാനന്തര വിദ്യാഭ്യാസത്തിന്റെ അക്കാദമിക അന്തസത്തയിൽ മാറ്റം വരുത്തി അവയെ തൊഴിൽ പഠനമാക്കി മാറ്റുന്നു. കല്പിത - സ്വകാര്യ - സ്വാശ്രയ സർവ്വകലാശാലകൾ ആരംഭിച്ച് രാജ്യത്തെ സർവകലാശാലകളെ വാണിജ്യരംഗത്തേക്ക് തിരിച്ചുവിടുന്നു.



**അ**ക്ഷര പഠനത്തെ നിരാകരിച്ച ഡിപിഇപി മോഡൽ ബോധനരീതികൾ സ്ഥാപിച്ച് അവ വ്യാപിപ്പിക്കാനുള്ള പരിഷ്കാരങ്ങൾ രാജ്യമെമ്പാടും തകൃതിയിൽ നടന്നുകൊണ്ടിരിക്കുമ്പോൾ സംസ്ഥാനത്തെ എൽഡിഎഫ് സർക്കാരിന്റെ നിലപാട് എന്താണ്? ഔദ്യോഗികമായി, വളരെ തന്ത്രപൂർവ്വം എൻഇപിക്കെതിരാണ് സർക്കാർ എന്ന തോന്നൽ ജനിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.എന്നാൽ, എൻഇപി മുന്നോട്ടു വെക്കുന്ന ഏറ്റവും പ്രധാനപ്പെട്ട നയങ്ങൾ ഓരോന്നായി സംസ്ഥാനത്ത് നടപ്പാക്കാനുള്ള നീക്കങ്ങളിലാണ് എൽഡിഎഫ് സർക്കാർ. സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ മാത്രമേ നപുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുകയുള്ളൂ എന്നാണ് സ്കൂൾ വിദ്യാഭ്യാസമന്ത്രി ശിവൻകുട്ടി പറയുന്നത്. ഈ അധ്യയന വർഷം നടപ്പാക്കാൻ പ്രയാസമായതിനാൽ അടുത്ത അധ്യയന വർഷം മുതൽ പുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുമെന്നാണ് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ.ബിന്ദു വ്യക്തമാക്കുന്നത്.

ഉന്നത വിദ്യാഭ്യാസ കൗൺസിലാകട്ടെ, രണ്ട് ദിവസത്തെ യോഗം ചേർന്ന് പുതിയ നയം കേരളത്തിൽ നടപ്പാക്കുന്നതിനെ സംബന്ധിച്ച് വിശദമായി പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. സ്കൂൾ കരിക്കുലത്തിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും ഉന്നതവിദ്യാഭ്യാസ പരിഷ്കാരങ്ങളെക്കുറിച്ച് പഠിക്കാനും മൂന്ന് കമ്മിറ്റികളാണ് സംസ്ഥാന സർക്കാർ ഇതിനകം രൂപം നൽകിയിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ പരീക്ഷാപരിഷ്കാരങ്ങൾക്ക് മറ്റൊരു സമിതിയെയും നിയോഗിച്ചിട്ടുണ്ട്. നാക് ഉൾപ്പടെയുള്ള സംവിധാനങ്ങളിൽ മികച്ച പോയിന്റുകൾ നേടാൻ സർവകലാശാലകൾക്കും കോളേജുകൾക്കും ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കാനുള്ള സമീപനം സ്വീകരിക്കേണ്ടതുണ്ടത്രെ.

ലോക ബാങ്കിന്റെ റൂസ(RUSA) ഉൾപ്പെടെയുള്ള ഫണ്ടിംഗ് നാക് സ്കോറുമായി ബന്ധപ്പെട്ടാണ് നൽകുന്നത്. അതിനാൽ, സർവകലാശാലകൾക്കോ കോളേജുകൾക്കോ പുതിയ ദേശീയ വിദ്യാഭ്യാസ നയം പൂർണമായി തള്ളിക്കളയുക എന്ന സമീപനം സ്വീകരിക്കാൻ കഴിയില്ലെന്നാണ് ഡിപിഇപി മുതലുള്ള പാഠ്യപദ്ധതി പരിഷ്കാരങ്ങൾക്ക് നേതൃത്വം നൽകുന്ന ഒ.എം. ശങ്കരൻ പറയുന്നത്. ഡോ.രാജൻ ഗുരുക്കൾ വൈസ് ചെയർമാനായ ഉന്നത വിദ്യാഭ്യാസ കൗൺസിലാകട്ടെ, പുതിയ ദേശീയ വിദ്യാഭ്യാസനയ പ്രകാരമുള്ള ഇരട്ട ബിരുദം ഉൾപ്പെടെയുള്ള കാര്യങ്ങളെ പിന്തുണയ്ക്കുകയും നാലുവർഷ ഡിഗ്രികോഴ്സ് നടപ്പാക്കുന്നതിനെ ന്യായീകരിക്കുകയും ചെയ്യുന്നു. ഫലത്തിൽ, വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും ഘടനയിലും സമൂലമായ പൊളിച്ചെഴുത്തുകൾ നിർദ്ദേശിക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയം കേരളത്തിൽ നടപ്പാക്കാനുള്ള ശ്രമത്തിലാണ് എൽഡിഎഫ് സർക്കാർ.

### ഘടനാപരമായ പരിഷ്ക്കാരം

10+2+3 എന്ന പതിറ്റാണ്ടുകളായി നില നിൽക്കുന്ന വിദ്യാഭ്യാസ ഘടനയിൽ സമൂലമായ മാറ്റം നിർദ്ദേശിക്കുന്ന പദ്ധതിയാണ് എൻഇപി 2020. 5+3+3+4 എന്ന ഘടനയാണ് പുതിയ ദേശീയ വിദ്യാഭ്യാസനയംമുന്നോട്ടുവയ്ക്കുന്നത്. ആദ്യത്തെ അഞ്ച് വർഷം പ്രീപ്രൈമറി. മൂന്ന് മുതൽ അഞ്ച് വരെ പ്രിപറേറ്ററി സ്റ്റേജ്, ആറു മുതൽ എട്ടു വരെ മിഡിൽ സ്റ്റേജ്. അതിനുശേഷം പന്ത്രണ്ടാം ക്ലാസ് വരെ സെക്കൻഡറി സ്റ്റേജ്. അതുവഴി ഹയർസെക്കൻഡറിയേയും ഇല്ലാതാക്കുന്നു. അതിനുശേഷം, നാല് വർഷത്തെ ഡിഗ്രി കോഴ്സും ഇൻറഗ്രേറ്റ്ഡ് ബിഎഡ് കോഴ്സും മറ്റുമൊക്കെയാണ് പരിഷ്കാരങ്ങൾ.

അവയിൽ, എൻഇപി നിർദ്ദേശിക്കുന്ന ഘടനയ്ക്ക് അനുസൃതമായാണ് ഹയർ സെക്കൻഡറിയെയും സെക്കൻഡറിയെയും ലയിപ്പിക്കുന്ന ഖാദർ കമ്മിറ്റി ശുപാർശകൾ കേരളത്തിൽ എൻഇപിക്കും മുന്നേവന്നത്. 9 മുതൽ 12 വരെ ഒരൊറ്റ ഘട്ടമാക്കി ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തെ അവസാനിപ്പിക്കാനുള്ള തീരുമാനം സംസ്ഥാന സർക്കാർ നേരത്തെ തന്നെ നടപ്പാക്കി തുടങ്ങിയിരുന്നു.

എട്ടാം ക്ലാസിൽ പ്രാഥമിക വിദ്യാഭ്യാസം അവസാനിപ്പിക്കാനുള്ള ലോകബാങ്കിന്റെ സർവ്വശിക്ഷഅഭിയാൻ പദ്ധതി പ്രകാരമുള്ള ഘടനാ പരിഷ്ക്കാരങ്ങൾ ഇന്ത്യയിൽ ആദ്യം നടപ്പാക്കികഴിഞ്ഞ സംസ്ഥാനമാണ് കേരളം. വികേന്ദ്രീകൃതമായ ഉള്ളടക്കമുള്ള, തൊഴിലുമായി വിദ്യാഭ്യാസത്തെ പ്രാഥമിക ക്ലാസ്സുകളിൽതന്നെ ബന്ധിപ്പിക്കുന്ന നയമാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം 2020. അക്ഷരാർത്ഥത്തിൽ കേരളത്തിൽ വികേന്ദ്രീകൃതമായ പാഠ്യപദ്ധതി നടപ്പാക്കിക്കഴിഞ്ഞു. പഞ്ചായത്തു തലത്തിൽ ദിവസക്കൂലിക്ക് ക്ലാസെടുക്കാൻ അധ്യാപകരെ(അധ്യാപക വിദ്യാഭ്യാസ പരിശീലനം ഇല്ലാത്തവരെ) നിയോഗിക്കണമെന്ന കാഴ്ചപ്പാടാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉള്ളത്. കേരളത്തിലെ ഒട്ടുമിക്ക വിദ്യാലയങ്ങളിലും കരാർ അധ്യാപകരോ ഗസ്റ്റ് അധ്യാപകരോ ദിവസക്കൂലിക്കാരോ ആണ് ഇപ്പോൾ അധ്യാപന രംഗത്ത് ഉള്ളത്. ദൈനം ദിന കാര്യങ്ങൾ പഞ്ചായത്ത് തലത്തിൽ നടത്തുകയും റവന്യൂ തല അസിസ്റ്റന്റ് സ്കൂൾ എജ്യുക്കേഷൻ ഓഫീസർമാർ വഴി കാര്യങ്ങൾ മാനേജ് ചെയ്യുകയുംചെയ്യുന്ന സ്ഥിതിയാണ് നിലവിൽ.

ഘടനാപരമായ പരിഷ്കാരങ്ങൾലക്ഷ്യംവെക്കുന്നത്പൊതുവേ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ പഞ്ചായത്തുകളുടെ തലയിൽ കൊണ്ടു വരാനാണ്. ഘടനാ പരിഷ്കാരത്തിൽ,ആദ്യത്തെ അഞ്ച് വർഷക്കാലം പ്രീപ്രൈമറിയുടെ ഭാഗമാകണമെന്ന നിർദ്ദേശം കേരളത്തിൽ ഉടനെ നടപ്പാക്കാനാവില്ല. പക്ഷേ, ഉള്ളടക്കത്തിൽ അക്ഷരപഠനം നിരോധിച്ചിട്ടുള്ളതിനാൽ, അക്ഷരമാല പഠിപ്പിക്കുന്നില്ലയെന്നതിനാൽ, പുതിയ ദേശീയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്ന കാര്യങ്ങൾ ഏറെക്കുറെ പ്രവൃത്തിപഥത്തിൽ കൊണ്ടെത്തിച്ചിരിക്കുകയാണ് പിണറായി സർക്കാർ.

### അക്ഷരമാല പഠിപ്പിക്കുന്നില്ല

പുതിയ ദേശീയ വിദ്യാഭ്യാസ നയം കളി മോഡിലുള്ള വിദ്യാഭ്യാസമാണ് പ്രാഥമിക ക്ലാസ്സുകളിൽ അവതരിപ്പിക്കുന്നത്. പാഠപുസ്തകങ്ങൾ പഠിപ്പിക്കാതെ, ഔപചാരിക അധ്യാപനം ഒഴിവാക്കി വിഷയ ബന്ധിത പഠനത്തെ കഴിയുന്നത്ര അകറ്റിയുമുള്ള അവിദ്യയാണ് പുതിയ മോഡൽ. ഇതിൽ, ഡിപിഇപി ബോധന സമ്പ്രദായങ്ങൾ തന്നെയാണ് എൻഇപി പുതിയ ഭാഷയിൽ അവതരിപ്പിക്കുന്നത്.

അക്ഷരാധിഷ്ഠിത ബോധനത്തെ പുതിയ നയം പ്രോത്സാഹിപ്പിക്കുന്നില്ല. ഔപചാരികമായി ക്ലാസ് റൂമിൽ പഠിപ്പിക്കുന്നതിനെ തടയാനാണ് പുതിയ ഘടനയും ബോധനവും കൊണ്ടുവന്നത് എന്ന് വ്യക്തമാണ്. അക്കാര്യത്തിൽ കേരളം പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന് വഴികാട്ടുന്നു. കഴിഞ്ഞ രണ്ടു ദശാബ്ദക്കാലമായി കേരളത്തിലെ സ്കൂളുകളിൽ അക്ഷരാധിഷ്ഠിത ബോധനം നടക്കുന്നില്ല. അക്ഷരം പഠിപ്പിക്കാതെ ആശയങ്ങൾ പകർന്നുകൊടുക്കുന്ന പഠന സമ്പ്രദായം ആണ് നിലവിലുള്ളത്. അവയിൽ നിന്ന് കുട്ടികൾ സ്വയം ആശയം കണ്ടെത്തട്ടെ എന്നതാണ് സിദ്ധാന്തം.

2012മുതൽ അക്ഷരമാല ഒന്നാം പാഠപുസ്തകത്തിൽ പോലും അച്ചടിക്കുന്നില്ല. നമ്മുടെ പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉണ്ടായിരുന്ന സമയത്തു തന്നെ -1996 മുതലുള്ള കാലങ്ങളിൽ- അക്ഷര പഠനത്തിൽ സർക്കാർ മാറ്റം വരുത്തി. തൽഫലമായി,സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ഉന്നതവിദ്യാഭ്യാസത്തിന് പോകുന്ന നല്ലൊരു ശതമാനത്തിനും അക്ഷരജ്ഞാനം ഇല്ലാതായി എന്നതാണ് യാഥാർത്ഥ്യം. എന്നാൽ പുതിയ ദേശീയ വിദ്യാഭ്യാസ നയവും അതു തന്നെ നടപ്പാക്കാൻ പറയുന്നു. "കുട്ടികൾ സ്വയം പഠിക്കാൻ പഠിക്കട്ടെ, ഓർമ്മയെ അടിസ്ഥാനപ്പെടുത്തിയ പഠനം ഒഴിവാക്കണം. കളിയിലൂടെ പഠനവും അനുഭവാധിഷ്ഠിത പഠനവും വളർത്തണം"(പേജ് 11, എൻഇപി 2020). ചുരുക്കത്തിൽ, കേരളത്തിൽ നടപ്പാക്കിയ ഡിപിഇപി പാഠ്യപദ്ധതിപോലെതന്നെ, അക്ഷരാഭ്യാസം നൽകേണ്ടതില്ല എന്നാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയവും അടിവരയിടുന്നത്.

### വികലമായ ബഹുവിഷയ പഠനം

പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലെ വികലമായ ബഹുവിഷയപഠന സമീപനം കേരളത്തിലെ സ്കൂൾ കോളജ് വിദ്യാഭ്യാസ സിലബസുകളിൽ വന്നുകൊണ്ടിരിക്കുന്നു. മൾട്ടി ഡിസിപ്ലിനറി എന്നപേരിൽ പരസ്പരബന്ധമില്ലാത്ത വ്യത്യസ്ത വിഷയങ്ങളെ കൂട്ടിക്കുഴച്ച് പഠിപ്പിക്കുന്ന സമ്പ്രദായമാണ് വന്നുകൊണ്ടിരിക്കുന്നത്. ഡിപിഇപി പാഠ്യപദ്ധതി വന്ന സമയം മുതൽ ഗണിതവും ഭാഷയും ശാസ്ത്രവും പരിസരപഠനവും എല്ലാം കൂട്ടിക്കുഴച്ച് പഠിപ്പിക്കുന്ന ഉദ്ഗ്രഥിത സമീപനം ഉണ്ടായിരുന്നു. അതായത്, കുട്ടി ഒരു വിഷയവും ആഴത്തിൽ പഠിക്കാതെ പോകുന്നുവെന്ന് ഉറപ്പാക്കുന്ന വികലനയം ആയിരുന്നു അത്. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലെ നാലുവർഷ ബിരുദ കോഴ്സും ഇരട്ട ബിരുദവും യഥാർത്ഥത്തിൽ ഈ സമീപനം അടങ്ങിയതാണ്.

### ഇരട്ട ബിരുദം എന്തിന്?

ദേശീയ വിദ്യാഭ്യാസ നയപ്രകാരം സംസ്ഥാനത്ത് നടപ്പാക്കാൻ ധ്രുതഗതിയിൽ നീക്കം നടത്തുന്ന മറ്റൊരുകാര്യം ഇരട്ട ബിരുദമാണ്. ദേശീയ വിദ്യാഭ്യാസ നയരേഖ പ്രകാരംതന്നെയാണ് അതും. വാസ്തവത്തിൽ 2016ലെ യുജിസി റെഗുലേഷനിൽതന്നെ ഒരേസമയം സംയുക്ത ബിരുദം,ട്വിന്നിംഗ് പ്രോഗ്രാം എന്നിവയെക്കുറിച്ച് പറഞ്ഞിരുന്നു. അന്തർദേശീയമായ കൊളാബറേഷനിലൂടെ,ലോകത്തെ വ്യത്യസ്ത സർവകലാശാലകൾക്ക് ഇന്ത്യയിൽ ക്യാമ്പസുകൾ ആരംഭിക്കാം, അതേപോലെ, ഇന്ത്യയിലെ സർവകലാശാലകൾക്ക് വിദേശത്തും.

യുജിസിയുടെ 2022ലെ പുതിയ നോട്ടിഫിക്കേഷൻപ്രകാരം അക്കാദമിക നിലവാരം പുലർത്തുന്ന സർവകലാശാലകൾക്ക് യുജിസിയുടെ മുൻകൂർ അനുമതി ഇല്ലാതെയും വിദേശ സ്ഥാപനവുമായി കൊളാബറേഷൻ ആകാം. എന്നാൽ, പുതിയ റെഗുലേഷൻ വഴി വരുന്ന മാറ്റത്തെ സംബന്ധിച്ച് ഇന്ത്യയിലെ അക്കാദമിക ലോകം മിക്കവാറും അജ്ഞതയിലായിരുന്നു എന്നതാണ് സത്യം.

എന്തായാലും, ഇന്ത്യയിലെ ചില ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് വിദേശ വിദ്യാലയങ്ങളുമായി ചേർന്ന് ട്വിന്നിംഗ് പ്രോഗ്രാംസ്, ഇരട്ട ബിരുദ കോഴ്സുകൾ എന്നിവ ആരംഭിക്കാൻ സമ്മതപത്രം(MOU) ഒപ്പുവെക്കാൻ അനുമതി നൽകിയിരിക്കുന്നു. അങ്ങനെ, വിദേശ സ്ഥാപനങ്ങളുമായി സംയോജിച്ച് ഇരട്ട ബിരുദ കോഴ്സുകൾ ആരംഭിക്കുന്ന ഇന്ത്യയിലെ ചില സ്ഥാപനങ്ങൾ അവരുടെ വിദ്യാർഥികൾക്ക് ഒരേസമയം രണ്ട് കോഴ്സുകൾ ചെയ്യാൻ അവസരമൊരുക്കും. ഒരെണ്ണം വിദേശ സ്ഥാപനത്തിൽ ആണെങ്കിൽ മറ്റൊരെണ്ണം ഇന്ത്യയിലെ സ്ഥാപനത്തിലും ആകാമത്രെ. ഇന്ത്യയിലെ ഒരു സർവകലാശാലയിൽ ബിഎ ബിരുദം പഠിക്കുന്ന വിദ്യാർത്ഥിയ്ക്ക് അതിന്റെ ഒരു ഭാഗം വിദേശ സർവകലാശാലയിൽ ചെയ്യാം. ഒരേസമയം വ്യത്യസ്ത കോഴ്സുകൾ ചെയ്യുന്ന മൾട്ടി ഡിസിപ്ലിനറി സമീപനത്തിന്റെ അടിസ്ഥാനത്തിലാണിത്.

*(ശേഷം 12–ാം പേജിൽ)*

# പൊതുവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനങ്ങളെ പിഴുതെറിയുന്ന ദേശീയ വിദ്യാഭ്യാസനയം 2020

*(11–ാം പേജിൽ നിന്ന്)*

പുതിയ ഇനം നാലുവർഷത്തെ ഡിഗ്രി കോഴ്സും വിദേശരാജ്യങ്ങളിലെ സർവകലാശാലകളുമായി രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസക്കച്ചവടത്തിന്റെ കൊളാബറേഷന് മുന്നോടിയായാണ് കൊണ്ടുവന്നിട്ടുള്ളത്. ഒരേ സമയം ഒന്നിലേറെ കോഴ്സുകൾ പഠിക്കാൻ അവസരമൊരുക്കുന്നതിലൂടെ തൊഴിൽ കമ്പോളത്തിൽ വമ്പിച്ച സാധ്യതകൾ വിദ്യാർഥികൾക്കായി തുറന്നിടുകയാണത്രേ. തൊഴിലില്ലായ്മ റെക്കോർഡ് നിരക്കിൽ നിൽക്കുന്ന രാജ്യമാണ് നമ്മുടേത്. വിദ്യാർഥികൾക്ക് തൊഴിൽ പരിജ്ഞാനം ഇല്ലാത്തതുകൊണ്ടാണോ അതിരൂക്ഷമായ തൊഴിലില്ലായ്മ? ഒരിക്കലുമല്ല. ഇതിനകം ലക്ഷക്കണക്കിന് യുജി/പിജി/പിഎച്ച്ഡി ബിരുദധാരികൾ ക്ലറിക്കൽ ജോലിക്കോ അതിനേക്കാൾ താഴ്ന്ന ജോലിക്കോവേണ്ടി ക്യൂ നിൽക്കുന്ന കാഴ്ചയാണുള്ളത്.

ഒരു പഠനമേഖലയ്ക്ക് അനുകൂലമായ വിധത്തിലുള്ള സബ്ജക്ട് കോമ്പിനേഷനുകൾ ഇന്റർ ഡിസിപ്ലിനറി മേഖലയിൽ പഠിക്കുന്നത് ശാസ്ത്രീയമാണ്. എന്നാൽ, അതേസമയം പരസ്പരബന്ധമില്ലാത്ത ബഹുവിഷയപഠന സമീപനമാണ് മൾട്ടി ഡിസിപ്ലിനറി പഠനം എന്ന പേരിൽ അവതരിപ്പിക്കപ്പെടുന്നത്. ഇരട്ട ബിരുദം പുതിയ ദേശീയ നയത്തിന്റെ അശാസ്ത്രീയമായ മൾട്ടി ഡിസിപ്ലിനറി സമ്പ്രദായത്തിന്റെ ഭാഗമായാണ് വന്നിട്ടുള്ളത്. ആഴത്തിലുള്ള പഠന സാധ്യതകളെ അടച്ചുകളയുന്നതാണ് മൾട്ടി ഡിസിപ്ലിനറിയും ഡബിൾ/ട്രിപ്പിൾ മെയിൻ പഠനവും പുതിയ ബിരുദസങ്കൽപ്പവും മറ്റുമൊക്കെ. ഒരു പഠന മേഖലയ്ക്ക് പകരം ഒന്നിലേറെ പഠനത്തിനായി ക്രെഡിറ്റുകൾ നേടാൻ തീർച്ചയായും ഇരട്ടി സമയവും അധ്വാനവും വിദ്യാർത്ഥികൾ ചെലവഴിക്കണം. പക്ഷേ, ഫലം എന്ത്?

രണ്ടും പഠിച്ചെടുക്കാൻ വേണ്ടി വരുന്ന അധിക പണച്ചെലവ് കൂടി പരിഗണിക്കുക. എന്നാൽ തൊഴിൽ കമ്പോളത്തിലെ ജോലി സാധ്യത എത്ര കോഴ്സുകൾ പഠിച്ചാലും വളരെ വിരളമാണ് എന്നതാണ് വസ്തുത. കാരണം തൊഴിലാധിക്യ വ്യവസായങ്ങൾ നമ്മുടെ രാജ്യത്ത് ഇല്ല. കേവലം ദിവസക്കൂലി അടിസ്ഥാനത്തിലുള്ള പുറം പണിക്ക് മാത്രമാണ് വിദൂര സാധ്യതയെങ്കിലും ഉള്ളത്. അപ്പോൾ, അക്കാദമിക വിദ്യാഭ്യാസത്തെ തടയാൻ തൊഴിൽ പരിശീലനം നൽകുന്ന ഫോർ ഇയർ കോഴ്സ് കൊണ്ടുവരുന്നതിന് പിന്നിലെ അജണ്ട വ്യക്തമാകുന്നു.

ഇരട്ട ബിരുദം ഏത് വിഷയ മേഖലയിൽ മുന്നേറണം എന്ന ചിന്താക്കുഴപ്പം ജനിപ്പിക്കും എന്ന് പദ്ധതിയുടെ വക്താക്കൾ തന്നെ ആശങ്കപ്പെടുന്നു. എന്നാൽ, അതേ സമയം, നേർവിപരീതമായി അത് കരിയർ സാധ്യതകൾ കൂട്ടുമെന്നും പറയുന്നു. അപ്പോൾ യഥാർത്ഥത്തിൽ, ആരാണ് ഈ യുജിസി റെഗുലേഷന്റെ ഗുണഭോക്താക്കൾ?

സാമ്രാജ്യത്വ രാജ്യങ്ങൾ വിദ്യാഭ്യാസത്തെ ഒരു വാണിജ്യ വസ്തുവാക്കി മാറ്റാനുള്ള നീക്കങ്ങൾ ലോകവ്യാപാരസംഘടന കരാറിലൂടെയും പിന്നീട് സർവീസ് രംഗത്തെ കരാറിലൂടെയും ശ്രമിക്കുകയുണ്ടായി. ആഗോളീകരണം എന്ന മിഥ്യ അപ്രത്യക്ഷമായതോടെ സാമ്രാജ്യത്വ മുതലാളിത്ത ശക്തികൾ പുതിയ കൗശലങ്ങളിലൂടെ കമ്പോള പ്രതിസന്ധിയെ തടഞ്ഞുനിർത്താൻ ശ്രമിക്കുകയാണ്. സാമ്രാജ്യത്വ രാജ്യങ്ങളുടെ അതേ പാതയിൽ തന്നെയാണ് ഇന്ത്യൻ സർക്കാരും. 2015ൽ ഡബ്ല്യുടിഒ- ഗാട്സ് സബ്സെക്ടറിന് കീഴിൽ ഉന്നത വിദ്യാഭ്യാസ മേഖലയെ കൂടി കൊണ്ടുവന്നു. അതിനെ തുടർന്ന്, 2016ൽ സംയുക്ത ബിരുദ-ട്വിന്നിംഗ് പ്രോഗ്രാമും വന്നു. മോദി സർക്കാർ ആകട്ടെ പ്രത്യക്ഷ വിദേശ നിക്ഷേപ നിയമങ്ങളിൽ ഇളവുകൾ വരുത്തി ആഗോള കുത്തകകൾക്ക് എല്ലാ രംഗത്തുമെന്നപോലെ ഇന്ത്യയിലെ വിദ്യാഭ്യാസ രംഗത്തേക്കും കടന്നുവരാൻ കൂടുതൽ വഴിയൊരുക്കി കൊടുക്കുന്നതാണ് കണ്ടത്. ഇരട്ട ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിലൂടെ ഇന്ത്യയിലെയും വിദേശത്തെയും കോർപ്പറേറ്റുകൾക്ക് വിദ്യാഭ്യാസമേഖലയെ തീറെഴുതി കൊടുക്കുന്നതിന് വഴിയൊരുക്കും എന്ന് ഉറപ്പാണ്. നിക്ഷേപകരുടെ താൽപര്യാർത്ഥം ,വിദ്യാഭ്യാസത്തിനു പകരം തൊഴിലധിഷ്ഠിതവും സാങ്കേതികവുമായ ശേഷീപരിശീലനം മാത്രമാക്കി പഠനത്തെ അധഃപതിപ്പിക്കുകയും ചെയ്യും.

കേവല സാങ്കേതികശേഷി ആഗോള മാർക്കറ്റിലെ വില്പനച്ചരക്കാണ്. തൊഴിൽ നൈപുണി പരിശീലനം ചെലവേറിയ മറ്റൊരു കച്ചവടം. യഥാർത്ഥ വിദ്യാഭ്യാസത്തെ അവർ തട്ടിമാറ്റുന്നു. അതിന് കനത്ത വില നൽകണം ഇന്ത്യയിൽ നിലവിലുള്ള വിദ്യാഭ്യാസ ക്രമം.

## കേരള സർക്കാർ ഇരട്ട ബിരുദത്തെയും നാല് വർഷ ബിരുദ കോഴ്സിനെയും സ്വാഗതം ചെയ്യുന്നു

കേന്ദ്രസർക്കാർ നിലവിലുള്ള ബിരുദ കോഴ്സുകളെ സമ്പൂർണമായി പൊളിച്ചെഴുതാൻ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ അതിവേഗത്തിൽ നീങ്ങുമ്പോൾ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾക്ക് നേതൃത്വം നൽകുന്ന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ.രാജൻഗുരുക്കൾ ആ പരിഷ്കാരങ്ങളെയെല്ലാം പരസ്യമായി ന്യായീകരിക്കുകയാണ്. അദ്ദേഹം പറയുന്നു, "ഇരട്ട ഡിഗ്രിയൊന്നും അത്ര വലിയ പരിഷ്കരണമല്ല. ഒരു പ്രോഗ്രാമിൽ ഉള്ള പഠനം ഇടയ്ക്കുവെച്ച് നിർത്താനും മറ്റൊന്ന് തുടങ്ങാനും അതിൽ നേടിയ ക്രെഡിറ്റുമായി പഴയ പ്രോഗ്രാമിൽ തുടർന്ന് പഠിക്കാനും ബിരുദം എടുക്കാനും സ്വാതന്ത്ര്യവും സൗകര്യവും ഒരുങ്ങുകയാണ്. അക്കാദമിക ബാങ്ക് ഓഫ് ക്രെഡിറ്റ്സ്(എബിസി) നിലവിൽ വന്നിരിക്കുന്നു"(മാതൃഭൂമി ആഴ്ചപ്പതിപ്പ് മെയ് 22 2022).

യുജിസിയുടെ ഇരട്ട ബിരുദ പരിഷ്കാരങ്ങൾ സംസ്ഥാനത്തു നടപ്പാക്കുമെന്ന വ്യക്തമായ സൂചനയാണ് ഇതിൽ കാണാനാവുന്നത്. ഇനി നേരത്തെ ചർച്ചചെയ്ത ഡിപിഇപി മോഡിലുള്ള ബോധന രീതികൾ പിന്തുടരുന്ന എൻഇപിയോടുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിലപാട് എന്താണ്? ഡോ.രാജൻഗുരുക്കൾ പറയുന്നു"പഠിക്കുകയെന്നതിനെക്കാൾ പഠിപ്പിക്കലാണ് പ്രധാനമെന്ന തെറ്റായ ധാരണയാണ് കേന്ദ്രസ്ഥാനത്തുള്ളത്. ലോകത്ത് ഒരിടത്തും അങ്ങനെയല്ല. പിന്നെ, ക്ലാസ്സിൽനിന്ന് കാര്യമായൊന്നും മനസ്സിലാക്കാതെ പരീക്ഷയ്ക്കുവേണ്ടി മാത്രം ചില കാര്യങ്ങൾ ഓർത്തുവയ്ക്കുന്ന വിദ്യാർഥികൾ ഒരുവശത്തും വിദ്യാർത്ഥികൾക്ക് ഒന്നും മനസ്സിലാവില്ല എന്ന് മുൻവിധിയോടെ കോഴ്സുകൾ തയ്യാറാക്കുകയും എല്ലാ തലങ്ങളിലും അടിസ്ഥാനപാഠങ്ങൾ ആവർത്തിക്കുകയും ചെയ്യുന്ന അധ്യാപകർ മറുവശത്തും" (മാതൃഭൂമി ആഴ്ചപ്പതിപ്പ്, പേജ് 3 ). ബോധനത്തിന്റെ പ്രാധാന്യത്തെയാണ് ഇവിടെ ചോദ്യം ചെയ്യുന്നത്. പഠനം ഓർമശക്തി പരീക്ഷിക്കൽ മാത്രമാണെന്ന ഡിപിഇപി സിദ്ധാന്തക്കാരുടെ വാദത്തെയും അദ്ദേഹം ന്യായീകരിക്കുന്നു. എൻഇപി 2020ലെ ഏറ്റവും പ്രധാനപ്പെട്ട ബോധനാശയമാണ് ഡിപിഇപി മുന്നോട്ടുവെച്ച സ്വയം പഠനം അഥവാ പഠിപ്പിക്കൽ ഒഴിവാക്കണം എന്നത്. കേരളത്തിൽ ഇതിനകം ആ ബോധനാശയങ്ങൾ നടപ്പാക്കിക്കഴിഞ്ഞു. അക്ഷരമാല പോലും പഠിക്കാതെ നിരക്ഷരരായ 'അഭ്യസ്തവിദ്യരെ' ഉത്പാദിപ്പിക്കുന്ന വിനാശകരമായ പരിഷ്കാരങ്ങൾ തുടരുകയാണ്. പൊതുവിദ്യാഭ്യാസത്തെ പരിപൂർണമായി തകർക്കുന്ന എൻഇപിക്ക് കേരളം പശ്ചാത്തലമൊരുക്കി കഴിഞ്ഞു.

## ദേശീയ നയത്തിന് പിന്നാലെ കേരള സർക്കാർ

ഓപ്പൺ സർവകലാശാല, ഡിജിറ്റൽ സർവ്വകലാശാല, കല്പിത സർവകലാശാല, ബിവോക് കോഴ്സുകൾ, ഇന്റഗ്രേറ്റഡ് ബിഎഡ് കോഴ്സുകൾ, കരാർ അധ്യാപക നിയമനങ്ങൾ, മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ, ഓട്ടോണമസ് കോളേജുകൾ, ക്ലസ്റ്റർ സ്കൂളുകൾ തുടങ്ങിയവയൊക്കെ പുതിയ ദേശീയ വിദ്യാഭ്യാസ മേഖലയിലെ സുപ്രധാന ശുപാർശകളാണ്. ആ രംഗത്തെല്ലാം കേരളം ചുവട് വെച്ചുകഴിഞ്ഞു. ഓൺലൈൻ മോഡിലേക്ക്, ഡിജിറ്റൽ സമ്പ്രദായത്തിലേക്കു ഉന്നതവിദ്യാഭ്യാസത്തെ ക്രമേണ വഴിതിരിച്ച് വിടണമെന്ന നിർദേശം വിദ്യാഭ്യാസത്തെ അനൗപചാരികമാക്കണമെന്ന വലിയ ഗൂഢാലോചനയുടെ ഭാഗമാണ്.

ഇന്ത്യയിൽ ആദ്യമായി ഒരു ഡിജിറ്റൽ സർവകലാശാല ആരംഭിച്ചത് പിണറായി വിജയൻ സർക്കാരാണ്. സർവകലാശാലസങ്കൽപ്പത്തെ അവഹേളിക്കലാണത്. സാങ്കേതിക- റോബോട്ടിക് പരിശീലനം മാത്രമാണ് ലക്ഷ്യം. ശാസ്ത്ര അക്കാദമിക പഠനത്തെ നിരുത്സാഹപ്പെടുത്തുക. സാങ്കേതിക നൈപുണി വളർത്തുക തുടങ്ങിയ ദേശീയനയ നിർദേശങ്ങൾ നടപ്പാക്കി തുടങ്ങിയ ആദ്യ സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞിരിക്കുന്നു.

കല്പിത സർവകലാശാലകൾക്ക് അനുമതി നൽകാൻ സംസ്ഥാന സർക്കാർ നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നിലവിൽ അമൃത മെഡിക്കൽ കോളജിന് മാത്രമാണ് കൽപ്പിത പദവി നൽകിയിട്ടുള്ളത്. മൂന്ന് സ്ഥാപനങ്ങൾക്കുകൂടി കല്പിത പദവി നൽകുമെന്ന് സേവ് എഡ്യൂക്കേഷൻ കമ്മിറ്റിക്ക് നൽകിയ വിവരാവകാശ രേഖയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് വ്യക്തമാക്കുന്നുണ്ട്. സർവകലാശാലകളെ പരിപൂർണമായി സ്വകാര്യ സ്വാശ്രയ രംഗത്തേക്ക് തള്ളിവിടുന്നതാണ് ഡീംഡ് യൂണിവേഴ്സിറ്റി. അതിന് യഥാർത്ഥ, സ്വതന്ത്രമായ സർവകലാശാല സങ്കൽപ്പങ്ങളുമായി യാതൊരു ബന്ധവുമില്ല. ഇതിനകം സംസ്ഥാനത്ത് 19 കോളേജുകൾക്ക് ഓട്ടോണമസ് പദവി നൽകിക്കഴിഞ്ഞു. കോളേജുകൾക്ക് സർവകലാശാലകളുമായുള്ള അഫിലിയേഷൻ പൂർണമായി ഒഴിവാക്കണമെന്നും എല്ലാ കലാലയങ്ങളെയും സ്വതന്ത്ര കച്ചവടസ്ഥാപനങ്ങളാക്കി മാറ്റണമെന്നുമുള്ള ദേശീയ വിദ്യാഭ്യാസ നയരേഖ നടപ്പാക്കുകയാണ് സംസ്ഥാന എൽഡിഎഫ് സർക്കാർ.

അദ്ധ്യാപകരുടെ എണ്ണം വെട്ടിക്കുറയ്ക്കണമെന്നും കരാറടിസ്ഥാനത്തിൽ അധ്യാപക നിയമനത്തിന്റെ ട്രാക്കിലേക്ക് ക്രമേണ മാറണമെന്നുമുള്ള പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ രേഖയെ പിൻപറ്റികൊണ്ടാണ് 2020 ഏപ്രിൽ ഒന്നിന് സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കിയത്. കോളേജ് അധ്യാപകരുടെ ക്ലാസ് സമയം 16 മണിക്കൂറാക്കി നിജപ്പെടുത്തികൊണ്ട് തസ്തികകൾ വെട്ടിക്കുറയ്ക്കാനുള്ള സുപ്രധാന ചുവടുവെപ്പായിരുന്നു ആ ഉത്തരവ്. വിദ്യാഭ്യാസത്തെ കേവലം തൊഴിൽപരിശീലനമാക്കാനുള്ള പരിശ്രമങ്ങൾ, കളിയിലൂടെ പഠനം എന്ന പേരിൽ പഠനത്തെ കളിയാക്കുന്ന ഏർപ്പാട്, ബിവോക് കോഴ്സുകൾ അഥവാ തൊഴിൽ പരിശീലന കോഴ്സുകൾ കോളജുകളിൽ ആരംഭിച്ചത്, കോളേജുകളിലെ പഠനസമയം ഉച്ചവരെ ആക്കിയത്, ഉച്ചയ്ക്കുശേഷം പാർട്ടൈം തൊഴിൽ ചെയ്യാൻ അവസരം നൽകി കലാശാല സങ്കൽപത്തെ വർക്ക്ഷോപ്പ് ആക്കുന്ന പരിഷ്കാരങ്ങൾ, ക്ലസ്റ്റർ സ്കൂളുകളിലൂടെ സ്കൂളുകൾ ഏകോപിപ്പിക്കൽ അഥവാ അടച്ചുപൂട്ടൽ തുടങ്ങിയ നടപടികളൊക്കെ കേരളത്തിൽ പുരോഗമിക്കുകയാണ്.

ചുരുക്കത്തിൽ, വിപൽക്കരമായ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉള്ളടങ്ങിയിട്ടുള്ള മിക്കവാറും എല്ലാ ആശയങ്ങളും സംസ്ഥാനത്ത് എൽഡിഎഫ് സർക്കാർ നടപ്പാക്കുകയോ അതിനായി ആലോചനകൾ നടത്തുകയോ ചെയ്തുകൊണ്ടിരിക്കുന്നുവെന്നതാണ് ഞെട്ടിപ്പിക്കുന്ന വസ്തുത. ■

**ഓപ്പൺ സർവകലാശാല, ഡിജിറ്റൽ സർവ്വകലാശാല, കല്പിത സർവകലാശാല, ബിവോക് കോഴ്സുകൾ, ഇന്റഗ്രേറ്റഡ് ബിഎഡ് കോഴ്സുകൾ, കരാർ അധ്യാപക നിയമനങ്ങൾ, മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ, ഓട്ടോണമസ് കോളേജുകൾ, ക്ലസ്റ്റർ സ്കൂളുകൾ തുടങ്ങിയവയൊക്കെ പുതിയ ദേശീയ വിദ്യാഭ്യാസ മേഖലയിലെ സുപ്രധാന ശുപാർശകളാണ്. ആ രംഗത്തെല്ലാം കേരളം ചുവട് വെച്ചുകഴിഞ്ഞു. ഓൺലൈൻ മോഡിലേക്ക്, ഡിജിറ്റൽ സമ്പ്രദായത്തിലേക്കു ഉന്നതവിദ്യാഭ്യാസത്തെ ക്രമേണ വഴിതിരിച്ചു വിടണമെന്ന നിർദേശം വിദ്യാഭ്യാസത്തെ അനൗപചാരികമാക്കണമെന്ന വലിയ ഗൂഢാലോചനയുടെ ഭാഗമാണ്.**

# ബിപിസിഎൽ ഓഹരി വിൽപ്പന റദ്ദാക്കിയതിൽ പ്രക്ഷോഭണത്തിന്റെ പങ്ക് നിർണ്ണായകം

**ബി**പിസിഎൽ കേന്ദ്രസർക്കാർ ഓഹരിവിഹിതം(52.98%) പൂർണ്ണമായി വിൽക്കുവാനുള്ള തീരുമാനം റദ്ദാക്കേണ്ടിവന്നതിൽ രാജ്യത്തുടനീളവും പ്രത്യേകിച്ച്, കേരളത്തിലും നടന്ന പ്രക്ഷോഭണങ്ങൾക്ക് നിർണ്ണായക പങ്കുണ്ടെന്ന് എഐയുറ്റിയുസി അഭിപ്രായപ്പെട്ടു. സമരത്തിൽ പങ്കെടുത്ത ജീവനക്കാരെയും, സമരത്തെ പിന്തുണച്ച മറ്റ് തൊഴിലാളി-ബഹുജനങ്ങളെയും എഐയുറ്റിയുസി സംസ്ഥാന കമ്മിറ്റി അഭിവാദ്യം ചെയ്തു.

10ലക്ഷം കോടി രൂപയിലധികം ആസ്തിയുള്ളതും, സർക്കാരിലേക്ക് ലാഭവിഹിതമായും നികുതിയായും ഒരുലക്ഷം കോടിയിലധികം രൂപ പ്രതിവർഷം അടയ്ക്കുന്നതുമായ ഈ സ്ഥാപനത്തെ കേവലം 50,000 കോടി രൂപക്ക് വിറ്റുതുലയ്ക്കുന്നതായിരുന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതി. ബിപിസിഎൽ വില്പന പൊതുമുതൽ കൊള്ളയാണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താൻ സമരങ്ങൾക്ക് കഴിഞ്ഞു. സമരത്തിന്റെ ദിശ നിർണ്ണയിക്കുന്നതിലും, അതിന്റെ ന്യായയുക്തത സംസ്ഥാനത്തുടനീളം പ്രചരിപ്പിക്കുന്നതിലും, ജനകീയ പിന്തുണ സൃഷ്ടിച്ചെടുക്കുന്നതിലും എഐയുറ്റിയുസി നിർണ്ണായക പങ്കാണ് വഹിച്ചിരുന്നത്.

വില്പനയ്ക്ക് തടസ്സമായി കേന്ദ്ര സർക്കാർ സാങ്കേതികാര്യങ്ങളാണ് പറയുന്നതെങ്കിലും, യഥാർത്ഥ കാരണം പ്രക്ഷോഭമാണ് എന്ന് വ്യക്തമാണ്. വില്പന റദ്ദാക്കൽ സമരത്തിന്റെ ആദ്യ വിജയമാണ്. ബിപിസിഎൽ വില്പനയ്ക്കെതിരെ ശക്തമായ നടപടി കൈക്കൊള്ളണമെന്ന തൊഴിലാളികളുടെ ആവശ്യത്തോട് ഇടതെന്നവകാശപ്പെടുന്ന സംസ്ഥാന സർക്കാർ പുലർത്തിയ നിഷേധാത്മക നിലപാടും ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. വിൽപ്പനയുടെ മറയിൽ മാനേജ്മെന്റ് നിയമ വിരുദ്ധമായി ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഒന്നൊന്നായി റദ്ദാക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്തു. ജീവനക്കാരുടെ എണ്ണം ഭീമമായി വെട്ടിക്കുറച്ചു. നിരവധി സെക്ഷനുകൾ അടച്ചുപൂട്ടി. പലതും കരാർവൽക്കരിച്ചു.

മറ്റ് പെട്രോളിയം കമ്പനികളിലെ തൊഴിലാളികൾക്ക് ഗവൺമെന്റ് ഗൈഡ്‌ലൈൻ പ്രകാരം ലഭിച്ച ദീർഘകാല കരാറിലെ ആനുകൂല്യങ്ങൾപോലും നൽകില്ല എന്ന നിലപാട് മാനേജ്മെന്റ് കൈക്കൊണ്ടു. ഇതിനെതിരെയൊക്കെ നിയമ പോരാട്ടം ഉൾപ്പെടെയുള്ള ചെറുത്തുനിൽപ്പിലാണ് തൊഴിലാളികൾ. വില്പന റദ്ദാക്കിയ സാഹചര്യത്തിൽ അതിന്റെ മറവിൽ കൊണ്ടുവന്ന തൊഴിലാളിവിരുദ്ധ നടപടികൾ മുഴുവൻ ഉടൻ പിൻവലിക്കണമെന്ന് എഐയുറ്റിയുസി ആവശ്യപ്പെട്ടു.

കേന്ദ്ര സർക്കാർ, ഓഹരി വില്പനയുടെ പുതിയ തന്ത്രങ്ങളുമായി വീണ്ടും എത്തുമെന്നിരിക്കെ ആനീക്കത്തെ ശക്തമായ ചെറുത്തുനിൽപ്പിലൂടെ പരാജയപ്പെടുത്താനുള്ള ഉയർന്ന തലത്തിലുള്ള പോരാട്ടങ്ങൾക്ക് ജീവനക്കാർ ഒറ്റക്കെട്ടായി ഇനിയും മുന്നോട്ടു വരണമെന്നും അത്തരമൊരു പോരാട്ടം വിജയിപ്പിക്കുവാൻ എഐയുറ്റിയുസി സർവ്വശക്തിയും സമാഹരിച്ച് ഒപ്പമുണ്ടാകുമെന്നും പ്രസ്താവയിൽ പറഞ്ഞു. ■



പട്ടം വൈദ്യുതി ഭവനു മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണ KSEB – PCC ലൈൻ വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി എസ്. സീതിലാൽ ഉദ്ഘാടനം ഉദ്ഘാടനം ചെയ്യുന്നു

# വൈദ്യുതിഭവനു മുൻപിൽ പ്രതിഷേധ ധർണ്ണ

**പി**എസ്‌സി പ്രസിദ്ധീകരിച്ച ലിസ്റ്റിൽ അവശേഷിക്കുന്ന കരാർ തൊഴിലാളികൾക്ക് ഉടൻ ഇലക്ട്രിസിറ്റി വർക്കർമാരായി നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ, KSEB – PCC ലൈൻവർക്കേഴ്സ് യൂണിയൻ എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ പട്ടം വൈദ്യുതി ഭവനു മുന്നിൽ പ്രതിഷേധ ധർണ്ണ നടത്തി.

പിഎസ്‌സി പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ആകെ 2450 പേരാണുണ്ടായിരുന്നത്. ഇതിൽ 1486 പേർക്ക് രണ്ടു വർഷത്തിനു മുൻപ് നിയമനം നൽകിയിരുന്നു. ഇനി നിയമന യോഗ്യരായി ലിസ്റ്റിൽ അവശേഷിക്കുന്നത് 800ൽ താഴെ തൊഴിലാളികളാണ്. നിയമനത്തിന് തടസ്സമായി കെഎസ്ഇബി പറഞ്ഞിരുന്നത് ഒഴിവുകളില്ല എന്നായിരുന്നു. എന്നാൽ 1861 ഇല. വർക്കർമാർക്ക് രണ്ടു മാസത്തിനു മുൻപ് പ്രൊമോഷൻ നൽകിയതിലൂടെ അത്രയും ഒഴിവുകൾ ഉണ്ടായി. കൂടാതെ ഈ വർഷം ഇതിനകം ആയിരത്തോളം ജീവനക്കാർ റിട്ടയർ ചെയ്തു. ഇങ്ങനെയുണ്ടായ ഒഴിവുകളിൽ നിയമനം നടത്താതെ പിൻവാതിൽ നിയമനവും കരാർ വൽക്കരണവുമൊക്കെ നടത്തുകയാണ് മാനേജ്മെന്റ്.

പ്രതിഷേധ ധർണ്ണ യൂണിയൻ ജനറൽ സെക്രട്ടറിഎസ്. സീതിലാൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് വി.കെ. സദാനന്ദൻ അദ്ധ്യക്ഷതവഹിച്ചു. പി.എം. ദിനേശൻ, ജെ. സുരേഷ്, വി.ടി. ശശി, എസ്.മനോജ് എന്നിവർ പ്രസംഗിച്ചു. യൂണിയൻ നേതാക്കളായ ടി.ജെ.സജിമോൻ, അബ്ദുൾ ഖാദർ, യു.എൻ.ബിനു, കെ.ഷാജി, എസ്.അനിൽ പ്രസാദ്, പി.എം. ശ്രീകുമാർ, ആർ.ബിജു, ജിമ്മി ജോൺ തുടങ്ങിയവർ നേതൃത്വം നൽകി. ■

# സഖാവ് കോസല രാമദാസ് അനുസ്മരണം




അനുസ്മരണ സമ്മേളനം എഐറ്റിയുസി സംസ്ഥാന പ്രസിഡന്റ് ജെ.ഉദയഭാനു ഉദ്ഘാടനം ചെയ്യുന്നു

**അ**ന്തരിച്ച പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് സഖാവ് കെ.പി. കോസലരാമദാസിന്റെ ചരമ വാർഷിക ദിനമായ ജൂലൈ 3ന് തിരുവനന്തപുരം വൈഎംസിഎ ഹാളിൽ അനുസ്മരണ സമ്മേളനം നടത്തി. സഖാവ് കോസലരാമദാസ് രൂപീകരിച്ച് നയിച്ചിരുന്ന ട്രേഡ് യൂണിയനുകൾ സംയുക്തമായി രൂപീകരിച്ച അനുസ്മരണ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സമ്മേളനം എഐറ്റിയുസി സംസ്ഥാന പ്രസിഡന്റ് ജെ. ഉദയഭാനു ഉദ്ഘാടനം ചെയ്തു.

തൊഴിലാളി വർഗ്ഗം ദീർഘകാല പോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളും ആനുകൂല്യങ്ങളും ഇല്ലാതാക്കുന്ന പുതിയ ലേബർ കോഡുകൾ അടക്കമുള്ള തൊഴിലാളിദ്രോഹ നയങ്ങൾ നടപ്പിലാക്കപ്പെടുമ്പോൾ കോസല രാമദാസിനെപ്പോലെയുള്ള ദിശാബോധമുള്ള നേതാക്കളുടെ അഭാവം വലിയ നഷ്ടമാണെന്ന് സഖാവ് ഉദയഭാനു അഭിപ്രായപ്പെട്ടു.

ലോക ബാങ്ക് പദ്ധതിയായ ഡിപിഇപിക്കെതിരെ നടന്ന ജനകീയ പ്രക്ഷോഭണത്തിന്റെ അമരക്കാരിൽ ഒരാളായിരുന്നു കെ.പി. കോസലരാമദാസ് എന്ന് അഡ്വ. ബി.കെ.രാജഗോപാൽ പറഞ്ഞു. അനുസ്മരണ സമിതി കൺവീനർ എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ, KSEB–PCC ലൈൻ വർക്കേഴ്സ് യൂണിയൻ വൈസ് പ്രസിഡന്റ് പി.എം.ദിനേശൻ , കെഎസ്ഇ വർക്കേഴ്സ് യൂണിയൻ അസിസ്റ്റന്റ് സെക്രട്ടറി ബോണിഫസ് ബെന്നി, എം.സി.കുട്ടപ്പൻ, ഹരിലാൽ നന്ദൻകോട്, എന്നിവർ പ്രസംഗിച്ചു. അനുസ്മരണ സമിതി ജോയിന്റ് കൺവീനർ ഹരികൃഷ്ണൻ സ്വാഗതവും അഡ്വ. നന്ദലാൽ കൃതജ്ഞതയും പറഞ്ഞു. ■

# ആദിവാസി ഊരുകളെ കാഴ്ചവസ്തുവാക്കുന്ന പാസ്സ് ഏർപ്പെടുത്തൽ ഉത്തരവ് പിൻവലിക്കുക

**ആ**ദിവാസി ഊരുകളിൽ പുറത്തുള്ളവർക്ക് പ്രവേശിക്കുവാൻ മുൻകൂർ പാസ്സ് ഏർപ്പെടുത്തിക്കൊണ്ടുള്ള പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ഉത്തരവ്, ആദിവാസി സമൂഹത്തെ കാഴ്ചവസ്തുവാക്കി മാറ്റുന്നതും, ജനാധിപത്യ-നിയമവാഴ്ചയുടെ ലംഘനവുമാണെന്നും ഉടൻ പിൻവലിക്കണമെന്നും എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) വയനാട് ജില്ലാ കമ്മിറ്റി ജൂൺ 2ന് പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ആദിവാസികളുമായി ഇടപെടാൻ പാസ്സ് ഏർപ്പെടുത്തുന്നതിലൂടെ സർക്കാർ വിവേചനം സൃഷ്ടിക്കുകയാണ്. ഇത് ഭരണഘടനയുടെ ലംഘനമാണ്.

ആദിവാസികൾ കടുത്ത അവകാശ നിഷേധങ്ങൾക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കും വിധേയമാകുന്നതും, മനുഷ്യോചിതമല്ലാത്ത ഭൗതിക സാഹചര്യത്തിൽ ജീവിക്കേണ്ടി വരുന്നതും മാദ്ധ്യമങ്ങളും സാമൂഹ്യ പ്രവർത്തകരുമാണ് പുറംലോകത്തെ അറിയിക്കുന്നത്. ഇത് തടയാനും ഈ ഉത്തരവ് ലക്ഷ്യമിടുന്നുണ്ട്. ആദിവാസികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും, നിലവിലുള്ള സ്കീമുകളും ഫണ്ടുകളും ഇച്ഛാശക്തിയോടെ ഉപയോഗപ്പെടുത്തുകയുമാണ് സർക്കാർ ചെയ്യേണ്ടത്. ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്ന സർക്കാർ, അവരുടെ സാമൂഹ്യ ജീവിതത്തെ പാടെ നിയന്ത്രിക്കുന്ന വിധത്തിലുള്ള രക്ഷാകർതൃത്വം ചമയുന്നത് ജനാധിപത്യ വ്യവസ്ഥയ്ക്ക് നിരക്കുന്നതല്ലെന്നും പ്രസ്താവനയിൽ ചൂണ്ടിക്കാണിച്ചു. ■

# കരി നിലങ്ങളിലെ വീടുകൾ പുനരുദ്ധരിക്കുവാൻ സർക്കാർ ധനസഹായം അനുവദിക്കണം

**ക**രിനിലങ്ങളിലെ ചിറകളിലും സമീപപ്രദേശങ്ങളിലും വസിക്കുന്ന കുടുംബങ്ങളുടെ ദുർബലപ്പെട്ട വീടുകളും പുരയിടങ്ങളും പുനരുദ്ധരിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കണമെന്ന് പൊക്കാളി സംരക്ഷണ സമിതി സംഘടിപ്പിച്ച ജാഗ്രതാ സദസ്സ് സർക്കാരിനോട് ആവശ്യപ്പെട്ടു.

ഓരുജല മത്സ്യ വാറ്റ് നടത്തുന്നതുമൂലം ഉണ്ടാകുന്ന ലവണ രസത്തിന്റെ സ്ഥിരമായ സാന്നിധ്യമാണ് വീടുകൾ അതിവേഗം ദുർബലപ്പെടുവാൻ ഇടയാക്കുന്നത്. സർക്കാരിന്റെ നയവും ഉത്തരവുകളും നിർബാധം ലംഘിക്കുവാൻ അനുവദിക്കുന്നതുവഴി നെൽകൃഷിയിലൂടെ സൃഷ്ടിക്കപ്പെടുന്ന ആയിരക്കണക്കിന് തൊഴിൽ ദിനങ്ങളും ഭക്ഷ്യ സുരക്ഷയും ആണ് അട്ടിമറിക്കപ്പെടുന്നത്. ഫലവൃക്ഷങ്ങളുടെ ഉൽപാദനവും ഗണ്യമായി കുറഞ്ഞു. ജൈവ പച്ചക്കറി വിളകൾ കൃഷിചെയ്യുവാൻ പറ്റാത്ത സ്ഥിതിയാണ്. വീടുകൾ തെള്ളി രൂപപ്പെടുന്ന സിമന്റ് പൊടി ശ്വാസകോശ അസുഖങ്ങൾക്ക് ഇടയാക്കുന്നു. ഉപ്പിന്റെ സ്ഥിര സാന്നിധ്യംമൂലം തീറ്റപ്പുല്ല് അപ്രത്യക്ഷമായതോടെ കാലിവളർത്തൽ വഴിയുള്ള ഉപജീവനം അടഞ്ഞിരിക്കുകയാണ്.

സമിതി എഴുപുന്ന ശ്രീനാരായണപുരം സ്കൂളിൽ സംഘടിപ്പിച്ച കൂട്ടായ്മ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വക്കേറ്റ് മാത്യു വേളങ്ങാടൻ ഉദ്ഘാടനം ചെയ്തു. ജസ്റ്റിസ് കെ. സുകുമാരൻ ആശംസകൾ അറിയിച്ചു. പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ അധ്യക്ഷത വഹിച്ച കൂട്ടായ്മയിൽ പി.ആർ.രാമചന്ദ്രൻ, കുത്തിയതോട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ റെയ്ച്ചൽ സോഫിയ, എസ്.സിതിലാൽ, കെ. ആർ.തോമസ്സ്, കെ.കെ.വിക്രമൻ, സി.വി. അനിൽകുമാർ, പി.എ.മാനുവൽ എന്നിവർ സംസാരിച്ചു. ■

# പദ്ധതി പിൻവലിച്ച് ഉത്തരവിറക്കുംവരെ സിൽവർലൈൻ വിരുദ്ധ പ്രക്ഷോഭം തുടരും

## കണ്ണൂരിൽ പ്രതിരോധ സംഗമം

**ക**ണ്ണൂർ ജവാഹർ ലൈബ്രറി ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സിൽവർലൈൻ പ്രതിരോധ സമര സംഗമം മേധ പട്കർ ഉദ്ഘാടനം ചെയ്തു.

കണ്ണൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ കെ.ഷബീന ടീച്ചർ അധ്യക്ഷത വഹിച്ചു. കോർപ്പറേഷൻ മേയർ അഡ്വ.ടി.ഒ.മോഹനൻ, സി.ആർ.നീലകണ്ഠൻ, ഡോ.ഡി.സുരേന്ദ്രനാഥ്, ഡോ. ജോസ് ജോർജ് പ്ലാത്തോട്ടം, വിജയരാഘവൻ ചേലിയ, വി.എസ്. അനിൽകുമാർ, കെ.സി.ഉമേഷ് ബാബു, എപി.ബദറുദ്ദീൻ, സി.എ.അജീർ, അഡ്വ.വിനോദ് പയ്യട, അഡ്വ. കസ്തൂരി ദേവൻ, വി.കെ. രവീന്ദ്രൻ, അഡ്വ.പി.സി വിവേക്, രാജൻ കോരമ്പേത്ത് എന്നിവർ പ്രസംഗിച്ചു. ഐ.ഗോപിനാഥ് രചിച്ച കേരളത്തിലെ ജനകീയ സമരങ്ങളുടെ ചരിത്രം എന്ന പുസ്തകം കാനത്തെ കെ റെയിൽ വിരുദ്ധ സമര നായിക യശോദാമ്മക്ക് മേധാ പട്കർ നൽകിക്കൊണ്ട് പ്രകാശനം നിർവ്വഹിച്ചു. മേധാ പട്ക്കറെ സ്കൂൾ പാചക തൊഴിലാളി യൂണിയൻ ഭാരവാഹികളായ പുഷ്പ റാണി, അനിത എന്നിവർ പൊന്നാട അണിയിച്ച് സ്വീകരിച്ചു. സതീഷ് കുമാർ കുഞ്ഞിമംഗലം "ദി ട്രയിൻ" എന്ന നാടകവും അവതരിപ്പിച്ചു. ■



സമര സംഗമം മേധ പട്കർ ഉദ്ഘാടനം ചെയ്യുന്നു

## കാക്കനാട് കളക്ട്രേറ്റ് മാർച്ച്

കളക്ട്രേറ്റ് മാർച്ച് ജോസഫ് സി.മാത്യു ഉദ്ഘാടനം ചെയ്തു. പദ്ധതിയുമായി മുന്നോട്ടുപോകാൻ സർക്കാരിനെ പ്രേരിപ്പിക്കുന്നത് സ്വകാര്യ മൂലധനത്തിന്റെ പ്രലോഭനമാണെന്നും പദ്ധതിക്കെതിരെ ഉയരുന്ന ജനരോഷത്തെ അവഗണിച്ച് മുന്നോട്ടു പോകാൻ സർക്കാർ ശ്രമിക്കരുതെന്നും അദ്ദേഹം പറഞ്ഞു. സി.ആർ. നീലകണ്ഠൻ അദ്ധ്യക്ഷത വഹിച്ചു. വിനു കുര്യാക്കോസ്, പ്രൊഫ. കെ.അരവിന്ദാക്ഷൻ, ഡോ. ആസാദ്, പ്രൊഫ.എം.പി.മത്തായി, ജോസഫ് എം.പുതുശ്ശേരി, എം.പി.ബാബുരാജ്, എസ്.രാജീവൻ, വി.ജെ.ലാലി, പ്രൊഫ. കുസുമം ജോസഫ്, ഫാ.ജോയ്സ് കൈതക്കോട്ടിൽ, കെ.ശൈവപ്രസാദ്, എസ്.രാധാമണി, ബാബു കുട്ടൻചിറ, അരുൺ ബാബു, വിനു പടനിലം, അഡ്വ. ജോൺ ജോസഫ്, ഹാഷിം ചേന്നാമ്പിള്ളി, വർഗ്ഗീസ് പുല്ലുവഴി, അഡ്വ.സുനു പി.ജോൺ, പി.ജെ.തോമസ്, സിന്ധു ജെയിംസ്, മാരിയ അബു, ടി.എം. വർഗ്ഗീസ്, പി.ജെ.മാനുവൽ, സി.കെ.സൈമൺ, പ്രേം ബാബു, സി.കെ.ശിവദാസൻ, കെ.പി.സാൽവിൻ എന്നിവർ പ്രസംഗിച്ചു. ■



സമരസംഗമത്തിൽ റഫീക്ക് അഹമ്മദ് പ്രസംഗിക്കുന്നു

## കോഴിക്കോട് കളക്ട്രേറ്റിലേക്ക് 'അഭയാർത്ഥി പലായനം'

**കെ** റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി കോഴിക്കോട് ജില്ലാക്കമ്മിറ്റിയുടെ നേതൃത്വത്തിൽ കളക്ട്രേറ്റിലേക്ക് "അഭയാർത്ഥി പലായനം" പരിപാടി നടത്തി. വളർത്തുമൃഗങ്ങളും പായും തലയിണയും വീട്ടുപകരണങ്ങളുമായിട്ടാണ് സമര പ്രവർത്തകർ മാർച്ചിനെത്തിയത്. വനിതാ നേതാക്കളായ മാരിയ അബു, യശോദാമ്മ, ഭവാനിയമ്മ എന്നിവർ ചേർന്ന് പലായനം ഉദ്ഘാടനം ചെയ്തു.

പ്രശസ്ത എഴുത്തുകാരൻ കൽപ്പറ്റനാരായണൻമുഖ്യാതിഥിയായി പങ്കെടുത്തു. സമിതി സംസ്ഥാന കൺവീനർ എസ്.രാജീവൻ, ജില്ലാ ചെയർമാൻ ടി.ടി.ഇസ്മായിൽ, കൺവീനർ രാമചന്ദ്രൻ വരപ്രത്ത്, ട്രഷറർ മുഹമ്മദാലി മുതുകുനി, വിജയരാഘവൻ ചേലിയ(സമര സഹായ സമിതി ജില്ലാകൺവീനർ) എന്നിവർ പ്രസംഗിച്ചു. ടി.സി.രാമചന്ദ്രൻ, പി.എം.ശ്രീകുമാർ, നിജിൻമാസ്റ്റർ, നാസർ, നജീബ്, ഗോപാലകൃഷ്ണൻ, മൂസക്കോയ, ജിശേഷ് കുമാർ, സക്കറിയ പള്ളിക്കലകം, പി.എസ്. സലീഷ്, ഷിബി എം.തോമസ്, ഖയൂം, ബാബു വാളക്കട എന്നിവർ നേതൃത്വം നൽകി. ■

## കാസർഗോഡ് ജില്ലാ പദയാത്ര

**കെ** റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലാ പദയാത്ര സംഘടിപ്പിച്ചു. മെയ് 28ന് കാലിക്കടവിൽ ആരംഭിച്ച പദയാത്ര പ്രമുഖ ചരിത്രകാരൻ ഡോ.അജയകുമാർ കോടോത്ത് ഉദ്ഘാടനം ചെയ്തു.

നാല് ദിവസം നീണ്ടുനിന്ന പദയാത്ര കാസർഗോഡ് ജില്ലയിൽ കെ റെയിൽ സിൽവർലൈൻ പദ്ധതി കടന്നുപോകുന്ന മേഖലകളിലൂടെ സഞ്ചരിച്ച് ജൂൺ 30ന് കാസർഗോഡ് മാലിക്ക് ദിനാർ പള്ളിയിൽ അവസാനിച്ചു. പദയാത്രയ്ക്ക് സമിതി ജില്ലാ ചെയർമാൻ വി.കെ.രവീന്ദ്രൻ, പദയാത്ര സംഘാടക സമിതി ചെയർമാനും എൻഡോസൾഫാൻ വിരുദ്ധ സമര നേതാവുമായ അമ്പലത്തറ കുഞ്ഞികൃഷ്ണൻ, സമിതി ജില്ലാ കൺവീനർ അഡ്വ.റ്റി.വി.രാജേന്ദ്രൻ, മോഹനൻ മാസ്റ്റർ നീലേശ്വരം, കെ.വി. രാഘവൻ മാസ്റ്റർ, രാധാകൃഷ്ണൻ മാസ്റ്റർ, ഹനീഫ് നെല്ലിക്കുന്ന്, മുരളി കീഴൂർ, സുബൈർ നെല്ലിക്കുന്ന് എന്നിവർ നേതൃത്വം നൽകി.

സമാപന സമ്മേളനം കാസർഗോഡ് എംഎൽഎ എൻ.എ.നെല്ലിക്കുന്ന് ഉദ്ഘാടനം ചെയ്തു. വിവിധ ദിനങ്ങളിലായി സമിതി സംസ്ഥാന വൈസ് ചെയർമാനും കാട്ടിലപ്പീടിക സമര നേതാവുമായ റ്റി.റ്റി. ഇസ്മായിൽ, സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ, പ്രമുഖ സാമൂഹ്യ പ്രവർത്തകരായ എൻ.സുബ്രഹ്മണ്യൻ, ഡോ.ഡി. സുരേന്ദ്രനാഥ്, വിജയരാഘവൻ ചേലിയ, കാസർഗോഡ് മുനിസിപ്പൽ ചെയർമാൻ അഡ്വ.വി.എം. മുനീർ, വിനയൻ കാഞ്ഞങ്ങാട് എന്നിവർ പ്രസംഗിച്ചു. ■




കാസർഗോഡ് ജില്ലാ പദയാത്രയുടെ മുൻനിര

## തൃശൂരിൽ സമരസംഗമം

**തൃ**ശ്ശൂർ സാഹിത്യ അക്കാദമിയിൽ നടന്ന കെ റെയിൽവിരുദ്ധ സമര സംഗമം ശ്രീധർ രാധാകൃഷ്ണൻ ഉൽഘാടനം ചെയ്തു. പ്രൊഫ. കുസുമം ജോസഫ് അദ്ധ്യക്ഷത വഹിച്ചു. കവി റഫീഖ് അഹമ്മദ്, പ്രമുഖ ഗാന്ധിയനും പരിസ്ഥിതി പ്രവർത്തകനും എഴുത്തുകാരനുമായ കെ.അരവിന്ദാക്ഷൻ, പ്രൊഫ. പി.വി.കൃഷ്ണൻ നായർ, എം.പി.സുരേന്ദ്രൻ, കെ.സഹദേവൻ, എസ്. പി. രവി, കിട്ടൻമാഷ് ഗ്രാമിക, എം.പി.ബാബുരാജ്, ഡോ.പി.എസ്.ബാബു, ശിവദാസ് മഠത്തിൽ, ശരണ്യരാജ്, ലിന്റോ വരടിയം, മാർട്ടിൻ കൊട്ടേക്കാട്, അബ്ദുൾ നവാസ്, അഡ്വ.സുജ ആന്റണി, അഡ്വ.ഹാപ്പിമോൾ, സി.ആർ. ഉണ്ണീകൃഷ്ണൻ, എ.എം.സുരേഷ് തുടങ്ങിയവർ പ്രസംഗിച്ചു. പോരാളികളെ തൃശ്ശൂർ ജില്ലാ കമ്മിറ്റി പൊന്നാട അണിയിച്ച് ആദരിച്ചു. ശ്രീധർജി ചേർപ്പ്, സമരത്തിന്റെ ഭാഗമായി ജയിലടക്കപ്പെട്ട സിന്ധു ജയിംസ്, പോലീസ് അതിക്രമം നേരിട്ട റോസിലിൻ ഫിലിപ്പ്, ഡോ.എസ്.അലീന, ജില്ലയിലെ വനിതാ പോരാളികളായ തങ്കം കൃഷ്ണൻകുട്ടി, ബഷീറ അഷറഫ്, ജയശ്രീ രാജേന്ദ്രൻ, ശകുന്തള ചന്ദ്രൻ, മോഹിനി വർമ്മ, രതിരവി എന്നിവരെ ആദരിച്ചു. ■



ചെങ്ങന്നൂർ കൊഴുവല്ലൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഷീബ ഫിലിപ്പിന്റെ ഭൂമിയിലെ മഞ്ഞക്കുറ്റി പിഴുത് വാഴ നട്ടു. കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി മുളക്കുഴ യൂണിറ്റുകൾ മുളക്കുഴ മർത്തോമ ചർച്ചിന് സമീപം സംഘടിപ്പിച്ച പരിസ്ഥിതി ദിനാചരണ സമ്മേളനം മദ്യവിരുദ്ധ ജനകീയ മുന്നണി സംസ്ഥാന ജോ.കൺവീനർ റെവ. ഡോ.ടി.ടി.സക്കറിയ ഉദ്ഘാടനം ചെയ്തു. പിരളശ്ശേരി യൂണിറ്റ് പ്രസിഡന്റ് ഫിലിപ് വർഗീസ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സമിതി ജില്ലാ രക്ഷാധികാരി ആർ.പാർഥസാരഥി വർമ്മ, മധു ചെങ്ങന്നൂർ, സിന്ധു ജയിംസ്, ഷീജ റെജി, ശ്രീദേവി സജീവ് എന്നിവർ പ്രസംഗിച്ചു. ശ്രീദേവി സജീവിന്റെ പുരയിടത്തിൽ മഞ്ഞക്കുറ്റി ഇട്ട സ്ഥലത്ത് സമരമരം നട്ട് ചെങ്ങന്നൂർ താലൂക്കിലെ പരിസ്ഥിതി വാരാചരണത്തിന് സമാപനം കുറിച്ചു.

കരിമണൽ ഖനനത്തിനെതിരെ തോട്ടപ്പള്ളിയിൽ നടന്നുവരുന്ന സത്യാഗ്രഹസമരം 365–ാംദിവസം പ്രമുഖ പരിസ്ഥിതി പ്രവർത്തക ഡോക്ടർ സുമൈറ അബ്ദുലാലി ഉദ്ഘാടനം ചെയ്യുന്നു. മുൻദുരന്ത നിവാരണ ഡയറക്ടർ ഡോ.കെ.ജി.താര, കെ.എസ്.ഹരിഹരൻ, എം.ലിജു, എസ്.രാജീവൻ, നാസർ ആറാട്ടുപുഴ, എസ്.സുരേഷ് കുമാർ, സിന്ധു ജയിംസ്, ബി.ഭദ്രൻ ആർ. അർജ്ജുനൻ എന്നിവർ പ്രസംഗിച്ചു.



# എഐഡിഎസ്ഒ സംസ്ഥാന സംഘാടക ക്യാമ്പ്




എസ് യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ അംഗം സഖാവ് കെ. രാധാകൃഷ്ണ ചർച്ച നയിക്കുന്നു

എഐഡിഎസ്ഒ സംസ്ഥാന സംഘാടകരുടെ ത്രിദിന പഠന ക്യാമ്പ് മെയ് 28,29,30 തീയതികളിൽ മുട്ടം നേതാജി സാമൂഹ്യ-സാംസ്കാരിക പഠനകേന്ദ്രത്തിൽ നടന്നു. എഐഡിഎസ്ഒ അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് വി.എൻ.രാജശേഖർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ദേശീയ വിദ്യാഭ്യാസ നയം 2020നെതിരെ അഖിലേന്ത്യാ തലത്തിൽ എഐഡിഎസ്ഒ സംഘടിപ്പിക്കുന്ന സമരങ്ങൾക്ക് അധ്യാപകരും ബുദ്ധിജീവികളും നൽകുന്ന പിന്തുണയെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. രാജ്യത്തെ നന്മ ആഗ്രഹിക്കുന്നവർ പ്രതീക്ഷയോടെ കാണുന്ന ഈ സമരത്തെ ശക്തിപ്പെടുത്താൻ തയ്യാറാകണമെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ ആവശ്യപ്പെട്ടു.

'ജീവിതവും സംഘടനയും' എന്ന വിഷയത്തെ ആധാരമാക്കി നടന്ന ആദ്യ സെഷനിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് 'നാം എന്തുകൊണ്ട് വിപ്ലവകാരികളാകണം' എന്ന വിഷയത്തെ ആധാരമാക്കി സംസാരിച്ചു. ഈ പ്രഭാഷണത്തെ അടിസ്ഥാനമാക്കി നടന്ന ചർച്ചകൾക്ക് മറുപടി നൽകിക്കൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പോളിറ്റ്ബ്യൂറോ അംഗം സഖാവ് കെ.രാധാകൃഷ്ണ സംസാരിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ വേദിയിൽ സന്നിഹിതനായിരുന്നു.

'എഐഡിഎസ്ഒ സംഘാടനം- സാധ്യതകൾ, വെല്ലുവിളികൾ' എന്ന വിഷയത്തെ ആധാരമാക്കി എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ആർ.അപർണ സംസാരിച്ചു. 'വിപ്ലവകരമായ ജീവിതം കെട്ടിപ്പടുക്കുന്നതിൽ പുരോഗമന സാഹിത്യത്തിന്റെ പങ്ക്' എന്ന വിഷയത്തെ ആധാരമാക്കി എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് സംസാരിച്ചു. തുടർന്ന് 'സർദാർ ഉദ്ദം' എന്ന ചലച്ചിത്രം പ്രദർശിപ്പിച്ചു.

'മഹാനായ തൊഴിലാളി വർഗ്ഗ നേതാവ് സഖാവ് ശിബ്ദാസ് ഘോഷ്' എന്ന പുസ്തകത്തിന്റെ അവതരണം എഐഡിഎസ്ഒ സംസ്ഥാനകമ്മിറ്റിഅംഗം സഖാവ് ആഷ്ന തമ്പി നടത്തി. 'മാർക്സിസത്തിന്റെയും ദ്വന്ദാത്മക ഭൗതികവാദത്തിന്റെയും സാരാംശങ്ങളിൽ ചിലത്' എന്ന പുസ്തകത്തിന്റെ അവതരണം സംസ്ഥാന കമ്മിറ്റിയംഗം സഖാവ് രെലേഷ് ചന്ദ്രൻ നടത്തി. ഈ പുസ്തകത്തെ ആധാരമാക്കി നടന്ന ഗ്രൂപ്പ് ചർച്ചകൾക്ക് മറുപടി നൽകിക്കൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോൺ സംസാരിച്ചു. എഐഡിഎസ്ഒ അഖിലേന്ത്യാ സെക്രട്ടേറിയറ്റ് അംഗം സഖാവ് ബിന്ദു ബേബി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് എസ്.അലീന അദ്ധ്യക്ഷയായിരുന്നു. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ അകിൽ മുരളി സ്വാഗതവും കെ.റഹിം കൃതജ്ഞതയും പറഞ്ഞു. ■

# സഖാവ് എസ്.സുധിലാലിന് ലാൽസലാം



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കൊല്ലം ജില്ലയിലെ മുതിർന്ന സഖാക്കളിൽ ഒരാളും മയ്യനാട് ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറിയുമായ സഖാവ് എസ്.സുധിലാൽ പെട്ടെന്നുണ്ടായ അസുഖത്തെ തുടർന്ന് മെയ് 23ന് അന്തരിച്ചു.

1970 കളുടെ ആദ്യ നാളുകളിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പ്രവർത്തനമാരംഭിച്ച സഖാവ് സുധിലാൽ സുദീർഘമായ കാലയളവിൽ പാർട്ടിയോടൊപ്പം അചഞ്ചലമായി നിലകൊള്ളുകയും ആഴത്തിലുള്ള പ്രത്യയശാസ്ത്ര ധാരണ ആർജ്ജിക്കുകയും ചെയ്തു. ജനകീയ പ്രതിരോധ സമിതി, ശാസ്ത്ര പ്രസ്ഥാനം, സേവ് എഡ്യൂക്കേഷൻ കമ്മിറ്റി തുടങ്ങിയ ജനകീയ പ്രസ്ഥാനങ്ങളുടെ ജില്ലാ സംഘാടകരിലൊരാളും കഴിഞ്ഞ നിയസഭാ തെരഞ്ഞെടുപ്പിൽ പാർട്ടിയുടെ ഇരവിപുരം മണ്ഡലം സ്ഥാനാർത്ഥിയുമായിരുന്നു സഖാവ് സുധിലാൽ.

സൗമ്യനായി സഗൗരവം സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റിയിരുന്ന സഖാവ് സുധിലാലിന്റെ വേർപാട് പാർട്ടിക്കും ജനകീയ പ്രസ്ഥാനങ്ങൾക്കും തീരാനഷ്ടമാണ്. സഖാവിനെ അനുസ്മരിച്ചുകൊണ്ട് പാർട്ടി കൊല്ലം ജില്ലാകമ്മിറ്റി മയ്യനാട് കൂട്ടിക്കടയിൽ അനുസ്മരണയോഗം നടത്തി. എസ്‌യുസിഐ(സി) കൊല്ലം ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ അദ്ധ്യക്ഷത വഹിച്ചു. പാർട്ടിയുടെ കേന്ദ്രകമ്മിറ്റിയംഗം സഖാവ് ജയ്സൺ ജോസഫ്, സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ആർ.കുമാർ, ജനകീയ പ്രതിരോധ സമിതിയുടെ പി.ഒ.സണ്ണി, ശാസ്ത്ര പ്രസ്ഥാനത്തിന്റെ ജില്ലാ ചാപ്റ്ററിന്റെ പ്രസിഡന്റ് എ.ടെന്നിസൻ, തുടങ്ങിയവർ സഖാവിനെ അനുസ്മരിച്ചുകൊണ്ട് സംസാരിച്ചു. ■

# ആലപ്പുഴ ജില്ല നിർമ്മാണതൊഴിലാളി സമ്മേളനം




സമ്മേളനം സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

കേരളത്തിലെ പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് കെ.പി.കോസലരാമദാസ് രൂപീകരിച്ച കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയന്റെ മൂന്നാം ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി അമ്പലപ്പുഴ ടൗൺ ഹാളിൽ ജില്ലാ നിർമ്മാണ തൊഴിലാളി സമ്മേളനം നടന്നു. ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ (എഐയുറ്റിയുസി) സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ.സദാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാരുടെ മുടങ്ങി കിടക്കുന്ന പെൻഷൻ ഉടൻ വിതരണം ചെയ്യാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നും, സർക്കാർ ക്ഷേമനിധി ബോർഡിന്റെ സ്ഥിരം നിക്ഷേപത്തിൽനിന്നും വായ്പ എടുത്തിട്ടുള്ള 515 കോടി രൂപാ ഉടൻ തിരികെനൽകി തൊഴിലാളികളുടെ മുടങ്ങിക്കിടക്കുന്ന ആനുകൂല്യവിതരണം നടത്താൻ സന്ദർഭമൊരുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കെസിഡബ്ള്യു ജില്ലാ പ്രസിഡന്റ് എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. എഐയുറ്റിയുസി ജില്ലാ പ്രസിഡന്റ് കെ.ആർ.ശശി, സെക്രട്ടറി പി.ആർ.സതീശൻ, വിവിധ തൊഴിലാളി വിഭാഗം നേതാക്കളായ അഡ്വ.എം.എ.ബിന്ദു, വി.ആർ.അനിൽ, കെ.പ്രതാപൻ, ആർ.അർജ്ജുനൻ തുടങ്ങിയവർ പ്രസംഗിച്ചു.

പുതിയ ഭാരവാഹികളായി എൻ.കെ.ശശികുമാർ (പ്രസിഡന്റ്), കെ.പി.മനോഹരൻ, റ്റി.കെ.ഗോപിനാഥൻ, ടി.ശശി, ടി.മധു, പി.കെ.ശശി (വൈ.പ്രസിഡന്റുമാർ) എസ്.അനിൽ പ്രസാദ് (സെക്രട്ടറി), വി.വേണുഗോപാൽ, ബിജു സേവ്യർ, സി.ബാബു, ആർ.മഹേന്ദ്രകുമാർ, കെ.ശശികുമാർ (ട്രഷറർ) എന്നിവരെയും 31 അംഗ ജില്ലാ കമ്മറ്റിയേയും സമ്മേളനം തെരെഞ്ഞെടുത്തു. ■

# സഖാവ് എൻ.സി.കുഞ്ഞുകുഞ്ഞിന് ലാൽസലാം



പത്തനംതിട്ട-കോട്ടയം ജില്ലകളുടെ അതിർത്തി പങ്കിടുന്ന ആഞ്ഞിലിത്താനത്ത് 1990 കളുടെ തുടക്കംമുതൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പ്രവർത്തകനായിരുന്ന സഖാവ് എൻ.സി. കുഞ്ഞുകുഞ്ഞ് മെയ് 23ന് നിര്യാതനായി. പാൻക്രിയാസ് കാൻസർ ബാധിതനായി ചികിത്സയിലായിരുന്നു. പാർട്ടി സഖാക്കളുടെയും വലിയൊരു ജനാവലിയുടെയും സാന്നിധ്യത്തിൽ സംസ്കാരം നടന്നു.

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കോട്ടയം ജില്ലാ സെക്രട്ടറി മിനി കെ.ഫിലിപ്പ് അനുസ്മരണ പ്രഭാഷണം നടത്തി. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എസ്.രാജീവൻ, സംസ്ഥാന കമ്മിറ്റിയംഗം സഖാവ് പി.എൻ.തങ്കച്ചൻ, സഖാക്കൾ റ്റി.ജെ.ജോണിക്കുട്ടി, കെ.എൻ.രാജൻ, കെ.എസ്.ശശികല എന്നിവരും സന്നിഹിതരായിരുന്നു. ■




മദ്യം കുത്തിയൊഴുക്കുന്ന മദ്യനയം പിൻവലിക്കുക, പുതിയ മദ്യശാലകൾ ആരഭിക്കരുത് തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മെയ് 26 മുതൽ ജൂൺ 26വരെ അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന നടത്തുന്ന സമരപരിപാടികളുടെ ഭാഗമായുള്ള ഒപ്പുശേഖരണം അമ്പലപ്പുഴയിൽ. കെ.ജെ.ഷീല, പി.കെ.സുബൈദ, റോസ്മി, രാധാമ്മ എന്നിവർ പ്രസംഗിച്ചു.

# ആശ വർക്കർമാരുടെ കോട്ടയം ജില്ലാ കൺവൻഷൻ

കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലാ സമര പ്രഖ്യാപന കൺവൻഷൻ നടന്നു. സംസ്ഥാന പ്രസിഡന്റ് വി.കെ. സദാനന്ദൻ ഉദ്ഘാടനം ചെയ്തു.

"ആദരവിനോടൊപ്പം വേതനവും വേണ"മെന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് നടന്ന കൺവൻഷനിൽ പി. ഷൈനി അദ്ധ്യക്ഷത വഹിച്ചു. ആശ വർക്കർമാരെ ആരോഗ്യ വകുപ്പിൽ സ്ഥിരപ്പെടുത്തുക, അതുവരെ 21,000 രൂപ മിനിമം വേതനം നൽകുക, എല്ലാ മാസവും 5-ാം തീയതിക്കുള്ളിൽ വേതനം നൽകുക തുടങ്ങിയ ആവശ്യങ്ങൾ മുന്നോട്ടുവെക്കുന്ന പ്രമേയം കൺവൻഷൻ അംഗീകരിച്ചു.

ജൂലൈ ആദ്യവാരം നടത്തുന്ന സമരത്തിന്റെ പ്രഖ്യാപനം സംസ്ഥാന ജനറൽ സെക്രട്ടറി എം.എ. ബിന്ദു നിർവ്വഹിച്ചു. ജില്ലാ സെക്രട്ടറി ആശാരാജ്, റോമിലി അതിരമ്പുഴ, ദീപ മനോജ് മൂന്നിലവ്, ഷൈനി വിജയൻ മുണ്ടക്കയം, കെ.എസ്.രാധ കുമാരനല്ലൂർ തുടങ്ങിയവർ പ്രസംഗിച്ചു. പി. ഷൈനി പ്രസിഡന്റും ആശാരാജ് സെക്രട്ടറിയുമായി 39 അംഗ ജില്ലാ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു. ■

# 29-ാമത് കുട്ടികളുടെ സംസ്ഥാന ക്യാമ്പ്

കുട്ടികളിൽ ഉയർന്ന അഭിരുചിയും ജീവിതവീക്ഷണവും സാമൂഹ്യ അവബോധവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടു കൂടി, "നാടിൻ ശ്രേഷ്ഠ സന്താനങ്ങളാകു നാം" എന്ന ആദർശവാക്യത്തെ മുൻനിർത്തി പ്രവർത്തിച്ചുവരുന്ന കുട്ടികളുടെ സാംസ്കാരിക പ്രസ്ഥാനമായ പ്രചോദനയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ സംസ്ഥാന ക്യാമ്പ് മെയ് 23,24,25 തീയതികളിൽ നടന്നു. പ്രചോദന സംഘടിപ്പിക്കുന്ന 29-ാമത് ക്യാമ്പാണ് ഓതറ സിഎസ്ഐ സെന്ററിൽ നടന്നത്.

കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ സംസ്ഥാന ജനറൽ കൺവീനറും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ എസ്.രാജീവൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. നേതാജി സുഭാഷ് ചന്ദ്രബോസ്, രാജാ റാം മോഹൻറായ്, മാർട്ടിൻ ലൂഥർകിംഗ്, സാവിത്രിഭായ് ഫൂലേ തുടങ്ങിയ മഹദ്‌വ്യക്തിത്വങ്ങളുടെ ജീവിതവും സമരവും, കുമാരനാശാന്റെ കവിതകളും എസ് കെ പൊറ്റക്കാടിന്റെ ഒരു തെരുവിന്റെ കഥയും ക്യാമ്പിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുകയുണ്ടായി. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ താളം, ശാസ്ത്രത്തിന്റെ സമീപനം എന്നിവയും ക്യാമ്പിൽ ചർച്ചയ്ക്കെടുക്കപ്പെട്ടു. ഒപ്പം സംഗീതം, ചിത്രരചന, നാടകം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിശീലനകളരികളുമുണ്ടായിരുന്നു.

മിനി കെ.ഫിലിപ്പ്, എൻ.കെ. ബിജു, കെ.എം.ബീവി, എം.കെ. ഉഷ, എസ്.മിനി, ബിനു ബേബി, സൗഭാഗ്യകുമാരി, വിദ്യ ആർ. ശേഖർ, അരവിന്ദ് വേണുഗോപാൽ, എം.കൃഷ്ണകുമാർ, ഇ.വി.പ്രകാശ്, പി.പി.സജീവ് കുമാർ, മേധ സുരേന്ദ്രനാഥ്, ഷൈല കെ.ജോൺ, കെ.സദാനന്ദൻ, ഇ.ജെ.റോയിച്ചൻ, എൻ.ജി.സുരേഷ് കുമാർ, എസ്.അനന്തഗോപാൽ, മഹേഷ് കുമാർ, വി. വേണുഗോപാൽ, പി. കെ.പ്രഭാഷ്, ഡോ. എസ്.അലീന, പ്രൊഫ.പി.എൻ.തങ്കച്ചൻ, പി. ജി.ശശികുമാർ, ജെ.മാനവ്, ശ്രീകാന്ത് വേണുഗോപാൽ, പ്രതീഷ് ജയിംസ് എന്നിവർ ക്ലാസ്സുകൾക്കും ശിൽപ്പശാലകൾക്കും നേതൃത്വം നൽകി.

ടി.കെ.സുധീർകുമാർ സമാപന സന്ദേശം നൽകി. സമാപന സമ്മേളനത്തിൽ ഹെലൻ തമ്പി അദ്ധ്യക്ഷതവഹിച്ചു. നവീൻ കോശി സ്വാഗതവും തിങ്കൾ അനിൽ കൃതജ്ഞതയും രേഖപ്പെടുത്തി. അശ്വതി അശോക് അവതരിപ്പിച്ച സംസ്ഥാന സർക്കാരിന്റെ സിൽവർലൈൻ പദ്ധതിക്കെതിരെയുള്ള പ്രമേയം സമാപനസമ്മേളനം ഐകകണ്ഠ്യേന പാസ്സാക്കി. പ്രമേയത്തെ പിന്തുണച്ച് പ്രണവ് സന്തോഷ്, അച്ചുകൃഷ്ണ, സാം ഷാജി എന്നിവർ പ്രസംഗിച്ചു. ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമാപന സമ്മേളനത്തിൽ വിതരണം ചെയ്തു. ക്യാമ്പ് സമാപിപ്പിച്ചുകൊണ്ട് ഓതറ കവലയിൽ റാലിയും സമ്മേളനവും നടന്നു.

പ്രചോദനയുടെ മുൻകൈയിൽ നടന്നുവരുന്ന നിരവധിയായ പ്രവർത്തനങ്ങളുടെ ഭാഗമാണ് മദ്ധ്യവേനലവധിക്കാലത്തെ സംസ്ഥാന ക്യാമ്പ്. ജില്ലാ പ്രാദേശിക ക്യാമ്പുകൾ, വിനോദയാത്രകൾ, പഠനപരിപാടികൾ, സിനിമ പ്രദർശനങ്ങൾ, ടെലസ്കോപ്പിലൂടെയുള്ള വാനനിരീക്ഷണപരിപാടികൾ, ടെലസ്കോപ്പ് നിർമ്മാണം, പരീക്ഷണങ്ങളിലൂടെയുള്ള ശാസ്ത്രപഠനം, സംഗീതം, നാടകം, ചിത്രരചന തുടങ്ങിയവയിലുള്ള നിരന്തര പരിശീലനങ്ങൾ, സംഗീതക്കൂട്ടായ്മകൾ, കായികപരിശീലനങ്ങൾ തുടങ്ങി കുട്ടികളുടെ വ്യക്തിത്വവികാസത്തെയും സ്വഭാവരൂപവത്ക്കരണത്തെയും സഹായിക്കുന്ന നിരവധി പരിപാടികൾ പ്രചോദന സംഘടിപ്പിച്ചുവരുന്നു. ജില്ലാ, പ്രാദേശിക തലങ്ങളിൽ നടന്നുവരുന്ന സംരംഭങ്ങൾക്ക് പരിസമാപ്തി കുറിച്ചുകൊണ്ടാണ് വാർഷികക്യാമ്പ് സംഘടിപ്പിക്കപ്പെടുന്നത്. ■


കുട്ടികളുടെ ക്യാമ്പിന്റെ സമാപനത്തോടനുബന്ധിച്ച് ഓതറ ജംഗ്ഷനിൽ നടന്ന റാലി

## കൂട്ടിക്കൽ പ്രളയബാധിതരുടെ പ്രതിഷേധ സംഗമം

പ്രളയബാധിതരുടെ പുനഃരധിവാസം ഉറപ്പാക്കുക, ബാങ്ക് വായ്പകൾ സർക്കാർ ഏറ്റെടുക്കുക, തകർന്ന പാലങ്ങളും റോഡുകളും ഉടൻ പുനർനിർമ്മിക്കുക, കൂട്ടിക്കൽ പ്രൈമറി ഹെൽത്ത് സെന്ററിൽ 24മണിക്കൂറും ചികിത്സ ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കൂട്ടിക്കൽ ചപ്പാത്തിൽ പ്രളയബാധിതരുടെ അതിജീവന കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധസംഗമം നടന്നു. സംഗമം കെ റെയിൽ സമരസമിതി സംസ്ഥാന ചെയർമാൻ എം.പി. ബാബുരാജ് ഉദ്ഘാടനം ചെയ്തു.

എൻഎപിഎം സംസ്ഥാന കോർഡിനേറ്റർ പ്രൊഫ. കുസുമം ജോസഫ്, മിനി.കെ. ഫിലിപ്പ്, മാക്കോച്ചി സമരസമിതി നേതാവ് പി.ജെ. വർഗ്ഗീസ്, പൗരസമിതി കൺവീനർ ഇ.എ. കോശി, പ്രസ് ക്ലബ് സെക്രട്ടറി നൗഷാദ് വെംബ്ലി, കെറെയിൽ സമരസമിതി സംസ്ഥാന കൺവീനർ എസ്.രാജീവൻ, അതിജീവന കൂട്ടായ്മയുടെ രക്ഷാധികാരി വി.പി.കൊച്ചുമോൻ, പ്രതികരണം കൃഷ്ണൻകുട്ടി, എന്നിവർ പ്രസംഗിച്ചു. അതിജീവന കൂട്ടായ്മയുടെ ചെയർമാൻ പി.പി. അനുജൻ അദ്ധ്യക്ഷത വഹിച്ചു. ഗോപി മാടപ്പാട്ട് സ്വാഗതം പറഞ്ഞു. കൺവീനർ ബെന്നി ദേവസ്യ നന്ദി പറഞ്ഞു. ■


പ്രതിഷേധ സംഗമം എം.പി.ബാബുരാജ് ഉദ്ഘാടനം ചെയ്യുന്നു

# സേവ് എഡ്യൂക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് നടയിൽ അക്ഷരമാല പഠനസമരം

സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംഘടിപ്പിച്ച അക്ഷരമാല സമരം സെക്രട്ടേറിയറ്റ് നടയിൽ സംസ്ഥാന ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ.എം.ആർ.തമ്പാൻ ഉദ്ഘാടനം ചെയ്തു. അക്ഷരമാല ഒഴിവാക്കിയത് അക്ഷരജ്ഞാനം നിഷേധിക്കാനാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജൂൺ ഒന്നിന് സ്കൂൾ തുറക്കുമ്പോൾ പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉണ്ടാകുമെന്ന് വിദ്യാഭ്യാസ മന്ത്രി ഉറപ്പുനൽകിയിരുന്നു. എന്നാൽ, പുതിയ അധ്യയനവർഷം തുടങ്ങിക്കഴിഞ്ഞു. അക്ഷരമാല എവിടെ? അദ്ദേഹം ചോദിച്ചു.

മലയാളത്തിലെ 'അ' മുതലുള്ള സ്വരാക്ഷരങ്ങൾ ബ്ലാക്ക് ബോർഡിൽ എഴുതി അക്ഷരമാല പഠന ക്യാമ്പയിന് തുടക്കം കുറിച്ചത് പ്രൊഫ.നടുവട്ടം ഗോപാലകൃഷ്ണൻ. അക്ഷരമാല പഠിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് തെരുവിൽ സമരം നടത്തേണ്ട ദുരവസ്ഥയിലാണ് കേരളത്തിലെ ഭാഷാസ്നേഹികൾ എന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിലെന്നല്ല, ഇന്ത്യയിൽതന്നെ ആദ്യമായാണ് അക്ഷരപഠനം ആവശ്യപ്പെട്ട് തെരുവിൽ സമരം നടത്തുന്നതെന്നും ഈ സമരം ചരിത്രപരമായ പ്രാധാന്യം അർഹിക്കുന്നുവെന്നും സംസ്ഥാനഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ അസിസ്റ്റന്റ് ഡയറക്ടർ കൂടിയായ ഡോ.വിളക്കുടി രാജേന്ദ്രൻ പറഞ്ഞു.

അക്ഷരമാല ഭാഷയുടെ വാതിൽ ആണെന്നും അതിലൂടെയാണ് വിദ്യാർത്ഥികൾ ഭാഷാ ലോകത്തേക്ക് പ്രവേശിക്കുന്നതെന്നും അക്ഷരമാല പഠിപ്പിക്കാതെ സർക്കാർ ആ വാതിൽ അടച്ചിരിക്കുകയാണെന്നും ഗവൺമെന്റ് ആർട്സ് കോളേജ് മുൻ മലയാളം വകുപ്പ് മേധാവി പ്രൊഫ.ആർ.ഗോപിനാഥൻ പറഞ്ഞു. തുടർന്ന്, നടന്ന തെരുവ് അക്ഷരചിത്രങ്ങളുടെ വര മലയാളം കലിഗ്രാഫർ നാരായണഭട്ടതിരി ഉദ്ഘാടനം ചെയ്തു. ചിത്രകാരന്മാരായ പാർത്ഥസാരഥി വർമ്മ, കെ.ജി.അനിൽകുമാർ സുബിൻ എബ്രഹാം, ബിനു ബേബി എന്നിവർ നേതൃത്വം നൽകി.

പ്രൊഫ.വിശ്വമംഗലം സുന്ദരേശൻ, സുദർശനൻ കാർത്തികപറമ്പിൽ, സ്റ്റീഫൻസൺ മാത്യു, മുൻ അധ്യാപക സംഘടനാ നേതാവ് ജെ.ശശി, ബാബുക്കുട്ടി, പ്രൊഫ. പി.എൻ.തങ്കച്ചൻ, പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ, ശശാങ്കൻ, കെ.ബിമൽജി എന്നിവർ പ്രസംഗിച്ചു. എം.ഷാജർഖാൻ അധ്യക്ഷത വഹിച്ചു. പ്രൊഫ.ജോർജ്ജ് ജോസഫ് സ്വാഗതവും അഡ്വ. ഇ.എൻ. ശാന്തി രാജ് കൃതജ്ഞതയും രേഖപ്പെടുത്തി. സേവ് എഡ്യുക്കേഷൻ നേതാക്കൾ വിദ്യാഭ്യാസ മന്ത്രിയെ അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിൽ സന്ദർശിച്ച്, അക്ഷരമാലയുടെ ബോധനം ഉടൻ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടു. എം.ഷാജർഖാൻ, പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ, അഡ്വ.ഇ.എൻ.ശാന്തിരാജ് എന്നിവരാണ് പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നത്. ■



അക്ഷരമാല സമരം പ്രൊഫ.നടുവട്ടം ഗോപാലകൃഷ്ണൻ സെക്രട്ടേറിയറ്റ് നടയിൽ അക്ഷരമെഴുതി ഉദ്ഘാടനം ചെയ്യുന്നു

Volume: 49 No: 3 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.